VOL. X ISSUE 03 MAR. 2019 BELTHANGADY

## A Blessed Lent




The season of Lent is a time for the invitation to "Pause" in order to look and contemplate, to "See" the real face of Jesus and to "Return" without fear, to experience the healing and reconciling tenderness of God.

(Pope Francis, Ash Wednesday, 2018)

# UDAYADEEPA BELTHANGADY

## ಉದಯದೀಪ ಬೆಳ್ತಂಗಡಿ

## ഉദയദീപ ബെൽത്തംഗഡി

### Belthangady Diocesan Bulletin

Vol. X Issue. 03 March - 2019 Page- 68


Annual Subscription: Rs. 140-00 Single Copy: Rs. 12-00

Edited, Printed and Published, by Fr. Joseph Valiaparambil
Bishop's House, Udayanagar, P.B. No.13
Belthangady - 574 214, D.K., Karnataka, India.
Printed at Shree Raghavendra Printers, Ujire-574 240

Website: www.belthangadydiocese.com
Email : udayadeepabel@gmail.com
Tel.: 08256-232439, 233975

# *March - 19*

# *Feast of St. Joseph*



"Joseph is a "protector" because he is able to hear God's voice and be guided by his will; and for this reason he is all the more sensitive to the persons entrusted to his safekeeping. He can look at things realistically, he is in touch with his surroundings, he can make truly wise decisions. In him, dear friends, we learn how to respond to God's call, readily and willingly." (Pope Francis, March 19,2013)

# CONTENTS


| | | |
|---|---|---|
| 1. | Circular No. 1/2019 | 6 |
| 2. | Circular No. 2/2019 | 9 |
| 3. | Circular No. 3/2019 | 12 |
| 4. | Circular Prot. No. 0383/2019 : Mar George Alencherry | 16 |
| 5. | Message on World Day of Sick : Pope Francis | 26 |
| 5. | Notifications from the Chancellery | 31 |
| 6. | A Document on Human Fraternity : Pope Francis | 35 |
| 6. | Gaudete et Esultate : Pope Francis | 44 |
| 7. | Catechism Department News | 50 |
| 8. | Social Service Department | 54 |
| 9. | Family Apostolate | 58 |
| 10. | Youth Apostolate (SMYM) | 58 |
| 11. | Sauharda Vedike | 62 |
| 12. | Bishop's Diary | 65 |
| 13. | Programme of the Bishop | 67 |




**Circular.No. 1/2019**

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

നമ്മുടെ ആത്മശരീര വിശുദ്ധിക്കുവേണ്ടി തീവ്ര പരിശ്രമം നടത്തുവാൻ ആഹ്വാനം ചെയ്തുകൊണ്ട് വലിയനോമ്പ് വീണ്ടും സമാഗതമാവുകയാണ്. നമ്മെ രക്ഷിക്കുവാൻവേണ്ടി നമ്മുടെ കർത്താവ് സഹിച്ച കഠിന വ്യാകുലത്തെയും അതുവഴി അവിടുന്ന് നമ്മോട് കാണിച്ച വലിയ സ്നേഹത്തെ ധ്യാനിക്കുവാനും പ്രതിസ്നേഹമായി പൂർണ്ണ വിശുദ്ധിക്കുവേണ്ടി പരിശ്രമിക്കുവാനുമുള്ള നാളുകളാണ് വലിയനോമ്പു കാലം.എല്ലാവർക്കും ഫലപ്രദമായ നോമ്പുകാലം ആശംസിക്കുന്നു.

നമ്മുക്ക് ജീവനുണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകാനുമാണ് (യോഹന്നാൻ 10 : 10) നമ്മുടെ കർത്താവായ മിശിഹ ലോകത്തിലേക്ക് വന്നത്. ദൈവിക ജീവൻ നഷ്ടപ്പെടുത്തി നരകത്തിന് അർഹരായി തീർന്ന നമ്മുക്ക് നിത്യജീവൻ അവിടുന്ന് സാധിച്ച് തന്നത് തന്റെ പീഢാസഹനവും മരണവും വഴിയാണ്. പിതാവായ ദൈവത്തെ പരിപൂർണ്ണമായി അവിടുന്ന് അനുസരിച്ചു. അത് കുരിശുമരണം വരെ സ്വീകരിച്ചുകൊണ്ടാണ് (ഫിലിപ്പി 2 : 7 - 8). ഈശോ മിശിഹയുടെ പീഢാസഹനം നമ്മുക്ക് രക്ഷയ്ക്ക് കാരണമാകുന്നതോടൊപ്പം ദൈവഹിതം നിറവേറ്റുവാൻ നാമും കുരിശെടുത്ത് അവിടുത്തെ അനുഗമിക്കണമെന്ന് നമ്മെ അനുസ്മരിപ്പിക്കുന്നു.കുരിശില്ലാതെ രക്ഷ നേടുക അസാദ്ധ്യം.

നമ്മുടെ ഇഹലോകജീവിതം നിത്യരക്ഷ പ്രാപിക്കുവാനുള്ള ഒരുക്കത്തിന്റെ ജീവിതമാണ്. ദൈവത്തെ പൂർണ്ണ മനസ്സോടും, പൂർണ്ണ ആത്മവോടും, പൂർണ്ണ ശക്തിയോടും കൂടി സ്നേഹിച്ചുകൊണ്ടും ,അയല്ക്കാരനെ നമ്മെ പോലെ തന്നെ സ്നേഹിച്ചുകൊണ്ടുമാണ് നിത്യരക്ഷനേടേണ്ടത് (ലൂക്കാ 10 : 27). എന്നാൽ നമ്മുടെ ഈ ജീവിതയാനത്തിൽ നമ്മെ ദൈവത്തിൽ നിന്ന് പിന്തിരിപ്പിക്കുവാനായി ലോകവും, പിശാചും, ശരീരവും നമ്മുക്കെതിരെ നിരന്തരം പടപൊരുതികൊണ്ടിരിക്കുന്നു. അവ നമ്മുക്ക് പ്രതിബന്ധങ്ങൾ സൃഷ്ടിച്ചുകൊണ്ട് നമ്മെ ദൈവത്തിൽ നിന്ന് അകറ്റുന്നു. ഈ ത്രിവിധ ശത്രുക്കളോട് നിരന്തരമായി പോരാടേണ്ടതുണ്ട്. ഇതിന് നമ്മുക്ക് വലിയ ആത്മബലം ആവശ്യമാണ്. ഈ ആത്മബലം നേടിയെടുക്കാൻ തിരുസഭാ മാതാവ് നമുക്ക് ഉപദേശിച്ച് തരുന്നത് ഉപവാസവും, പ്രാർത്ഥനയും, ദാനധർമ്മവുമാണ്. പിതാവായ ദൈവം തന്നെ ഏൽപ്പിച്ച ദൗത്യം ആരംഭിക്കുന്നതിൻ മുമ്പ് നമ്മുടെ കർത്താവിശോമിശിഹാ നാല്പതു രാവും, നാല്പതു പകലും ഉപവസിച്ചത് നാം ഓർക്കണം (മത്തായി 4 : 2). ഉപവാസത്തിനു ശേഷം അവിടുന്ന് പരിശുദ്ധാത്മാവിന്റെ ശക്തിയോടു കൂടി ഗലീലിയിലേക്ക് മടങ്ങിപോയി ദൗത്യം ആരംഭിച്ചു. (ലൂക്കാ 6 :



14). ഇത് നമ്മെ പഠിപ്പിക്കുന്നത് പരിശുദ്ധാത്മശക്തി നിറയാനും വിശുദ്ധ ജീവിതം നയിക്കുവാനും ദൈവം നമ്മെ ഏൽപ്പിക്കുന്ന ഉത്തരവാദിത്വങ്ങൾ നിഷ്ടയോടെ നിർവ്വഹിക്കുവാനും ഉപവാസവും പ്രാർത്ഥനയും അത്യാവശ്യമാണ്.

വലിയ നോമ്പുകാലം സവിശേഷമായ ഉപവാസ പ്രാർത്ഥന വഴി ആത്മ ശക്തി നേടുവാനുള്ള കാലമാണ്. ഈ കാലത്ത് ഈശോയുടെ പീഢാനുഭവത്തെ കുറിച്ച് ആഴത്തിൽ ധ്യാനിക്കുകയും ദൈവസ്നേഹത്തിലും ദൈവജ്ഞാനത്തിലും വളരുകയും വേണം. തിരുസഭാ മാതാവ് സ്നേഹത്തോടെ ഈ കാലം നമുക്ക് വേർതിരിച്ച് തരുന്നത് നമ്മുടെ രക്ഷക്കുവേണ്ടി തീവ്രമായി പ്രയത്നിക്കനാണ്.

വലിയ നോമ്പു ശ്രദ്ധയോടെ ആചരിക്കുന്ന നല്ല പതിവ് നമുക്കുണ്ട്. അത് ഈ വർഷവും കുറവ് കൂടാതെ ആചരിക്കണമെന്ന് താൽപര്യപ്പെടുന്നു. 2019 മാർച്ച് 3 തീയതി ഞായറാഴ്ച്ച പാതിരാമുതൽ ഏപ്രിൽ 21 വരെയാണ് ഈ വർഷത്തെ വലിയ നോമ്പ്. മാർച്ച് 4 ന് വിഭൂതി തിരുനാളും ഏപ്രിൽ 21 - ന് ഉയിർപ്പു തിരുനാളുമാണ്. ഈ നോമ്പ് കാലത്ത് വിവാഹ ആഘോഷങ്ങൾ മുടക്കിയിരിക്കുന്നു. ഇത് മാംസവർജ്ജനത്തിന്റെ കാലമാണ്. നോമ്പ്കാലം ഏറെ ശ്രദ്ധയോടെ ആചരിക്കുവാൻ ബഹു. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ പാരിഷ് കൗൺസിൽ അംഗങ്ങൾ മുൻ കൂട്ടി പ്ലാൻ ചെയ്യേണ്ടതാണ്. എല്ലാ ദിവസവും സാധിക്കുന്ന എല്ലാവരും വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കണം. നോമ്പ് കാലത്ത് കുമ്പസാരമെന്ന കൂദാശ ഭക്തിയോടെ സ്വീകരിക്കണം. വീടുകളിൽ എല്ലാ ദിവസവും കൂടുതൽ ഭക്തിയോടെ ജപമാലയും മറ്റ് പ്രാർത്ഥനകളും നടത്തണം. വിശുദ്ധ ലൂക്കായുടെ സുവിശേഷം ആദ്യം മുതൽ അവസാനംവരെ ഈ നോമ്പ് കാലത്ത് വായിക്കുന്നത് ഏറെ നല്ലതാണ്. ഒരോ ദിവസവും ഒരു അദ്ധ്യായത്തിന്റെ പകുതി വായിച്ചാൽ നോമ്പ് കാലത്ത് ആ സുവിശേഷം മുഴുവനും വായിക്കാൻ സാധിക്കും. സാധിക്കുന്നവർ എല്ലാ വെള്ളിയാഴ്ചകളിലും ഉപവാസമെടുക്കുന്നത് നല്ലതാണ്. അന്നേ ദിവസം കുരിശിന്റെ വഴി നടത്തുന്നതും ഏറെ ഫലപ്രദമാണ്. മുൻ കാലങ്ങളിൽ നോമ്പിന്റെ എല്ലാ ദിവസവും കുടുംബങ്ങളിൽ പാന വായിക്കുമായിരുന്നു; അത് നോമ്പിന്റെ ചൈതന്യം കുടുംബത്തിൽ നിലനിർത്താൻ സഹായിച്ചിരുന്നു. കുടുംബങ്ങളിൽ പാന വായവ പ്രോത്സാഹിപ്പിക്കേണ്ടതാണ്. നോമ്പു കാലത്ത് ഇഷ്ട ഭോജ്യങ്ങൾ ഒഴിവാക്കിയും ത്യാഗപ്രവൃത്തികൾ ചെയ്തും ശരീരത്തിന്റെ ദുർവാസനകളെ നിയന്ത്രിക്കാൻ സാധിക്കണം. മാംസവർജ്ജനവും ഉപവാസവും കൂടുതൽ സുകൃതങ്ങൾ അഭ്യസിക്കാനുള്ള മാർഗ്ഗങ്ങളാണ്. മുതിർന്നവർ സൽകൃത്യങ്ങൾ കൂടുതൽ ചെയ്യണം. അവ ചെയ്യുവാൻ കുട്ടികളെ പഠിപ്പിക്കുകയും വേണം.

കുടുംബത്തിൽ കുടുംബാംഗങ്ങൾ തമ്മിൽ പരസ്പര സ്നേഹം വർദ്ധിപ്പിക്കണം. കുഞ്ഞുങ്ങളെ പരസ്പരം സഹായിക്കുവാനും വിട്ടുവീഴ്ച്ച ചെയ്യുവാനും ത്യാഗപ്രവൃത്തികൾ ചെയ്യുവാനും പരിശീലിപ്പിക്കണം. സുകൃതങ്ങൾ ചൊല്ലുവാനും കുട്ടികളെ ശീലിപ്പിക്കണം. അയൽപക്കകാർ തമ്മിൽ ഏന്തെങ്കിലും തർക്കമോ വൈരാഗ്യമോ ഉണ്ടെങ്കിൽ അവയൊക്കെ ദൈവസ്നേഹത്തെ പ്രതി ക്ഷമിച്ചും പൊറുത്തും അനുരഞ്ജനത്തിന്റെ അന്തരിക്ഷം സൃഷ്ടിക്കണം. വാക്കുകൾ സ്നേഹമസ്ർണ്ണവും വിനയവിധവുമായിരിക്കണം. നോമ്പു കാലത്ത് ദാനധർമ്മം ചെയ്യുവാൻ കൂടുതൽ ശ്രദ്ധിക്കണം.

പള്ളികളിൽ എല്ലാ വെള്ളിയാഴ്ചകളിലും, ഞായറാഴ്ചകളിലും വിശുദ്ധ കുർബ്ബാനക്കു മുൻപോ, അതിനുശേഷമോ കുരിശിന്റെ വഴി നടത്തണം. വെള്ളിയഴ്ചകളിൽ പരിശുദ്ധ കുർബ്ബാനയുടെ ആരാധന നടത്താവുന്നതാണ്. വാർഡ് യോഗങ്ങളും, പ്രാർത്ഥനകളും കൂടുതൽ സജീവമാക്കണം. 40 -ാം വെള്ളിയാഴ്ച ദേവഗിരി, ഹെഗ്ഗള, മുദൂർ എന്നീ സ്ഥലങ്ങളിൽ നടക്കുന്ന മലകയറ്റത്തിൽ ഒരുങ്ങി പങ്കെടുക്കുന്നത് നല്ലതാണ്. വീടുകളിലും പള്ളികളിലും നോമ്പു കാലം ഏറെ വിശുദ്ധിയോടെ ആചരിച്ച് ആത്മവിശുദ്ധീകരണം നേടുവാൻ ഈ നോമ്പുകാലത്ത് നമുക്ക് പരിശ്രമിക്കം.

''ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെതന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ'' (മത്തായി 16 : 24). എന്ന് അരുളി ചെയ്ത നമ്മുടെ കർത്താവ് ഈ നോമ്പ് കാലം അനുഗ്രഹപ്രദമായി ആചരിക്കാൻ നമ്മെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് +പിതാവിന്റേയും + പുത്രന്റെയും +പരിശുദ്ധാത്മാവിന്റേയും + നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി — + മാർ ലോറൻസ് മുക്കുഴി
02-02-2019 — ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB :** ഈ സർക്കുലർ 24-02-2019 ഞായറാഴ്ച്ച എല്ലാ കുർബ്ബാന മദ്ധ്യേയും വായിക്കേണ്ടതാണ്.



**Circular.No. 2/2019**

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

ക്രൈസ്തവ ജീവിതത്തിന്റെ മുഖമുദ്ര സ്നേഹമാണ്. ''നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരണെന്ന് അത് മൂലം എല്ലാവരും അറിയും'' എന്നാണ് ഈശോ നാഥൻ അരുളിചെയ്തത് (യോഹന്നാൻ 13 : 35). ഈ സ്നേഹം വാക്കിലും പ്രവൃത്തിയിലും സത്യത്തിലുമാണ് പ്രകടമാകേണ്ടത്(1 യോഹന്നാൻ 2: 18). നമ്മുടെ രൂപതയിലുള്ള ജീവകാരുണ്യ പ്രവർത്തനത്തെകുറിച്ചാണ് ഞാൻ നിങ്ങൾക്ക് എഴുതുന്നത്.

നമ്മുടെ ഇടയിലെ പാവങ്ങളെ സഹായിക്കാൻ നമ്മുക്ക് കടമയുണ്ട്. പാവങ്ങളെ സഹായിക്കുന്നത് ദൈവത്തിന് ഏറെ പ്രിയപ്പെട്ടതും സമൃദ്ധമായി അനുഗ്രഹം ലഭിക്കുന്നതുമായ പ്രവൃത്തിയാണ്. പാവപ്പെട്ടവരെ സഹായിക്കുക എന്നത് ഈശോയെ തന്നെ സഹായിക്കുന്നതാണ് (മത്തായി 25 : 40). പാവപ്പെട്ടവരിൽ ഈശോയെ ദർശിക്കുകയും അവർക്ക് സാധിക്കുന്ന സഹായങ്ങൾ ചെയ്ത്കൊടുക്കുകയും ചെയ്തത് വഴിയാണ് മദർ തെരേസയെ പോലുള്ളവർ ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ സ്വീകാര്യരായിതീർന്നത്!

നമ്മുടെ രൂപതയുടെ ആരംഭം മുതൽ സാധുക്കളെ സാധിക്കുന്നത് പോലെ സഹായിക്കാൻ നാം ശ്രദ്ധിച്ചിട്ടുണ്ട്. നമ്മുടെ ഒരോ ഇടവകകളിലും സാധു ജന സേവന പരിപാടികൾ നടക്കുന്നുണ്ട് എന്ന് അറിയുന്നതിൽ സന്തോഷിക്കുന്നു. നമ്മുടെ ഡി. കെ. ആർ. ഡി. എസ് മുഖേനയും, രൂപത കേന്ദ്രത്തിൽ നിന്ന് നേരിട്ടും ഒട്ടേറെ പാവങ്ങൾക്ക് സാന്ത്വനം എത്തിക്കാൻ നമ്മുക്ക് ദൈവാനുഗ്രഹത്താൽ സാധിച്ചിട്ടുണ്ട്. എല്ലാ വർഷവും നമ്മുടെ രൂപതയിലെ സാധുകുട്ടികളെ പഠിപ്പിക്കാൻ സഹായിക്കുവാൻ നാം ശ്രദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം 315 പാവപ്പെട്ട കുട്ടികളെ പഠത്തിനായി നമ്മുക്ക് സഹായിക്കാൻ സാധിച്ചു. നമ്മുടെ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയും സാധുജന സേവനം ഭംഗിയായി നടത്തി വരുന്നു. ഇതിനു പുറമേ നമ്മുടെ ജീവകാരുണ്യ ഫണ്ട് വഴി നമ്മുടെ രൂപതയിലെ അനേകം രോഗികൾക്കും പാവപ്പെട്ട കുട്ടികൾക്കും മറ്റ് സാധുകൾക്കും സഹായം ചെയ്യുവാൻ നമ്മുക്ക് സാധിച്ചിട്ടുണ്ട്.

കഴിഞ്ഞ വർഷം നിങ്ങൾ ജീവകാരുണ്യ ഫണ്ടിലേക്ക് സ്നേഹ പൂർവ്വം സംഭാവന ചെയ്തതിന് നന്ദി പറയുന്നു. കഴിഞ്ഞ വർഷം ജീവ കാരുണ്യ ഫണ്ട് ഇനത്തിൽ നിങ്ങൾ സമ്മാനിച്ച മൊത്തം തുക 8,97,784 രൂപയാണ്. അതിൽ 3,84,241.18 രൂപ പാവപ്പെട്ട 166 രോഗികളെ ചികിത്സി ക്കാനും, 92.500 രൂപ 12 സാധു യുവതികൾക്ക് വിവാഹത്തിനായും, 2,46,320.00 രൂപ പാവപ്പെട്ട 53 കുട്ടികളെ പഠിപ്പിക്കാനും, 1,47,820.00 രൂപ പാവപ്പെട്ട 22 പേർക്ക് വീടുവെക്കുവാനും, 14,692.40 രൂപ പാവപ്പെട്ടവ രുടെ ആവശ്യങ്ങളിൽ സഹായിക്കുവാനുമായി കൊടുത്തു. അങ്ങനെ കഴിഞ്ഞ വർഷം നിങ്ങൾ തന്ന ജീവകാരുണ്യ ഫണ്ട് വഴി നമ്മുടെ രൂപ തയിലെ പാവപ്പെട്ട 263 പേരെ സഹായിക്കുവാൻ നമുക്ക് സാധിച്ചു. ഇനിയും 12,210.42 രൂപ മത്രമെ നീക്കിബാക്കിയുള്ളു. അനേകം പാവ പ്പെട്ടവർ സഹായത്തിനായി അനുദിനവും എന്നെ സമീപിക്കുന്നുണ്ട്, അവരെ സഹായിക്കണമെങ്കിൽ നിങ്ങൾ തന്നാൽ മാത്രമേ എനിക്ക് സാധിക്കുകയുള്ളു.

എല്ലാ വർഷവും കുടുംബ ജീവിതകാരുടെ മദ്ധ്യസ്ഥനായ വി. യൗസേപിതാവിന്റെ മരണ ത്തിരുനാളായ മാർച്ച് 19 നോട് അനുബന്ധി ച്ചുള്ള ഞായറാഴ്ചയാണ് ജീവകാരുണ്യ ഫണ്ട് നാം ശേഖരിക്കു ന്നത്. അതുകൊണ്ട് നിങ്ങളുടെ പക്കൽ എത്തിക്കുന്ന കവറിൽ ഒരു ദിവസത്തെ വരുമാനത്തിൽ കുറയാത്ത തുക നിക്ഷേപിച്ച് പൂരിപ്പിച്ച കൗണ്ടർ ഫോയിൽ (Counter Foil) സഹിതം 24-3-2019 ഞായറാഴ്ച കുർബ്ബാനക്ക് വരുമ്പോൾ കൊണ്ടു വന്ന് ബഹു. വികാരിയച്ചനെ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.നിങ്ങൾ നല്കുന്ന സംഭാവന ദൈവത്തിന് ഏറെ പ്രിയങ്കരമാണെന്നും നോമ്പുകാലത്ത് നിങ്ങൾ ചെയ്യുന്ന സൽകൃത്യങ്ങളുടെ പട്ടികയിൽ ഇതിന് വലിയ സ്ഥാനമു ണ്ടെന്നും നല്ല ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കുമെന്നും സന്തോഷത്തോടെ അറിയിക്കുന്നു. നിങ്ങളുടെ ഉദാരമായ സംഭാവ നയാണ് സാധുകളെ സഹായിക്കാൻ എന്നെ ശക്തിപ്പെടുത്തുന്നത് എന്ന് ഞാൻ ഏറ്റ് പറയുന്നു. എല്ലാവരുടെയും അകമഴിഞ്ഞ സഹക രണം ഞാൻ പ്രതീക്ഷിക്കുന്നു. ലഭിക്കുന്ന തുക തന്നവരുടെ ലിസ്റ്റ് സഹിതം ഏപ്രിൽ - 7 ന് മുമ്പ് രൂപതാ കേന്ദ്രത്തിൽ എത്തിക്കുവാൻ ആവശ്യമായത് ചെയ്യണമെന്ന് ബഹു. വികാരിയച്ചൻമരോട് അഭ്യർത്ഥി ക്കുന്നു.



"ദാനധർമ്മം മരണത്തിൽനിന്നു രക്ഷിക്കുന്നു; അതു സകല പാപ ങ്ങളും തുടച്ചു നീക്കുന്നു. പരോപകാരവും നീതിയും പ്രവർത്തിക്കു ന്നവർ ജീവിതത്തിന്റെ പൂർണ്ണത ആസ്വദിക്കും"(തോബിത് 12 : 9) എന്ന തിരുവചന പ്രകാരം ദാനധർമ്മം ചെയ്യുവാനും ജീവിതത്തിന്റെ പൂർണ്ണത ആസ്വദിക്കുവാനും നമുക്ക് സാധിക്കട്ടേയെന്ന്

പ്രാർത്ഥിച്ചുകൊണ്ട് +പിതാവിന്റേയും + പുത്രന്റെയും +പരിശുദ്ധാത്മാവിന്റേയും + നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി
25-02-2019

+ മാർ ലോറൻസ് മുക്കുഴി
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB :** ഈ സർക്കുലർ 10-03-2019 ഞായറാഴ്ച്ച എല്ലാ കുർബ്ബാന മദ്ധ്യേയും വായിക്കേണ്ടതാണ്.

**Circular.No. 3/2019**

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

പഴയനിയമത്തിൽ ദൈവം തന്റെ പദ്ധതികൾ നടപ്പിലാക്കിയിരുന്നത് മാലാഖമാരിലൂടെയും, പ്രവാചകൻമാരിലുടെയും,ന്യായാധിപൻമാരിലുടെയും, രാജാക്കൻമാരിലുടെയുമായിരുന്നു. ചില സന്ദർഭങ്ങളിൽ അവിടുന്ന് നേരിട്ടും പ്രവർത്തിക്കുന്നതായിട്ട് നാം വേദപുസ്തകത്തിൽ വായിക്കുന്നുണ്ട്. പുതിയ നിയമത്തിൽ അവിടുന്ന് തന്റെ പുത്രനായ മിശിഹാ വഴി പ്രവൃത്തിക്കുകയും സംസാരിക്കുകയും ചെയ്തു. പുത്രനായ മിശിഹാ വഴി തന്റെ രക്ഷാകര ദൗത്യം തുടരുവാൻവേണ്ടി അപ്പസ്തോലന്മാരെ നിയമിച്ചാക്കി. അപ്പസ്തോലന്മാർ അവരുടെ പിൻഗാമികളെയും അങ്ങനെ തിരുസഭയിലുടെ ഇന്നും മിശിഹായുടെ രക്ഷാകര പ്രവർത്തനം വൈദികരുടെയും, സന്യസ്തരിലൂടെയും അല്മായ പ്രേഷിതരിലൂടെയും നടന്നുകൊണ്ടിരിക്കുന്നു.

കർത്താവ് തന്റെ ദൗത്യം നിർവ്വഹണത്തിനായി വൈദികരെയും, സമർപ്പിതരെയും തിരഞ്ഞെടുക്കുന്നു. ഇത് ഒരു പ്രത്യേക വിളിയാണ് അതിനെ നാം ദൈവ വിളിയെന്ന് വിളിക്കുന്നു. ദൈവം പ്രത്യേകം തിരഞ്ഞെടുക്കുന്നവർക്ക് മാത്രമാണ് ഈ വിളി നല്കുന്നത്. മാമ്മോദീസായിലൂടെ മിശിഹയുടെ രാജകീയ പൗരോഹിത്യത്തിൽ പങ്കുപറ്റുന്നവരാണ് എല്ലാ ക്രൈസ്തവരും. അവരെ ആത്മീയമായി ശുശ്രൂഷിക്കാൻ അവരിൽ നിന്ന് തന്നെ ചിലരെ ദൈവം പരിശീലിപ്പിച്ച് അഭിഷേകം ചെയ്ത് തന്റെ ദൗത്യത്തിനായി നിയമിച്ചാക്കുന്നു. അവരാണ് വൈദികരും,മിഷനറിമാരും. തനിക്കുവേണ്ടി മാത്രം ജീവിക്കുവാനും തന്റെ ജനത്തെ സേവിക്കുവാനുമായി ദൈവം ചിലരെ തിരഞ്ഞെടുത്ത് പരിശീലിപ്പിക്കുന്നു. അവർ അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നീ വ്രതങ്ങളെടുത്ത് ജീവിതകാലം മുഴുവനും ദൈവത്തിനും ദൈവ ജനത്തിനുമായി തങ്ങളെ തന്നെ സമർപ്പിക്കുന്നു; അവരാണ് സന്യാസിനി, സന്യാസിനികൾ. വൈദികരും, സന്യസ്തരും ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട് ദൈവത്തിനും ദൈവജനത്തിനും വേണ്ടി മാത്രം ജീവിക്കുന്നവരാണ്. ഈ ലോകത്തിലെ സുഖഭോഗങ്ങൾ ഉപേക്ഷിച്ച് ദൈവരാജ്യത്തിനുവേണ്ടി ത്യാഗ പൂർവ്വം സേവനം ചെയ്യുന്നവരാണ് അവർ. ഇവരുടെ ത്യാഗവും പ്രാർത്ഥനയും സഭയുടെ വളർച്ചക്ക് കാരണമാകുന്നു. ദൈവതിരുമുമ്പാകയും ലോകത്തിനു മുമ്പിലും ഇവരുടെ ജീവിതം അതി ശ്രേഷ്ഠമാണ്.



ദൈവം തന്റെ ശുശ്രൂഷക്കായ് ചിലരെ തിരഞ്ഞെടുത്ത് നിയമിച്ചാക്കുന്നു. ഇത് ഒരു വിളിയും, തിരഞ്ഞെടുപ്പുമാണ്. ഒരോരുത്തരെയും സംബന്ധിച്ച ദൈവവിളി അവരവർ തിരിച്ചറിയണം. ദൈവിളി തിരിച്ചറിയുവാൻ തിരുസഭ സഹായിക്കുന്നു. ഇതിനെ ദൈവവിളി പ്രോത്സാഹനം എന്നാണ് പറയുന്നത്. ദൈവവിളി പ്രോത്സാഹിപ്പിച്ച് സഭയിൽ ആവശ്യത്തിന് ശുശ്രൂഷകർ ഉണ്ടാകാൻ ശ്രമിക്കേണ്ടത് തിരുസഭയുടെ സുപ്രധാനമായ കടമകളിൽ ഒന്നാണ്. ദൈവ വിളി പ്രോത്സാഹനം തിരുസഭാമക്കളുടെ എല്ലാവരുടെയും ഉത്തരവാദിത്വമാണ്. ദൈവവിളി ഉള്ളവർ അതിന് സന്തോഷപൂർവ്വം പ്രത്യുത്തരം നല്കുകയും സ്വീകരിക്കുകയും ചെയ്ത് തങ്ങളെ തന്നെ ക്രിസ്തുവിന് സമർപ്പിക്കണം. മറ്റുള്ളവർ അവരെ എല്ലാ വിധത്തിലും സഹായിക്കുകയും വേണം.

ചെറുപ്പം മുതലേ കുഞ്ഞുങ്ങളുടെ വളർച്ചയിൽ ശ്രദ്ധിക്കുന്ന മാതാപിതാക്കൾ തങ്ങളുടെ മക്കൾക്ക് ദൈവവിളിയുടെ ലക്ഷണം കണ്ടാൽ അത് പരിപോഷിപ്പിക്കുകയും അവരെ അതിനായി മാറ്റി നിർത്തുകയും വേണം. കുഞ്ഞുങ്ങൾക്ക് ദൈവരാജ്യ ശുശ്രൂഷയുടെ മേന്മയെ കുറിച്ച് പറഞ്ഞുകൊടുക്കയും അതിൽ താൽപര്യം ജനിപ്പിക്കുകയും വേണം. ഒരു കുടുംബത്തിൽ നിന്ന് ഒരു വൈദികനോ, സമർപ്പിതയോ ഉണ്ടാകുന്നത് വലിയ ദൈവനുഗ്രഹമാണ് എന്ന് മാതാപിതാകൾ മനസ്സിലാക്കി അതിന് അനുകൂലമായ സാഹചര്യം കുടുംബത്തിൽ സൃഷ്ടിക്കണം. സ്കുളിൽ അദ്ധ്യാപകരും സിസ്റ്റേഴ്സും , ദൈവവിളി പ്രോത്സാഹിപ്പിക്കണം. ബഹു. അച്ചന്മാർ തങ്ങളുടെ ഇടവകയിൽ ദൈവവിളി പ്രോത്സാഹിപ്പിക്കണം. ദൈവവിളിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ എല്ല പ്രോത്സാഹനങ്ങളും നല്കുകയും വേണം.

പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ സീറോ മലബാർ സഭയക്ക് ഇന്ത്യയിൽ മുഴുവനും പ്രവർത്തന സ്വാതന്ത്ര്യം അനുവദിച്ചിരിക്കുകയാണ്. അതു പോലെ തന്നെ വിദേശങ്ങളിൽ നമുക്ക് അമേരിക്കയിലും, കാനഡയിലും, ഓസ്ട്രേലിയ, ഇഗ്ലംണ്ടിലും, യൂറോപ്പിലും ഒക്കെ സഭാ സംവിധാനങ്ങൾ ആയി കഴിഞ്ഞു. ലോകത്തിന്റെ മറ്റ് ഇടങ്ങളിലെക്കും നമ്മുടെ സഭയുടെ സംവിധാനങ്ങൾ വികസിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ സീറോ മലബാർ സഭയുടെ പ്രേഷിത ദൗത്യം വളരെ വലുതായി കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട്

പ്രേഷിതരുടെ ആവശ്യം വളരെയേറെ വർദ്ധിച്ചിരിക്കുകയാണ്. സീറോ മലബാർ സഭയിലെ വൈദികരുടെയും സന്യസ്തരുടെയും പ്രേഷിത ചൈതന്യവും പ്രവർത്തന ശൈലിയും എല്ലാവർക്കും ഏറെ ഇഷ്ടമാണ്. അതുകൊണ്ട് ചില സ്ഥലങ്ങളിൽ നിന്നും നമ്മുടെ വൈദികരുടെയും സിസ്റ്റേഴ്സിന്റെയും സേവനം ആവശ്യപ്പെടുന്നുണ്ട്. നമ്മുടെ സഭയുടെ ഈ ആവശ്യം കണക്കിലെടുത്ത് നമ്മുടെ മക്കളെ അതിനായി ഒരുക്കുന്നുണ്ട്. 10-ക്ലാസ്സോ അതിലുപരി വിദ്യാഭ്യാസ യോഗ്യതയോയുള്ള യുവജനങ്ങൾക്ക് തങ്ങളുടെ വിളി തിരിച്ചറിയുവാൻ സഹായിക്കുവാനായി നമ്മുടെ രൂപതയിൽ 2019 ഏപ്രിൽ 7 മുതൽ 10 വരെ ജ്ഞാനനിലയത്തിൽവച്ച് ദൈവവിളി ക്യാമ്പ് നടക്കുകയാണ്. 7-ാന് വൈകിട്ട് 4.00 മണിക്ക് ആരംഭിച്ച് 10-ന് ഉച്ചക്ക് 1.00 മണിയോട് കൂടി അവസാനിക്കുന്നതാണ്. നമ്മുടെ രൂപതയിൽ നിന്ന് വൈദികരോ, സമർപ്പിതരോ ആകുവാൻ താൽപര്യമുള്ള എല്ലാ ആൺകുട്ടികളും പെൺകുട്ടികളും (10-ക്ലാസ്സോ അതിനുപരി വിദ്യാഭ്യാസ യോഗ്യതയുള്ളവർ) ഈ ക്യാമ്പിൽ സംബന്ധിക്കേണ്ടതാണ്. ക്യാമ്പിൽ സംബന്ധിക്കാൻ വരുന്നവർ ബൈബിൾ, നോട്ട് ബുക്ക്, പേന ആവശ്യമായ ഡ്രസ്സുകൾ, ബെഡ്ഷീറ്റ്, ടോയിലറ്റ് സാധനങ്ങൾ മുതലായവയും ക്യാമ്പ് ഫീസ് ആയി 200.00 രൂപയും കൊണ്ടുവരേണ്ടതാണ്. ക്യാമ്പിന് ഇതിലും ചിലവ് വരും എന്നാൽ ഈ ക്യാമ്പ് വളരെ പ്രധാനപ്പെട്ടതായതുകൊണ്ട് ഉണ്ടാകുന്ന അധിക ചിലവ് രൂപത കേന്ദ്രത്തിൽ നിന്ന് വഹിക്കുന്നതാണ്. ക്യാമ്പിൽ പങ്കെടുക്കുന്നവർ 2019 ഏപ്രിൽ 3-ന് മുമ്പ് നമ്മുടെ മൈനർ സെമിനാരി റെക്ടർ പെരിയ ബഹു.മാത്യു ആലപ്പാട്ട് അച്ചനെ അറിയിക്കേണ്ടതാണ്. ഒരോ ഇടവകയിൽ നിന്നും എത്രപേർ ക്യാമ്പിൽ പങ്കെടുക്കുമെന്ന് (ആൺകുട്ടികളും, പെൺകുട്ടികളും വെവ്വേറെ) വിവരം ബഹു. വികാരിയച്ചൻമാർ പെരിയ ബഹു.മാത്യു ആലപ്പാട്ട് അച്ചനെ അറിയിക്കേണ്ടതാണ്.

പ്രിയപ്പെട്ടവരെ നമ്മുടെ രൂപതയ്ക്ക് ഇനിയും വൈദികരെയും സിസ്റ്റേഴ്സിന്റെയും ആവശ്യമുണ്ട്. മറ്റ് പ്രേഷിത രംഗങ്ങളിലും ,ലോകത്തെമ്പാടും പ്രേഷിതരെ ആവശ്യമുണ്ട്. നല്ല വൈദികരെയും സിസ്റ്റേഴ്സിനേയും ഞങ്ങൾക്ക് നല്കണമെന്ന് ഒരോരുത്തരും പ്രാർത്ഥിക്കുന്നതോടൊപ്പം ഇടവകകളിൽ നിന്നും സൽസ്വഭാവികളും ,നന്നായി പഠിക്കുന്നവരുമായ കുട്ടികളെ ദൈവവിളി സ്വീകരിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ക്യാമ്പിലേക്ക് പറഞ്ഞ് അയയ്ക്കുകയും വേണം. കുട്ടികൾ ദൈവം തങ്ങളെ വിളിക്കുന്നുണ്ട് എന്ന് മനസിലായാലുടനെ അതിന് സമ്മതം മൂളണം പ്രേഷിത പ്രവൃത്തിക്ക് താൽപര്യമുള്ള കുട്ടികൾ ബഹു. അച്ചൻമാരെയോ സിസ്റ്റേഴ്സിനെയോ അദ്ധ്യാപകരെയോ സമീപിച്ച് കാര്യം അറിയിക്കേണ്ടതാണ്. കുട്ടികളുടെ ദൈവവിളി സ്വീകരണത്തിന് മാതാപിതാക്കൾ തടസ്സം നിൽക്കരുതെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു. ദൈവവിളി സ്വീകരണത്തിന് തടസ്സം നിന്നാൽ ദൈവം കോപം ഉണ്ടാകുമെന്നാണ് വിശുദ്ധ ജോൺ ബ്രിട്ടോ പറയുന്നത്.

“കൊയ്ത്തു വളരെ;വേലക്കാരോ ചുരുക്കം. അതിനാൽ കൊയ്ത്തിനു വേലക്കാരെ അയയ്ക്കാൻ കൊയ്ത്തിന്റെ നാഥനോടു നിങ്ങൾ പ്രാർത്ഥിക്കുവിൻ”(ലൂക്കാ 10-2). എന്ന ഈശോയുടെ ആഹ്വാന പ്രകാരം ഈശോയുടെ മുന്തിരിത്തോപ്പിലേക്ക് വേലക്കാരെ വിളിക്കണമെയെന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം നമ്മുടെ മക്കളെ അതിനായി നമ്മുക്ക് പ്രോത്സാഹിപ്പിക്കാം. കൊയ്ത്തിന്റെ നാഥൻ നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെയെന്ന് എന്ന് പ്രാർത്ഥിച്ചു കൊണ്ട് +പിതാവിന്റേയും + പുത്രന്റെയും +പരിശുദ്ധാത്മാവിന്റേയും+ നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി
26-02-2019

+ മാർ ലോറൻസ് മുക്കുഴി
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB :** ഈ സർക്കുലർ 24-03-2019 ഞായറാഴ്ച്ച എല്ലാ കുർബ്ബാന മദ്ധ്യേയും വായിക്കേണ്ടതാണ്.

**2019 ജനുവരി 07 മുതൽ 18 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സമ്മേളിച്ച സീറോമലബാർസഭയിലെ മെത്രാന്മാരുടെ 27-ാമത് സിനഡിന്റെ പ്രഥമ സമ്മേളനത്തിനുശേഷം എല്ലാ സീറോമലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ച്ബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി പുറപ്പെടുവിക്കുന്ന സർക്കുലർ.**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

2018 ആഗസ്റ്റ് മാസത്തിൽ നടക്കേണ്ടിയിരുന്ന 26-ാമതു സിനഡിന്റെ രണ്ടാം സമ്മേളനം പ്രളയംമൂലം നടത്താൻ സാധിച്ചില്ലല്ലോ. തൻമൂലം 27ാ-ാമത് സിനഡിന്റെ ഒന്നാം സമ്മേളനം 2019 ജനുവരിയിൽ ഒരാഴ്ചയ്ക്കു പകരം രണ്ടാഴ്ചയായി വർദ്ധിപ്പിച്ച് സഭാകേന്ദ്രമായ മൗണ്ട് സെന്റ് തോമസിൽ വച്ച് കൂടി. പ്രളയക്കെടുതിയിൽ വലിയ നാശനഷ്ടങ്ങൾ നേരിടുകയും ഏറെ ക്ലേശങ്ങൾ അനുഭവിക്കുകയും ചെയ്ത എല്ലാവരുടെയും വേദനയിൽ സിനഡു പിതാക്കൻമാർ പങ്കുചേർന്നു. പ്രളയത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്കു വേണ്ടിയും കഷ്ടതകൾ അനുഭവിക്കുന്നവർക്കു വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു. കേരളത്തിലും ലോകമെമ്പാടുമുള്ള നമ്മുടെ സഹോദരങ്ങളുടെയും സന്നദ്ധസംഘടനകളുടെയും സഹായ സന്നദ്ധതയും മഹാമനസ്കതയും വെളിപ്പെടുത്തുന്നതായിരുന്നു പ്രളയാനന്തര പ്രവർത്തനങ്ങൾ. വേദനയനുഭവിക്കുന്ന സഹോദരങ്ങൾക്ക് ഒരു കൈത്താങ്ങാകാൻ കരുണയുടെ കരങ്ങളായി പ്രവർത്തിച്ച ഏവർക്കും സിനഡ് കൃതജ്ഞതയും അഭിനന്ദനവും അറിയിച്ചു.

പ്രളയ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങളിൽ എല്ലാവരും ആത്മാർത്ഥമായി പങ്കുചേർന്നു എന്നത് ചാരിതാർത്ഥ്യജനകമായ വസ്തുതയാണ്. ഇപ്പോൾ ലഭിച്ചിരിക്കുന്ന കണക്കനുസരിച്ച് സീറോ മലബാർ സഭയിലെ വിവിധ രൂപതകളും ഇടവകകളും സമർപ്പിത സമൂഹങ്ങളും അല്മായ സഹോദരങ്ങളും ചേർന്ന് 187,59,94806 (നൂറ്റി എൺപത്തിയേഴ് കോടി അൻപത്തിയൊൻപത് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി എണ്ണൂറ്റിയാറ്) രൂപയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ഇതിൽ, സീറോമലബാർ സഭയുടെ സാമൂഹിക പ്രവർത്തന ശൃംഖലയായ സ്പന്ദനിലൂടെ സമാഹരിച്ച 1,13,05204 (ഒരു കോടി പതിമൂന്നു ലക്ഷത്തി അയ്യായിരത്തി ഇരുന്നൂറ്റി നാല്) രൂപ കേരള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്യുകയുണ്ടായി. കെ.സി.ബി.സി.യുടെ നേതൃത്വത്തിൽ മുഖ്യമന്ത്രിക്ക് നേരത്തേ നൽകിയ ഒരുകോടിരൂപയിൽ 50 ലക്ഷം രൂപ സീറോ മലബാർ സഭയുടെ വിഹിതമായിരുന്നു എന്നതും ഈ സാഹചര്യത്തിൽ ഓർമിപ്പിക്കുന്നു. കൂടാതെ കേരളത്തിലെ എല്ലാ രൂപതകളിൽനിന്നും ചെറുതും വലുതുമായ സംഭാവനകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സ്വന്തംനിലയിൽ കൊടുക്കുകയും ചെയ്തിരുന്നു.

മെത്രാഭിഷേകത്തിനുശേഷം ഈ സിനഡിൽ ആദ്യമായി പങ്കെടുത്ത ഇടുക്കി രൂപതാദ്ധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിനും സാഗർ രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് അത്തിക്കളം പിതാവിനും സിനഡ് സ്വാഗതം ആശംസിച്ചു. എറണാകുളം-അങ്കമാലി അതിരൂപതയുടെ അഡ്മിനിസ്ട്രേറ്ററായി ചുമതലയേറ്റ മാർ ജേക്കബ് മനത്തോടത്ത് പിതാവിനും സിനഡ് ആശംസകൾ നേർന്നു. മുൻ സിനഡിന്റെ തീരുമാനങ്ങൾ പുനരവലോകനം ചെയ്തുകൊണ്ടാണ് സിനഡു സമ്മേളനം ആരംഭിച്ചത്. പല തീരുമാനങ്ങളും അതതു രൂപതാതലത്തിലും ആഗോള തലത്തിലും പ്രാവർത്തികമാക്കാൻ കഴിഞ്ഞതിൽ സിനഡ് സംതൃപ്തി പ്രകടിപ്പിച്ചു.

**അജപാലന സമീപനങ്ങളും സഭാനവീകരണവും**

അടുത്തകാലത്ത് നമുക്ക് അഭിമുഖീഭവിക്കേണ്ടിവന്ന സംഭവവികാസങ്ങളെ തികഞ്ഞ ആത്മീയതയുടെ വെളിച്ചത്തിൽ വിലയിരുത്തുവാൻ പിതാക്കൻമാർ സിനഡു സമ്മേളനത്തിൽ ശ്രമിക്കുകയുണ്ടായി. സഭയിലെ വൈദികരും സന്ന്യസ്തരും തങ്ങളുടെ യഥാർത്ഥമായ വിളിയും ദൗത്യവും കൂടുതൽ ഗൗരവമായി എടുക്കേണ്ടതുണ്ട്. വൈദികമേൽക്കോയ്മ, സ്ഥാപനവത്കരണം എന്നിവ ഒഴിവാക്കി ഈശോയുടെ മാതൃകയിൽ പൗരോഹിത്യ ശുശ്രൂഷയിലേക്ക് മാതൃസഭയിലെ വൈദികരും സന്ന്യസ്തരും അല്മായപ്രേഷിതരും മുമ്പോട്ട് വരേണ്ടതുണ്ട്. നാട്ടിലെ ഓരോ രൂപതാ വൈദികനും, ഏവരും ഒരു ശാശ്വത പരിഹാരം ആവശ്യമാണന്ന് അഭിപ്രയപ്പെട്ടു. സഭയുടെ അടിസ്ഥാന പരമായ സാക്ഷ്യത്തെപറ്റിയും ആനുകാലിക പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാര മാർഗ്ഗങ്ങൾ ആരാഞ്ഞുകൊണ്ടു അവധാനപൂർണമായ ആത്മശോധന നടത്തുകണ്ടായി. യഥാർത്ഥത്തിലുള്ള ആത്മനവീകരണവും വിശുദ്ധീകരണവും സഭാ നേതൃത്വം മുതൽ എല്ലാ

തലങ്ങളിലും അനിവര്യമാണെന്ന് സിനഡ് വിലയിരുത്തി. അതിന്റെ വെളിച്ചത്തിൽ തയ്യാറാക്കിയ സർക്കുലർ നമ്മുടെ എല്ലാ ഇടവകക ളിലും വായിച്ചിരുന്നല്ലോ.

മാറിയ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ പശ്ചാത്തല ത്തിൽ സഭ നേരിട്ടു കൊണ്ടിരിക്കുന്ന പ്രശ്നങ്ങളും അഭിമുഖീകരി ക്കുന്ന വെല്ലുവിളികളും എങ്ങനെ തരണം ചെയ്യണമെന്നത് സിനഡു പിതാക്കൻമാർ ശ്രദ്ധാപൂർവം വിചിന്തനം ചെയ്തു. നമ്മുടെ ക്രൈസ്തവ തനിമയും വിശ്വാസ്യതയും ശക്തിപ്പെടുത്തുന്നതിനുള്ള സമീപനങ്ങൾ ആരാഞ്ഞുകൊണ്ടുള്ള ആലോചനകളും നടത്തി. ഒരു സ്വയാധികാര സഭയായി പ്രഖ്യാപിക്കപ്പെട്ടതിന്റെ രജതജൂബിലി ആഘോഷിച്ച നമ്മുടെ സഭ കൂടുതൽ ആത്മീയവളർച്ചയുടെയും സാക്ഷ്യത്തിന്റെയും വഴിയിലേക്ക് വരണമെന്ന അഭിപ്രായമുയർന്നു വന്നു. സഭയിലെ എല്ലാ വിഭാഗങ്ങളും ഘടകങ്ങളും തങ്ങളുടെ വിള ിയെയും വിശുദ്ധിയെയും പറ്റി കൂടുതൽ ബോധമുള്ളവരായിത്തീരണം. വൈദികസാക്ഷ്യവും സന്ന്യസ്ത സമർപ്പണവും കൂടുതൽ ശക്തിപ്പെ ടുത്തേണ്ടതുണ്ട്. **ഇടവകകളിലെ കുടുംബ യൂണിറ്റുകൾ, പ്രാർത്ഥനാ യോഗങ്ങൾ, ഭക്തസംഘടനകൾ എന്നിവയുടെ പ്രവർത്തന ശൈലി പുനർവിചിന്തനം ചെയ്യപ്പെടേണ്ട തുണ്ട്.** സാമൂഹികതലങ്ങളിൽ സഭാ മക്കളുടെയും സന്ന്യസ്തരുടെയും പങ്കാളിത്തം പുതിയ രൂപഭാവങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സഭാത്മകവും ക്രിസ്തീയവുമായ സാക്ഷ്യത്തി നുള്ള അവസരമാക്കി മാറ്റണം. സഭയ്ക്ക് അകത്തുനിന്നും പുറ ത്തുനിന്നും ലഭിക്കുന്ന പരാതികളിൽ തീർപ്പു കൽപ്പിക്കാൻ രൂപ താതലത്തിൽ ഒരു പ്രശ്നപരിഹാര സമിതി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സിനഡ് ചർച്ച ചെയ്യുകയും അതതു രൂപതാദ്ധ്യക്ഷൻമാർ അതിന് മുൻകൈ എടുക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഇത്തരം സമിതികളിൽ അല്മായരുടെ പങ്കാളിത്തം ഉറപ്പുവരുത്തു കയും സമയബന്ധിതമായി തീർപ്പുകല്പ്പിച്ച് നീതി നടപ്പാക്കുകയും വേണം.

### സെയ്ഫ് എൻവയൺമെന്റ് പ്രോഗ്രാം

വത്തിക്കാനിലെ വിശ്വാസ തിരുസംഘത്തിന്റെയും ഭാരത മെ ത്രാൻ സമിതിയുടെയും മാർഗ രേഖകളുടെ വെളിച്ചത്തിൽ പള്ളിക ൾ, വൈദികഭവനങ്ങൾ, മതബോധന ക്ളാസ്സുകൾ, ഭക്തസംഘടനകൾ, ആതുരാലയങ്ങൾ, സന്ന്യാസഭവനങ്ങൾ എന്നിവയുടെ പ്രവർത്തന രംഗങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും സന്തോഷകരമായും സുര ക്ഷിതമായും പ്രവർത്തിക്കുവാനുള്ള സാഹചര്യം ഒരു ക്കുവാൻ സിനഡു തീരുമാനിച്ചു. കെ.സി.ബി.സി. പ്രസിദ്ധീകരിച്ച സെയ്ഫ് എൻവയൺമെന്റ് **പ്രോഗ്രാം** , നമ്മുടെ എല്ലാ രൂപതകളിലും സമർപ്പിതസമൂഹങ്ങളിലും സ്ഥാപനങ്ങളിലും നടപ്പിലാക്കുന്ന മേജർ ആർച്ച് ബിഷപ്പിന്റെ ഡിക്രിയുടെ കൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എല്ലാ രൂപതകളിലും സന്ന്യാസ സമൂഹങ്ങളിലും ഇതുമായി ബന്ധപ്പെട്ട് ആവ ശ്യമായ സമിതികൾ രൂപീകരിക്കുകയും ഡയറക്ടർമാരെ നിയമി ക്കുകയും ചെയ്യേണ്ടതാണ്. ഇത് നടപ്പിലാക്കുവാൻ ബഹു. വികാരി യച്ചൻമാരും സമർപ്പിതരും മറ്റു ബന്ധപ്പെട്ടവരും ശ്രദ്ധിക്കണം. ഇക്കാ ര്യത്തിൽ വീഴ്ചകളും പിഴവുകളും നിയമലംഘനങ്ങളും സംഭവിച്ചാൽ ഇന്ത്യയിലെ നിയമവ്യവസ്ഥ അനുശാസിക്കുന്ന നടപടികളായിരിക്കും സ്വീകരിക്കേണ്ടതെന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നു.

### മാധ്യമവിചിന്തനം

അതിവേഗം വളരുകയും അനുസ്യൂതം വ്യാപിച്ചു കൊണ്ടിരി ക്കുകയും ചെയ്യുന്ന സാമൂഹിക മാധ്യമങ്ങളുടെയും ദൃശ്യശ്രാവ്യമാധ്യ മങ്ങളുടെയും ഉത്തരവാദിത്വബോധത്തോടെയുള്ള ഉപയോഗത്തെക്കു റിച്ചും ഈ മേഖലയിൽ ഇന്നു സംഭവിച്ചു കൊണ്ടിരിക്കുന്ന അപ ചയത്തെക്കുറിച്ചും സിനഡ് ചർച്ചചെയ്തു. മാധ്യമസാക്ഷരതയും ധാർമ്മികതയും നമ്മുടെ വിശ്വാസി സമൂഹത്തിൽ വളർത്തിയെടുക്കു കയും അവരെ പരിശീലിപ്പിക്കുകയും വേണം. അസത്യവും അവാസ്ത വവുമായ വാർത്തകളും സന്ദേശങ്ങളും പ്രചരിപ്പിക്കുന്നത് ന്യാ യീകരിക്കാനാവില്ല. വ്യക്തിഹത്യയും സഭാ സംവിധാനങ്ങൾക്കെതി രേയുള്ള ബോധപൂർവകമായ ദുഷ്പ്രചാരണങ്ങളും നടത്തുന്നത് മാന ്യമായ മാധ്യമപ്രവർത്തനമല്ല. സാമൂഹികമാധ്യമങ്ങളിലൂടെ സഭയുടെ പ്രവർത്തനങ്ങളെ തമസ്കരിക്കാനും അവഹേളിക്കാനും ബോധ പൂർവം നടത്തുന്ന ശ്രമങ്ങളെ കണ്ടില്ലെന്ന് നടിക്കാനാവില്ല. സഭയോ ടുള്ള ചില മാധ്യമങ്ങളുടെ വിപ്രതിപത്തി തിരിച്ചറിഞ്ഞ് സഭയ്ക്കും സുവിശേഷ മൂല്യങ്ങൾക്കും വേണ്ടി നിലകൊള്ളുവാൻ നമ്മുടെ വിശ ്വാസികളെ പ്രത്യേകിച്ച്, യുവജനങ്ങളെ പരിശീലിപ്പിക്കേണ്ടതുണ്ട്. സഭ

യുടെ മാധ്യമപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാൻ സിനഡിന്റെ നേതൃത്വത്തിൽ ഒരു മാധ്യമ കമ്മീഷനെ നിയമിച്ചിട്ടുള്ള വിവരം ഈ അവസരത്തിൽ നിങ്ങളെ അറിയിക്കട്ടെ.

**വൈദിക പരിശീലനത്തിലെ നൂതനാഭിമുഖ്യങ്ങൾ**

സഭയിലെ വൈദിക പരിശീലന പദ്ധതികളെക്കുറിച്ച് സിനഡ് വിശദമായി ചർച്ച ചെയ്യുകയും സെമിനാരികളുടെ റിപ്പോർട്ടുകൾ പരിശോധിക്കുകയും ചെയ്തു. ഭാവി വൈദികരുടെ പരിശീലനം ആനുകാലിക പ്രസക്തവും സഭാത്മകവുമായിരിക്കണം. വൈദിക വിദ്യാർത്ഥികളുടെ പരിശീലന കാലത്തുള്ള അജപാലനശുശ്രൂഷ പ്രോൽസാഹിപ്പിക്കേണ്ടതാണ്. വിശ്വാസ പരിശീലനം പോലെ മാധ്യമപരിശീലന വും പ്രധാനപ്പെട്ടതാണ്. ആത്മീയവളർച്ച ഉറപ്പുവരുത്തുന്നതോടൊപ്പം തന്നെ മാനസികമായ പക്വത കൈവരിക്കുവാൻ പരിശീലനകാലഘട്ടത്തിൽ വൈദിക വിദ്യാർത്ഥികളെ സഹായിക്കേണ്ടതു ണ്ട്. സെമിനാരികളുടെ പ്രവർത്തനത്തിൽ അല്മായരുടെയും സന്ന്യസ്തരുടെയും സഹകരണവും പങ്കാളിത്തവും പ്രോൽസാഹനവും അനിവാര്യമാണെന്ന് സിനഡു പിതാക്കൻമാർ ആവർത്തിച്ച് അഭിപ്രായപ്പെട്ടു.

**പ്രവാസികളുടെ അജപാലനം**

കേരളത്തിനു വെളിയിലും ഇന്ത്യയ്ക്കു പുറത്തുമുള്ള പ്രവാസി സമൂഹങ്ങളുടെ അജപാലന ശുശ്രൂഷ എന്നും സിനഡിന്റെ സത്വര ശ്രദ്ധാവിഷയമാണ്. ഷംഷാബാദ് രൂപതാസ്ഥാപനത്തിന്റെ പശ്ചാത്തലത്തിൽ, കേരളത്തിനു പുറത്തുള്ള സീറോ മലബാർ സഭാമക്കൾ കൗദാശികവും അജപാലനാപരവുമായ ആവശ്യങ്ങൾക്ക് നാട്ടിൽ വരുമ്പോൾ തങ്ങൾ ആയിരിക്കുന്ന സീറോ മലബാർ ഇടവകകളിൽ നിന്ന് ആവശ്യമായ രേഖകൾ കൊണ്ടുവരേണ്ടതാണെന്ന കാര്യം ഓർമിപ്പിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ നിർദേശം അഭിവന്ദ്യ പിതാക്കൻമാർ എല്ലാ രൂപതകളിലും നല്കുമല്ലോ. ഗൾഫിലുള്ള നമ്മുടെ വിശ്വാസി സമൂഹത്തിന്റെ അജപാലനകാര്യങ്ങളും സിനഡിൽ ചർച്ച ചെയ്തു. മാർപാപ്പയുടെ ഗൾഫ് സന്ദർശനം അവിടെയുള്ള നമ്മുടെ വിശ്വാസികൾക്ക് കൂടുതൽ ഉണർവ്വ് പകർന്നിട്ടുണ്ട്. അതിൽ സംബന്ധിച്ച എനിക്ക് ഇക്കാര്യം നേരിട്ട് മനസ്സിലാക്കുവാൻ സാധിച്ചു. എല്ലാ സമൂഹങ്ങളിലും, പ്രത്യേകിച്ച് പ്രവാസി സമൂഹങ്ങളിലും, സഭാത്മക ചൈതന്യം വളർത്തിയെടുക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. കേരളത്തിനു പുറത്തുള്ള സാഗർ, സത്ന, ഉജ്ജയിൻ രൂപതകൾ സുവർണ ജൂബിലി ആഘോഷിച്ച വിവരം ഈയവസരത്തിൽ സന്തോഷത്തോടെ സ്മരിക്കുന്നു. രൂപതയായി ഉയർത്തപ്പെട്ട കാനഡയിലെ മിസ്സിസ്സാഗായുടെ മേലദ്ധ്യക്ഷനും വിശ്വാസികൾക്കും ഈയവസരത്തിൽ അനുമോദനങ്ങൾ അറിയിക്കുന്നു.

**സുവിശേഷവത്കരണത്തിന് നവസാധ്യതകൾ**

നമ്മുടെ സഭ മുഴുവനിലും ആഗോളതലത്തിലും വളരുന്നത് സഭയുടെ സുവിശേഷ വൽകരണത്തിനുള്ള സാധ്യതകൾ വിപുലമാക്കാനുള്ള അവസരമായിട്ടുവേണം നാം സ്വീകരിക്കാൻ. ഇന്ത്യയിലെവിടെയും പ്രവർത്തന സ്വാതന്ത്ര്യം ലഭിച്ചത് മുഖ്യമായും പ്രേഷിത പ്രവർത്തനത്തിനുള്ള വലിയ സാധ്യതകൾ നൽകുന്നുവെന്ന് ഫ്രാൻസിസ് മാർപാപ്പാ 2017 ഒക്ടോബർ 9-ന് പ്രസിദ്ധീകരിച്ച എഴുത്തിൽ പ്രതിപാദിക്കുന്നുണ്ട്. സുവിശേഷചൈതന്യത്തിന്റെ അടിസ്ഥാനത്തിലും കാലഘട്ടത്തിന്റെ ആവശ്യങ്ങൾ വിവേചിച്ചറിഞ്ഞും സഭയുടെ സുവിശേഷവത്കരണ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും നവീകരിക്കുകയും ചെയ്യണം. സഭാത്മക പ്രവർത്തനങ്ങളിലൂടെയും നമ്മുടെ സാന്നിദ്ധ്യത്തിലൂടെയും സാക്ഷ്യത്തിലൂടെയും പ്രേഷിതപ്രവർത്തനങ്ങൾ നടത്തുവാനുള്ള സാദ്ധ്യതകളേറെയാണ്. ഇതിനായി സഹകരിച്ച പ്രത്യേകിച്ച് യുവവൈദികർ, രണ്ടോ മൂന്നോ വർഷത്തേക്കെങ്കിലും കേരളത്തിനു പുറത്തുള്ള നമ്മുടെ മിഷൻ കേന്ദ്രങ്ങളിൽ സേവനം ചെയ്യുന്ന കാര്യം ആലോചിക്കണമെന്ന അഭിപ്രായമുണ്ടായി. ഈ മിഷൻ സംരംഭത്തിൽ നാട്ടിലെ രൂപതകളിലെ സമ്പന്നരായ വ്യക്തികളും കുടുംബങ്ങളും പുറത്തുള്ള മിഷനുകളെ ദത്തെടുക്കുന്ന ഒരു സംവിധാനത്തെപ്പറ്റി ചിന്തിക്കേണ്ടതുണ്ട്. ഇതിനോടകം നമ്മുടെ മിഷൻരൂപതകളെ നാട്ടിലെ പല രൂപതകളും ദത്തെടുത്തിട്ടുണ്ടെന്നതും നമ്മുടെ പല വൈദികരും സന്ന്യാസസമൂഹങ്ങളും അവിടെ സേവനം ചെയ്യുന്നുവെന്നതും ഈയവസരത്തിൽ നന്ദിപൂർവം സ്മരിക്കുന്നു.

**വിദ്യാഭ്യാസ മേഖലയിലെ വെല്ലുവിളികൾ**

വിദ്യാഭ്യാസ മേഖലയിൽ ന്യൂനപക്ഷ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സഭ ഉൽക്കണ്ഠയോടെയാണ് നോക്കിക്കാണുന്നത്. വർഷങ്ങളായി നിയമനാംഗീകാരം ലഭിക്കാതെ വലയുന്ന അദ്ധ്യാപകരുടെ സാഹചര്യം സഹാനുഭൂതിയോടെ സഭ മനസ്സിലാക്കുന്നു. ന്യൂനപക്ഷാവകാശങ്ങൾ പരിഗണിക്കുമ്പോൾ മതങ്ങൾക്ക് ഉപവിഭ

ാഗങ്ങളില്ല എന്നുള്ള കോടതിവിധിയും അനുബന്ധമായ സർക്കാർ ഉത്തരവും ന്യൂനപക്ഷ സ്ഥാപനങ്ങളുടെ അവകാശങ്ങളെ ഇന്നത്തെ സാഹചര്യത്തിൽ കൂടുതൽ ഫലപ്രദമാക്കേണ്ടതാണ്. കർഷകരുടെ പ്രശ്നങ്ങൾ, ദളിത് സംവരണം തുടങ്ങിയ കാര്യങ്ങളിൽ സാരമായി ബാധിക്കുകയും ക്രമേണ അവയെ ഇല്ലാതാക്കുകയും ചെയ്യുമെന്നത് നമുക്ക് ആശങ്കയുണർത്തുന്നതാണ്.

**ഇനിയും പരിഹരിക്കാത്ത കർഷകരുടെ പ്രശ്നങ്ങൾ**

നമ്മുടെ കർഷകരുടെ ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, കാർഷികവിളകളുടെ വില ത്തകർച്ച, കൃഷിയിടങ്ങളിലെ വന്യ മൃഗ ശല്യം എന്നിവയ്ക്ക് സർക്കാരിന്റെ ഭാഗത്തുനിന്ന് ശാശ്വതമായ പരിരക്ഷയും പരിഹാരവുമാണ് സഭ പ്രതീക്ഷിക്കുന്നത്. അതിനായി രൂപതാതലത്തിലും ഇടവകതലത്തിലും ബോധവത്കരണ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്. കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ കത്തോലിക്കാകോൺഗ്രസ് കൂടുതൽ ഇടപെടണമെന്ന അഭിപ്രായവുമുണ്ടായി.

**സംഘടനാപ്രവർത്തനങ്ങൾ**

നമ്മുടെ യുവജന സംഘടനയായ SMYM (സീറോ മലബാർ യൂത്ത് മൂവ്മെന്റ്) ന്റെ നിയമാവലിക്ക് സിനഡ് നൽകിയിരുന്ന താത്കാലിക അംഗീകാരം മൂന്നു വർഷത്തേക്കുകൂടി നീട്ടുകയുണ്ടായി. നമ്മുടെ എല്ലാ രൂപതകളിലും യുവജന സംഘടനാപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുവാനും അതുവഴി നമ്മുടെ യുവതീയുവാക്കളുടെ വിശ്വാസജീവിതത്തെ ശക്തിപ്പെടുത്തുവാനും സിനഡ് പിതാക്കൻമാർ ആഹ്വാനം ചെയ്തു. ചെറുപുഷ്പ മിഷൻ ലീഗിന്റെ നിയമാവലിയും ഈ സിനഡു സമ്മേളനത്തിൽ അംഗീകരിക്കുകണ്ടായി.

നമ്മുടെ സഭയുടെ ദൈവവിളി പ്രോത്സാഹനത്തിനുള്ള മാർഗരേഖയും ഈ സിനഡ് അംഗീകരിച്ചു.

**അസംബ്ലി തീരുമാനങ്ങൾ പ്രായോഗിക തലത്തിലേയ്ക്ക്**

2016 ആഗസ്റ്റ് മാസത്തിൽ നടന്ന നാലാമത് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ സിനഡിൽ രൂപപ്പെട്ട 10 തീരുമാനങ്ങൾ കഴിഞ്ഞ വർഷം നടപ്പാക്കുകയുണ്ടായി. ഇതിന്റെ തുടർച്ചയായി നമ്മുടെ എല്ലാ രൂപതകളിലും നടപ്പിലാ



ക്കുന്നതിനായി ഈ സിനഡ് സമ്മേളനം ചർച്ച ചെയ്തു തീരുമാനിച്ച 10 നിർദേശങ്ങൾ താഴെ കൊടുത്തിരിക്കുന്നവയാണ്.

1. സഭയിൽ നേതൃത്വശുശ്രൂഷയിലേക്ക് കടന്നുവരുന്ന അല്മായ സഹോദരങ്ങൾക്ക്, പ്രത്യേകിച്ച് കൈക്കാരന്മാർ, ദേവാലയശുശ്രൂഷികൾ, മതാദ്ധ്യാപകർ, കുടുംബക്കൂട്ടായ്മ ഭാരവാഹികൾ, സംഘടനാ ാരവാഹികൾ എന്നിവർക്ക്, സഭയുടെ ജീവിതശൈലിക്ക് യോജിച്ച ലാളിത്യത്തെക്കുറിച്ച് വേണ്ടത്ര പരിശീലനം നല്കണം. പ്രായപരിധികൾക്കനുസരിച്ചും കുടുംബതലത്തിലും ധ്യാനങ്ങളും ബോധവത്കരണ സെമിനാറുകളും കൂടുതലായി പ്രോത്സാഹിപ്പിക്കണം.

2. ഇടവക ഉൾപ്പെടെയുള്ള സഭയുടെ ഭരണസംവിധാനങ്ങളിൽ പ്രകടമാകുന്ന ഉദ്യോഗസ്ഥ മേധാവിത്വശൈലി ഉപേക്ഷിക്കണം. സഭാ സംവിധാനങ്ങളുടെ ഓഫീസുകൾ അജപാലനശുശ്രൂഷയുടെ സ്വഭാവം നിലനിർത്തുകയും ആവശ്യമെങ്കിൽ ജനങ്ങൾക്ക് കൂടുതൽ സംലഭ്യമാകുംവിധം പുനഃക്രമീകരണം നടത്തുകയും വേണം.

3. വൈദികരിൽനിന്നും സമർപ്പിതരിൽനിന്നും കൂടുതൽ ഹൃദ്യമായ വാക്കുകളും സമീപനങ്ങളും എല്ലാ ജനങ്ങൾക്കും, വിശിഷ്യ യുവജനങ്ങൾക്കും ലഭിക്കണം.

4. പരിസ്ഥിതി സംരക്ഷണത്തിനായി ഇടവകകളും സ്ഥാപനങ്ങളും ക്ലീൻ പാരിഷ് പരിപാടികളും ക്ലീൻ ക്യാംപസ് പ്രോജക്റ്റുകളും നടപ്പിലാക്കണം.

5. യുവജനങ്ങളുടെ ജോലിസാദ്ധ്യതകൾ സംബന്ധിച്ചും വിവിധ രീതികളിൽ ക്ലേശമനുഭവിക്കുന്നവർക്കുള്ള സർക്കാർ പദ്ധതികൾ, സബ്സിഡികൾ, സഹായങ്ങൾ മുതലായവയെക്കുറിച്ചും അറിവ് നല്കുന്നതിനായി ഹെൽപ്ഡെസ്ക്, രൂപത/ഫൊറോന തലങ്ങളിൽ ഏർപ്പെടുത്തണം.

6. പാർശ്വവത്കരിക്കപ്പെട്ടവർ ഇന്ത്യയിൽ ക്രൂരമായ പീഡനത്തിനു വിധേയരായിക്കൊണ്ടണ്ടിരിക്കുന്നത് തികച്ചും അപലപനീയമാണ്. ദളിതരുടെയും സ്ത്രീകളുടെയും കുട്ടികളുടെയും മതന്യൂനപക്ഷങ്ങളുടെയും വിമോചനത്തിനും ശാക്തീക

രണത്തിനും വേണ്ടി നാം മുന്നിട്ടിറങ്ങണം. പാർശ്വവത്കരിക്കപ്പെട്ടവർക്കുള്ള അവകാശങ്ങൾ സർക്കാരിൽനിന്ന് നേടിയെടുക്കുവാൻ ഫലപ്രദമായ മാർഗങ്ങൾ തേടേണ്ടതാണ്.

7. മിഷണറിമാരെ, അവരുടെ മിഷൻ അനുഭവങ്ങൾ പങ്കുവയ്ക്കാനും അവരുടെ പ്രവർത്തനങ്ങളെ സഹായിക്കാനുമായി ഇടവകകളിലേക്കും രൂപതകളിലേക്കും ക്ഷണിക്കണം.

8.തിരുനാളുകൾ ഇടവകയുടെ പൊതുവായ ആഘോഷമാക്കുവാൻ ശ്രദ്ധിക്കുകയും ഒരു വ്യക്തിയെയോ, കുടുംബത്തെയോ മാത്രമായി പ്രസുദേന്തി ആക്കുന്നത് നിരുത്സാഹപ്പെടുത്തുകയും വേണം.

9. വൈവാഹിക കുടുംബബന്ധങ്ങളിലുള്ള തകർച്ചമൂലം ദുരിതമനുഭവിക്കുന്ന വിശ്വാസികളെ സഹായിക്കുവാനും സന്തോഷപ്രദമായ കുടുംബ ജീവിതം പുനരാരംഭിക്കുവാൻ അവരെ പ്രാപ്തരാക്കാനും വേണ്ടി എല്ലാ വൈദികരും സന്ന്യസ്തരും പരിശ്രമിക്കണം.യോഗ്യമായ ദമ്പതികളെ ഇത്തരം അജപാലന ശുശ്രൂഷകൾക്കായി പരിശീലനം നല്കി നിയോഗിക്കാവുന്നതാണ്.

10. പ്രവാസി പ്രദേശങ്ങളിൽ പ്രോവിൻസുകളും ഭവനങ്ങളും തുടങ്ങുവാൻ സീറോ മലബാർ സഭയിൽപ്പെട്ട സമർപ്പിത സമൂഹങ്ങൾ തയ്യാറാകണം.

2018 സെപ്റ്റംബർ 1 മുതൽ പ്രളയത്തോടനുബന്ധിച്ച് സീറോ മലബാർ സഭയുടെ ആസ്ഥാനകാര്യലയത്തിലെ ചാപ്പലിൽ നിത്യാരാധന നടത്തുവാൻ സിനഡ് സംതൃപ്തി രേഖപ്പെടുത്തി. നിത്യാരാധനയുടെ ഓരോ ദിവസവും സഭയുടെ വിവിധങ്ങളായ നിയോഗങ്ങൾ സമർപ്പിച്ച് പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു. സിനഡു ദിവസങ്ങളിൽ അഭിവന്ദ്യ പിതാക്കൻമാരെ അഭിസംബോധന ചെയ്യാനും വ്യക്തിപരമായി കണ്ടു സംസരിക്കാനും പേപ്പൽ നുൺഷ്യോ ആർച്ച് ബിഷപ്പ് ജാൻബത്തിസ്ത്ത ദിക്വാത്രോ സന്നിഹിതനായിരുന്നു എന്നത് ഈയവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. അതുപോലെ ദീർഘനാൾ സഭാകേന്ദ്രത്തിൽ ശുശ്രൂഷ ചെയ്ത ശേഷം വിരമിക്കുന്ന കൂരിയ ചാൻസലർ



ബഹു.ആന്റണി കൊള്ളന്നൂരച്ചനും ഫിനാൻസ് ഓഫീസർ ബഹു. മാത്യു പുള്ളമൂട്ടിലച്ചനും ഈ സാഹചര്യത്തിൽ കൃതജ്ഞത അർപ്പിക്കുന്നു.

വളരെ ഫലപ്രദവും സജീവവുമായ ചിന്തകൾക്കും ചർച്ചകൾക്കും ശേഷം 18-ാം തീയതി സിനഡ് സമാപിച്ചു. സിനഡിന്റെ എല്ലാ പ്രവർത്തനങ്ങളും നമ്മുടെ സഭയുടെ വളർച്ചയ്ക്കും നന്മയ്ക്കും ഉപകരിക്കുന്നതിന് നിങ്ങളെല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബീഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2019-ാം ആണ്ട് ഫെബ്രുവരി മാസം 20 -ാം തിയതി നൽകപ്പെട്ടത്.

ഈ വിജ്ഞാപനം ഉചിതമായ മാർഗങ്ങളിലൂടെ അതതു രൂപത/ അതിരൂപതകളിലെ വൈദികരു ടെയും സന്ന്യസ്തരുടെയും അല്മായസഹോദരങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

## ഇരുപത്തിയേഴാം രോഗീദിനം-2019
## ഫ്രാൻസീസ് മാർപാപ്പയുടെ സന്ദേശം
### ദാനമായി നിങ്ങൾക്കുകിട്ടി, ദാനമായിത്തന്നെ കൊടുക്കുവിൻ
(മത്താ 10-8)

പ്രിയ സഹോദരീസഹോദരന്മാരേ,

"ദാനമായി നിങ്ങൾക്കുകിട്ടി, ദാനമായിത്തന്നെ കൊടുക്കുവിൻ" (മത്താ 10-8). സൗജന്യ സ്നേഹ പ്രവൃത്തികളിലൂടെ തന്റെ രാജ്യം വളരുന്നതിനുവേണ്ടി അപ്പസ്തോലന്മാരെ സുവിശേഷം പ്രചരിപ്പിക്കാൻ അയച്ചപ്പോൾ യേശു പറഞ്ഞതാണ് ഈ വാക്കുകൾ.

ഇരുപത്തിയേഴാം ആഗോളരോഗീദിനം ഇന്ത്യയിൽ കൽക്കട്ടയിൽ വച്ച് 2019 ഫെബ്രുവരി 11-ന് ആഘോഷപൂർവ്വം ആചരിക്കുകയാണ്. ഇത്തരുണത്തിൽ, സുവിശേഷവത്കരണത്തിന് ഏറ്റവും വിശ്വാസ്യതയുള്ള മാർഗ്ഗം നല്ല സമരിയാക്കാരന്റേതുപോലെയുള്ള പ്രവൃത്തികളാണെന്ന് സഭ തന്റെ മക്കൾക്കെല്ലാം, പ്രത്യേകിച്ച് രോഗികൾക്ക്, ഒരു അമ്മയെപോലെ- നമ്മെ അനുസ്മരിപ്പിക്കുന്നു. രോഗീപരിചരണത്തിന് വൈദഗ്ധ്യവും വാത്സല്യവും ആവശ്യമാണ്. ഒപ്പം, സ്നേഹിക്കപ്പെടുന്ന അനുഭവം അവരിൽ ഉളവാക്കുന്ന തലോടൽ ആത്മാർത്ഥവും ലളിതവുമായ അടയാളങ്ങളും വേണം.

ജീവൻ ദൈവത്തിൽ നിന്നുള്ള ദാനമാണ്. വിശുദ്ധ പൗലോസ് ചോദിക്കുന്നു : "ദാനമായി ലഭിച്ചതല്ലാതെ നിനക്ക് എന്തുണ്ട് "(1 കോറി 4-7) മനുഷ്യജീവിതം ഒരു ദാനമായതിനാൽത്തന്നെ, അതിനെ ഒരു സ്വകീയസമ്പത്തോ സ്വകാര്യ സ്വത്തോ ആയി ചുരുക്കാൻ പാടില്ല. വൈദ്യ ശാസ്ത്രപരവും ജൈവ സാങ്കേതികവിദ്യാപരവുമായ പുരോഗതികൾ ജീവന്റെ വൃക്ഷത്തിൽ (ഉത്പ 3,24) കൈവയ്ക്കാൻ നമുക്ക് പ്രലോഭനമാകുന്നുണ്ടെന്ന് ഓർക്കണം.

ധൂർത്തിന്റെയും നിസ്സംഗതയുടെയും ഇന്നത്തെ സംസ്കാരത്തിൽ ഒരു വസ്തുത ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നത്തെ താൻപോരിമയ്ക്കും സാമൂഹിക വിഘടനത്തിനും വെല്ലുവിളിയുയർത്താൻ പര്യാപ്തമാണ് ദാനം എന്ന കാറ്റഗറി. അതേസമയം,ജനതകളും സംസ്കാരങ്ങളും തമ്മിൽ നൂതനങ്ങളായ ബന്ധുകളും സഹകാരണ മാർഗങ്ങളും പരിപോഷിപ്പിക്കാനും അതിനു കഴിയും. ദാനത്തിന്റെ മുൻവ്യവസ്ഥയായ സംവാദം, സമൂഹത്തിൽ നിലനില്ക്കുന്ന അധികാരവിനിയോഗ രീതികളെ തിരുത്താൻ കഴിവുള്ള മാനുഷിക വളർച്ചയ്ക്കും പുരോഗതിക്കുമുള്ള സാധ്യതകൾ സൃഷ്ടിക്കുന്നു. ദാനമെന്നാൽ കേവലം സമ്മാനം നല്കലല്ല. വസ്തുക്കളോ സാധനങ്ങളോ വിനിമയം ചെയ്യലല്ല അത്; മറിച്ച് സ്വയം ദാനമാണ്. "ദാനം" എന്നത് സമ്മാനം കൊടുക്കലിൽ നിന്നും വ്യത്യസ്തമാണ്. കാരണം, അതിൽ തന്നെത്തന്നെ നല്കലും ഒരു ബന്ധം സ്ഥാപിക്കാനുള്ള ആഗ്രഹവും ഉൾകൊള്ളുന്നു. ഇത് മറ്റുള്ളവരെ അംഗീകരിക്കലാണ്. അതാണല്ലോ സമൂഹത്തിന്റെ അടിസ്ഥാനം. ദാനമെന്നത് പുത്രന്റെ മനുഷ്യാവതാരത്തിലും പരിശുദ്ധാത്മ വർഷത്തിലും പരമകോടിയിലെത്തുന്ന ദൈവസ്നേഹത്തിന്റ ഒരു പ്രതിഫലനമാണ്.

നാമെല്ലാം ദരിദ്രരും ആവശ്യങ്ങളുള്ളവരും അഗതികളുമാണ്. നമ്മൾ ജനിക്കുമ്പോൾ മാതാപിതാക്കളുടെ ശുശ്രൂഷ നമുക്ക് ജീവിക്കാൻ ആവശ്യമായിരിക്കുന്നു. ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും ഏതെങ്കിലും തരത്തിൽ മറ്റുള്ളവരുടെ സഹായത്തെ നാം ആശ്രയിക്കുന്നു. മറ്റു വ്യക്തികളുടെയും സാഹചര്യങ്ങളുടെയും മുമ്പിൽ സൃഷ്ടികൾ എന്ന നിലയിൽ നമ്മുടെ പരിമിതികളെക്കുറിച്ച് നാം എപ്പോഴും അവബോധമുള്ളവരാണ്. ഈ സത്യത്തിന്റെ ആത്മാർത്ഥമായ അംഗീകരണം നമ്മെ വിനീതരായി സൂക്ഷിക്കും. ജീവിതത്തിലെ സത്താപരമായ ഒരു പുണ്യമെന്ന നിലയിൽ ഐക്യദാർഢ്യം അഭ്യസിക്കാൻ അതു പ്രേരിപ്പിക്കും.

വ്യക്തിപരവും സാമൂഹികവുമായ നന്മ വളർത്താൻ ഉത്തരവാദിത്വപൂർവം പ്രവർത്തിക്കുന്നതിന് അത്തരം ഒരു അംഗീകരണം നമ്മെ പ്രേരിപ്പിക്കും. നാം നമ്മെത്തന്നെ വേർപ്പെട്ട ഒരു ലോകമായി കാണാതെ മറ്റുള്ളവരുമായുള്ള സഹോദരപരമായ ബന്ധത്തിൽ കാണണം. ഏങ്കിൽ മാത്രമെ പൊതു നന്മയെ ലക്ഷ്യം വയ്ക്കുന്ന ഐക്യദാർഢ്യത്തിന്റെ സാമൂഹിക അഭ്യസനം വികസിപ്പിക്കാൻ കഴിയുകയുള്ളൂ. ആവശ്യത്തിൽപ്പെട്ടവരും മറ്റുള്ളവരെ ആശ്രയിക്കുന്നവരുമായി നമ്മെത്തന്നെ കാണാൻ നാം ഭയപ്പെടരുത്. സ്വപ്രയത്നം കൊണ്ടുതന്നെ വ്യക്തിപരമായി നമ്മുടെ പരിമിതകളെ അതിജീവിക്കാൻ നമുക്കു കഴിയില്ലല്ലോ. അതിനാൽ ആ പരിമിതികളെ അംഗീകരിക്കാൻ നാം ഭയപ്പെടരുത്. ദൈവം തന്നെ യേശുക്രിസ്തുവിൽ വിനയപൂർവ്വം നമ്മിലേക്ക് ഇറങ്ങി

വന്നു (ഫലി 2-8). ഇന്നും അങ്ങനെ ചെയ്യുന്നുണ്ട്. നമ്മുടെ ദാരിദ്ര്യത്തിൽ അവിടുന്ന് നമ്മെ സഹായിക്കാൻ വരുകയും നമ്മുടെ ഭാവനയ്ക്ക് അതീതമായ ദാനങ്ങൾ നമുക്കു നല്കുകയും ചെയ്യുന്നു.

ഇന്ത്യയിൽവച്ചുള്ള ആഘോഷത്തിന്റെ വെളിച്ചത്തിൽ സന്തോഷത്തോടും വിസ്മയത്തോടും കൂടി കൽക്കട്ടയിലെ മദർ തെരേസയെ ഓർമ്മിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പരസ്നേഹത്തിന്റെ മാതൃകയായ അവർ ദരിദ്രരോടും രോഗികളോടും ദൈവത്തിനുള്ള സ്നേഹം ദൃശ്യമാക്കി. അവരെ വിശുദ്ധരുടെ പദവിയിലേക്ക് ഉയർത്തിയപ്പോൾ ഞാൻ ഇങ്ങനെ പറഞ്ഞിരുന്നു: ''മദർ തെരേസ ജീവിതത്തിന്റെ എല്ലാ വശങ്ങളിലും ദൈവിക കരുണയുടെ ഉദാരയായ വിതരണക്കാരിയായിരുന്നു. മനുഷ്യ ജീവനെ ഗർഭസ്ഥ ശിശുക്കളുടെയും പരിത്യക്തരുടെയും ജീവനെ -സ്വീകരിച്ച് സംരക്ഷിക്കുന്നതിനുവേണ്ടി മദർ തെരേസ എല്ലാവർക്കും സ്വയം സംലഭ്യയാക്കി. തെരുവീഥിയിൽ മരിക്കാൻവേണ്ടി ഉപേക്ഷിക്കപ്പെട്ടവരുടെ മുമ്പിൽ അവരിലുള്ള ദൈവമഹത്ത്വം കണ്ടുകൊണ്ട് അവൾ തലകുനിച്ചു. തങ്ങൾ സൃഷ്ടിച്ച ദാരിദ്ര്യമെന്ന കുറ്റകൃത്യത്തിന്റെ- അതെ, കുറ്റകൃത്യം തന്നെ - പാപഭാരം തിരിച്ചറിയും വിധം ഈ ലോകത്തിലെ അധികാരകേന്ദ്രങ്ങൾക്കു മുമ്പിൽ അവൾ തന്റെ സ്വരം കേൾപ്പിച്ചു. മദർ തെരേസയുടെ അധ്വാനത്തെ മധുരമുള്ളതാക്കിയ ''ഉപ്പ് '' കാരുണ്യമായിരുന്നു. ദാരിദ്ര്യം കൊണ്ടും സഹനം കൊണ്ടും കരഞ്ഞു കണ്ണു നീർ വറ്റിയവർക്ക് അന്ധകാരത്തിൽ തെളിഞ്ഞ ''പ്രകാശം'' അതായിരുന്നു. നഗരത്തിന്റെയും അസ്തിത്വത്തിന്റയും അരികുകളിൽ അവൾ നിർവഹിച്ച ദൗത്യം, ദരിദ്രരിൽ ദരിദ്രരായവരോട് ദൈവത്തിനുള്ള അടുപ്പത്തിന്റെ ശക്തമായ സാക്ഷ്യമാണ് നമുക്ക് ഇന്നു നല്കുന്നത്'' .

ഓരോ മനുഷ്യനോടും ഭാഷാപരമോ സംസ്കാരപരമോ വംശപരമോ മതപരമോ ആയ വ്യത്യാസം ഇല്ലാത്തതും സ്വാർത്ഥയില്ലാത്തതുമായ സ്നേഹമായിരിക്കണം നമ്മുടെ പ്രവർത്തനത്തിന്റെ ഏക മാനദണ്ഡമെന്നു മനസ്സിലാക്കുവാൻ വിശുദ്ധ മദർ തെരേസാ നമ്മെ സഹായിക്കുന്നു. മനസ്സിലാക്കപ്പെടലും വാത്സല്യപൂർവകമായ സ്നേഹവും ആവശ്യമായിരിക്കുന്ന എല്ലാവർക്കും പ്രത്യേകിച്ച് സഹിക്കുന്നവർക്ക് - സന്തോഷത്തിന്റെയും പ്രത്യാശയുടെയും ചക്രവാളങ്ങൾ തുടർന്നുകൊണ്ട് മദർ തെരേസയുടെ മാതൃക നമ്മെ ഇപ്പോഴും നയിച്ചുകൊണ്ടിരിക്കുന്നു.



ആരോഗ്യ ശുശ്രൂഷയിൽ ഏറെ പ്രധാന്യമുള്ള സന്നദ്ധസേവകരുടെ പ്രവർത്തനത്തെ പ്രചോദിപ്പിക്കുന്നതും നിലനിർത്തുന്നതും ഉദാരതയാണ്. അവർ നല്ല സമരിയാക്കാരന്റെ ആദ്ധ്യാത്മികത വാചാലമാകും വിധം സ്വന്തമാക്കിയിരുന്നു. രോഗികളെ സഹായിക്കുന്ന സന്നദ്ധസംഘടനകളോടും രക്തം, ടിഷ്യുകൾ, അവയവങ്ങൾ എന്നിവയുടെ ദാനം ഏർപ്പെടുത്തുന്നവരോടും ഞാൻ കൃതജ്ഞത രേഖപ്പെടുത്തുന്നു. അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. നിങ്ങളുടെ സാന്നിദ്ധ്യത്തിലൂടെ പ്രകടമാകുന്ന സഭയുടെ കരുതലിന്റെയും പരിഗണനയുടെയും ഒരു പ്രത്യേക മേഖല ഇതാണ്- രോഗികളുടെ, പ്രത്യേകിച്ച് സവിശേഷ പരിചരണം ആവശ്യമുള്ളവരുടെ അവകാശങ്ങൾക്കായി വാദിക്കുക. രോഗങ്ങളെ തടയുന്നതിനുവേണ്ടിയുള്ള അറിവും പ്രോത്സാഹനവും നല്കുവാൻ വേണ്ടി നടത്തുന്ന വിവിധ പരിശ്രമങ്ങളെക്കൂടി ഞാൻ ഇവിടെ സൂചിപ്പിക്കുന്നു. ആശുപത്രിക്ളിലും വീടുകളിലും നിങ്ങൾ ചെയ്യുന്ന സന്നദ്ധ സേവനം ഏറ്റവും പ്രധാനപ്പെട്ടതാണ്. അതിൽ ആരോഗ്യ ശുശ്രൂഷയും ആദ്ധ്യാത്മിക പിൻതുണയും അടങ്ങിയിട്ടുണ്ട്. രോഗികളും ഒറ്റപ്പെട്ടവരും വൃദ്ധരും മാനസികമോ ശരീരികമോ ആയ ദുർബലതയുള്ളവരും ഈ സേവനത്തിൽ നിന്ന് ഉപകാരം നേടുന്നുണ്ട്. മതാഭിമുഖ്യമില്ലാത്ത ഒരു ലോകത്ത് സഭയുടെ സാന്നിധ്യത്തിന്റെ അടയാളമായി തുടരുവാൻ ഞാൻ നിങ്ങളെ നിർബന്ധിക്കുന്നു. ഒരു വോളന്റിയർ നല്ല സുഹൃത്താണ്. വ്യക്തിപരമായ ചിന്തകളും വികാരങ്ങളും അയാളുമായി പങ്കുവയ്ക്കാം. വോളന്റിയർമാർ ക്ഷമാപൂർവം ശ്രവിക്കുന്നു. അങ്ങനെ അവർ രോഗികളെ നിഷ്ക്രിയരായ സ്വീകർത്താക്കൾ എന്ന നിലയിൽ നിന്ന് സജീവ പങ്കാളികളാക്കുന്നു. ആ ബന്ധം പ്രത്യാശ നല്ക്കുന്നു ; കൂടുതൽ ചികിത്സയ്ക്ക് പ്രചോദനം നല്കുന്നു. ഉദാരമതിയാകാനുള്ള ആഗാധമായ ആഗ്രഹത്തിൽ നിന്ന് ഉദ്ഭൂതമാകുന്ന മൂല്യങ്ങളും സ്വാഭാവങ്ങളും ജീവിത ശൈലികളുമാണ് സന്നദ്ധ സേവനം പകർന്നു നല്കുന്നത്. ആരോഗ്യ സംരക്ഷണം കൂടുതൽ മാനുഷികമാക്കാനുള്ള ഒരു മാർഗം കൂടിയാണിത്.

കത്തോലിക്കാ ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളെ - വികസിത പ്രദേശങ്ങളിലായാലും ദാരിദ്ര്യമുള്ള പ്രദേശങ്ങളിലായാലും - ഉദാരതയുടെ ചൈതന്യമാണ് സുവിശേഷമാംവിധം പ്രചോദിപ്പിക്കേണ്ടത്. കാരണം അവ തങ്ങളുടെ പ്രവൃത്തികൾ ചെയ്യുന്നത് സുവിശേഷ

ത്തിന്റെ വെളിച്ചത്തിലാണ്. എങ്ങനെയും ലാഭമുണ്ടാക്കുക, തിരിച്ചു കിട്ടാൻവേണ്ടി കൊടുക്കുക ,ജനങ്ങളെ പരിഗണിക്കാതെ ചൂഷണം ചെയ്യുക എന്നിങ്ങനെയുള്ള മനോഭാവങ്ങളോടുള്ള പ്രത്യുത്തരമായി കത്തോലിക്കാ സ്ഥാപനങ്ങൾ ആത്മദാനത്തിന്റെയും ഔദാര്യത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും മാതൃക നല്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.

ഉദാരതയുടെയും ദാനത്തിന്റെയും സംസ്കാരത്തെ വളർത്താൻ എല്ലാതലങ്ങളിലുമുള്ള ഓരോ വ്യക്തിയെയും ഞാൻ നിർബന്ധിക്കുന്നു. ലാഭത്തിന്റെയും ധൂർത്തിന്റെയും സംസ്കാരത്തെ കീഴടക്കാൻ അത് അത്യന്താപേക്ഷിതമാണ്. കത്തോലിക്കാ ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾ കേവലം ബിസിനസ് നടത്തുന്നതിന്റെ കെണിയിൽ വീഴരുത്. അവർ ലാഭത്തെക്കാൾ കൂടുതലായി വ്യക്തപരമായ ശുശ്രൂഷയെ പരിഗണിക്കണം.ആരോഗ്യം ആപേക്ഷികമാണെന്നും അത് മറ്റുള്ളവരുമായുള്ള ബന്ധത്തെ ആശ്രയിച്ചിരിക്കുന്നുവെന്നും അതിന് വിശ്വാസവും സൗഹൃദവും ഐക്യദാർഢ്യവും അവശ്യമാണെന്നും നമുക്കറിയാം. പങ്കുവയ്ക്കുമ്പോൾ മാത്രം പൂർണമായി ആസ്വദിക്കാൻ കഴിയുന്ന നിധിയാണത്. ഒരു ക്രൈസ്തവന്റെ ആരോഗ്യത്തിന്റെ ബാരോമീറ്റർ ഉദാരതാപൂർണമായ ദാനത്തിന്റെ സന്തോഷമാണ്.

ഞാൻ നിങ്ങളെ എല്ലാവരെയും 'രോഗികളുടെ ആരോഗ്യം' ആയ മറിയത്തിൽ സമർപ്പിക്കുന്നു. സംവാദത്തിന്റെ ചൈതന്യത്തിലും പരസ്പരസ്വീകരണത്തിലും നാം സ്വീകരിച്ച ദാനങ്ങൾ പങ്കുവയ്ക്കാൻ അവൾ നമ്മെ സഹായിക്കട്ടെ. പരസ്പര ആവശ്യങ്ങൾ ശ്രദ്ധിച്ച് സഹോദരീ സഹോദരന്മാരായി ജീവിക്കാനും ഉദാരതയുള്ള ഹൃദയത്തിൽ നിന്നു നല്കാനും മറ്റുള്ളവർക്ക് നസ്വാർത്ഥ സേവനം ചെയ്യാനും സഹായിക്കട്ടെ. പ്രാർത്ഥനയിലുള്ള എന്റെ അടുപ്പം ഞാൻ സ്നേഹത്തോടെ ഉറപ്പു പറയുന്നു. എല്ലാവർക്കും എന്റെ അപ്പോസ്തോലികാശീർവാദം ഹൃദയപൂർവ്വം നല്കുന്നു.

വത്തിക്കാൻസിറ്റി, 25 നവംബർ, 2018



# രൂപതാകാര്യാലയം

**♦ Pope's Monthly Intention for March 2019**

***"ക്രിസ്തീയ സമൂഹങ്ങളിലും അക്രൈസ്തവ സമൂഹങ്ങളിലും പ്രത്യേകിച്ച് പലവിധത്തിൽ പീഡനത്തിനിരയാക്കുന്നവരിലും, വചനമായ ഈശോയെ നൽകുവാൻ സുവിശേഷവത്കരണത്തിലൂടെ പരി.പിതാവ് നമ്മോട് ആഹ്വാനം ചെയ്യുന്നു. പീഡനത്തിനിരയകുന്നവർ ക്രിസ്തുവിനോട് ഏറ്റവും അടുത്ത് നിൽക്കുന്നവരാണെന്നും, അവരുടെ അവകാശങ്ങളെ സഭാ സമൂഹം ബഹുമാനിക്കുന്നു. ഇവ നേടിയെടുക്കുവാൻ സഭ അവരോടൊപ്പം പ്രാർത്ഥനാ പൂർവ്വം നിൽക്കുമെന്നുള്ള യാഥാർത്ഥ്യത്തോടെ, ഈ നിയോഗത്തിൽ ഏവരും ക്രിസ്തുവിനെ അറിയാനും സ്നേഹിക്കപ്പെടുവാനുമായി നമുക്ക് ഇവരെ സമർപ്പിച്ച് പ്രാർത്ഥിക്കാം.***

**♦ നോമ്പുകാലം**

ദനഹാക്കാലത്തിനും ഉയിർപ്പു തിരുനാളിനും ഇടയ്ക്കുള്ള ഏഴ് ആഴ്ചകൾ പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനും ഉപവാസത്തിനുമായി നീക്കിവച്ചിരിക്കുന്നു. ഈശോയുടെ നാല്പതു ദിവസത്തെ ഉപവാസമാണ് വലിയ നോമ്പ് എന്ന പേരിൽ അറിയപ്പെടുന്ന ഈ കാലത്തിന്റെ അടിസ്ഥാനം. എങ്കിലും നാം സാധാരണമായി അമ്പതു നോമ്പ് എന്നാണ് ഈ കാലത്തെ വിളിക്കുക. പേത്തുർത്താ എന്ന സുറിയാനി പദത്തിന്റെ അർത്ഥം അവസാനിപ്പിക്കൽ തിരിഞ്ഞുനോക്കൽ എന്നൊക്കെയാണ്. സുഭിക്ഷമായ ഭക്ഷണത്തിന്റെയും ആഘോഷങ്ങളുടെയും ദിനങ്ങളവസാനിച്ചു എന്നാണ് ഈ പദംകൊണ്ട് ഉദ്ദേശിക്കുന്നത്.ദൈവവുമായും മനുഷ്യർ തമ്മിൽതമ്മിലും അനുരഞ്ജിതരാകേണ്ടതിന്റെ ആവശ്യകതയിലേക്കു നോമ്പുകാലം പ്രത്യേകമായി ശ്രദ്ധ തിരിക്കുന്നു. അതുകൊണ്ടാണ് ഈ അവസരത്തിൽ അനുരഞ്ജന കൂദാശ സ്വീകരിക്കാൻ സഭ വിശ്വാസികളെ പ്രേരിപ്പിക്കുക.

പ്രലോഭനങ്ങളെ പരാജയപ്പെടുത്തി സ്വജീവിതം പിതാവിനു സമർപ്പിച്ച ഈശോയെപ്പോലെ നമ്മുടെ ദുരാശകളെ ഉന്മൂലനം ചെയ്ത്, തീക്ഷ്ണത നിറഞ്ഞ പ്രാർത്ഥനയിലും ആത്മാർത്ഥതയുള്ള ഉപവാസ

ത്തിലും ഔദാര്യപൂർവ്വകമായ ദാനധർമ്മ പ്രവൃത്തികളിലും ഈ കാലം ചെലവഴിക്കണമെന്ന് സഭ നമ്മെ അനുസ്മരിപ്പിക്കുന്നു. **(സീറോ മലബാർ ആരാധനക്രമ പഞ്ചാംഗം 2018– 2019).**

♦ **ഓർമിക്കേണ്ട ദിവസങ്ങൾ**

1 **ദനഹാ എട്ടാം വെള്ളി** – ആദ്യ വെള്ളി
സകല മരിച്ചവരുടെയും ഓർമ്മ

3 **നോമ്പ് ഒന്നാം ഞായർ**

4 നോമ്പ് ഒന്നാം തിങ്കൾ

♦ **നോമ്പാരംഭം** (ഉപവാസദിനം)

10 **നോമ്പ് രണ്ടാം ഞായർ**

17 **നോമ്പ് മൂന്നാം ഞായർ**

18 ജറുസലെമിലെ വി. സിറിൽ

19 വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ

24 **നോമ്പ് നാലാം ഞായർ**

25 മംഗലവാർത്തത്തിരുനാൾ

31 **നോമ്പ് അഞ്ചാം ഞായർ**

♦ **Let us pray for Rev., Priests' :**

**Birth day**

| | |
|---|---|
| Peter Patharamchira | 04 |
| Francia Odampally | 08 |
| Xavier Vadakeyil | 11 |
| Abraham Patteril | 16 |
| George Pazheparambil | 18 |
| Joseph Puthiyedath | 24 |
| Joseph Pampackal | 25 |



**Feast Day- March 19 : St. Joseph**

Joseph Valiaparambil
Joseph Achandy CMI
Joseph Puthettupadavil
Joseph Mattam
Jose Ayamkudy
Joseph Kurialassery
Joseph Pampackal
Joseph Valookaran
Joseph Puthiyedath
Joseph Puthussery
Joseph Poothakuzhy
Joseph Mukkattu
Joseph Cheeran
Joseph Kelamparambil
Joseph Theruvamkunnel MCBS

**Transfer & Appointments of Rev. Fathers**

| Names & Surname | Parishes | Designation |
|---|---|---|
| Rev. Fr. Ambatt Mathew | Thottathady & Kanchal | Asst.Vicar |
| Rev. Fr. Cheriapally Sebastian | Kankanady &Kattipalla | " |
| Rev. Fr. Kottarathil Mathew | Nellyady, Arla & Inchilampady | " |
| Rev. Fr. Kelamparambil Joseph | Udane, Arasinamakki & Shirady | " |
| Rev. Fr. Paikatte Devasya | Kutrupady & Padavu | " |
| Rev. Fr. Vellachalil Mathew | Jadkal | " |

♦ നന്ദിയുടെ നറുമലരുകൾ

തോട്ടത്താടി, കാഞ്ചാൽ എന്നീ ഇടവകകളിൽ കഴിഞ്ഞ 6 മാസം കാലം അസിസ്തേന്തിയായി സ്തുത്യർഹമായി സേവനം ചെയ്ത സി.എം. ഐ സഭാംഗമായ ബഹു. ജോൺസൺ അട്ടുചാലിൽ അച്ചന് രൂപത മുഴുവന്റെയും നന്ദിയും സ്നേഹവും അറിയിക്കുന്നതോടൊപ്പം, ദൈവാനുഗ്രഹവും, വിജയങ്ങളും നേരുകയും ചെയ്യുന്നു.

♦ രൂപത ജീവകാരുണ്യ ഫണ്ട്

ജീവകാരുണ്യ നിധിയിലേക്കുള്ള സംഭാവനകൾ സ്വീകരിക്കുവാനുള്ള കവറുകൾ, വാർഡ് പ്രതിനിധികൾ വീടുകളിൽ എത്തിക്കേണ്ടതാണ്. മാർച്ച് മാസം 24 തിയതി ഞായറാഴ്ച്ച കുർബ്ബാനക്ക് വരുമ്പോൾ ബഹു. വികാരിയച്ചനെ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ലഭിക്കുന്ന തുക തന്നവരുടെ ലിസ്റ്റ് സഹിതം ഏപ്രിൽ - 7 ന് മുമ്പ് രൂപതാ കേന്ദ്രത്തിൽ എത്തിക്കുവാൻ ആവശ്യമായത് ചെയ്യണമെന്ന് ബഹു. വികാരിയച്ചൻമരോട് അഭ്യർത്ഥിക്കുന്നു.

♦ പിരിവ് : **Lenten Collection - 31st March 2019**

**Fr. Lawrence Poonolil**
The Chancellor



# APOSTOLIC JOURNEY OF HIS HOLINESS POPE FRANCIS TO THE UNITED ARAB EMIRATES (3-5 FEBRUARY 2019)

**ഫ്രാൻസിസ് മാർപാപ്പയും അൽ അസ്ഹർ ഗ്രാൻഡ് ഇമാം അഹമ്മദ് അൽ തയിബും ചേർന്നു പുറപ്പെടുവിച്ച പ്രസ്താവന**

**ലോക സമാധാനത്തിനും സഹജീവിതത്തിനുമായി മാനവ സാഹോദര്യം**

♦ **ആമുഖം**

പിന്തുണയ്ക്കുകയും സ്നേഹിക്കുകയും ചെയ്യേണ്ട ഒരു സഹോദരനെയോ സഹോദരിയെയോ അപരനിൽ കാണുവാൻ വിശ്വാസം ഒരു വിശ്വാസിക്കിടയാക്കുന്നു. ജീവജാലത്തെയും സകല മനുഷ്യരെയും (ദൈവത്തിന്റെ കരുണയുടെ കണക്കിൽ തുല്യർ) സൃഷ്ടിച്ച ദൈവത്തിലുള്ള വിശ്വാസത്തിലൂടെ വിശ്വാസികൾ ഈ മാനവസാഹോദര്യം പ്രകടിപ്പിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.

ജീവജാലത്തേയും പ്രപഞ്ചത്തെയാകെയും സംരക്ഷിച്ചുകൊണ്ടും എല്ലാ മനുഷ്യരെയും, വിശേഷിച്ചും ഏറ്റവും ദരിദ്രരേയും സഹായമർഹിക്കുന്നവരേയും, പിന്തുണച്ചുകൊണ്ടുമാണിതു ചെയ്യേണ്ടത്.

സമകാലിക ലോകത്തിന്റെ ആനന്ദങ്ങളും ദുഖങ്ങളും പ്രശ്നങ്ങളും പരസ്പരം പങ്കുവച്ചതും സൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെയും അന്തരീക്ഷം മുഖമുദ്രയായതുമായ ഞങ്ങളുടെ നിരവധി കൂടിക്കാഴ്ചകളുടെ പ്രാരംഭബിന്ദുവായി വർത്തിച്ചത് ഈ അതീതമൂല്യമാണ്. ശാസ്ത്ര സാങ്കേതിക പുരോഗതി, ചികിത്സാ നേട്ടങ്ങൾ, ഡിജിറ്റൽ യുഗം, ബഹു ജനസമ്പർക്ക മാധ്യമങ്ങൾ തുടങ്ങിയവയെയെല്ലാം പരിഗണിച്ചു കൊണ്ടാണ് ഞങ്ങളിതു ചെയ്തത്. ആയുധമത്സരങ്ങളുടെയും സാമൂഹ്യ അനീതിയുടെയും അഴിമതിയുടെയും അസമത്വത്തിന്റെയും ധാർമ്മികാപചയത്തിന്റെയും ഭീകരവാദത്തിന്റെയും വിവേചനത്തിന്റെയും തീവ്രവാദത്തിന്റെയും മറ്റു നിരവധി കാരണങ്ങളുടെയും ഫലമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ധാരാളം സഹോദരങ്ങൾ അനുഭവിക്കുന്ന സഹനം, ദരിദ്ര്യം, സംഘർഷം തുടങ്ങിയ കാര്യങ്ങളെകുറിച്ചു ഞങ്ങൾ വിചിന്തനം ചെയ്തു.

സാഹോദര്യവും തുറവിയും നിറഞ്ഞ ഞങ്ങളുടെ ചർച്ചകളിൽ നിന്നും സകല മനുഷ്യർക്കുമുള്ള ശോഭനമായ ഭാവിയിലുള്ള ഗാഢ

മായ പ്രത്യാശ പ്രകാശിതമായ കൂടിക്കാഴ്ചയിൽ നിന്നുമാണ് മാനവ സാഹോദര്യത്തെക്കുറിച്ചുള്ള ഇത്തരമൊരു രേഖയെന്ന ആശയംരൂപപ്പെട്ടത്. നന്മ നിറഞ്ഞതും ഹൃദയംഗമവുമായ അഭിലാഷങ്ങളുടെ ഒരു സംയുക്ത പ്രഖ്യാപനമായിരിക്കേണ്ടതിനായി, സത്യസന്ധമായും ഗൗരവപൂർണമായും ചിന്തിച്ചും തയ്യാറാക്കിയതാണ് ഈ രേഖ. ദൈവത്തിലും മാനവസാഹോദര്യത്തിലും വിശ്വസിക്കുന്ന എല്ലാ വ്യക്തികളും ഐക്യപ്പെടുകയും ഒന്നിച്ചു പ്രവർത്തിക്കുകയും ചെയ്യാൻ ആഹ്വാനം ചെയ്യുന്ന ഒരു രേഖയാണിത്. എല്ലാ മനുഷ്യരേയും സഹോദരങ്ങളാക്കുന്ന മഹത്തായ ദൈവകൃപയെകുറിച്ചുള്ള അവബോധത്തിൽ ,പരസ്പരാദരവിന്റെ ഒരു സംസ്കാരത്തിൽ മുന്നേറുവാൻ ഭാവിതലമുറകൾക്കുള്ള ഒരു വഴികാട്ടിയായി ഇതു വർത്തിക്കും.

♦ **രേഖ**

എല്ലാ മനുഷ്യരേയും, അവകാശങ്ങളിലും കടമകളിലും അന്തസ്സിലും തുല്യരായി സൃഷ്ടിക്കുകയും സഹോദരങ്ങളായി ഒന്നിച്ചു ജീവിച്ച്, ഭൂമിയിൽ നിറഞ്ഞ്, നന്മയും സ്നേഹവും സാഹോദര്യവും പരത്തി ഒന്നിച്ചു ജീവിക്കുവാൻ അവരെ ആഹ്വാനം ചെയ്യുകയും ചെയ്ത ദൈവത്തിന്റെ പേരിൽ, ഒരു മനുഷ്യനെ കൊല്ലുന്നവൻ മനുഷ്യവംശത്തെയാകെ കൊല്ലുന്നുവെന്നും ഒരു മനുഷ്യനെ രക്ഷിക്കുന്നവൻ മനുഷ്യവംശത്തെയാകെ രക്ഷിക്കുന്നുവെന്നും വ്യക്തമായി ദൈവം കൊലവിലക്കിയ നിഷ്കളങ്കമായ മനുഷ്യ ജീവന്റെ പേരിൽ, ദരിദ്രരുടേയും അഗതികളുടേയും അരികുവത്കരിക്കപ്പെട്ടവരുടേയും പേരിൽ, അനാഥരുടേയും വിധവകളുടേയും അഭയാർത്ഥികളിടേയും പേരിൽ, മാനവസാഹോദര്യത്തിന്റെ പേരിൽ, നീതിയുടെയും കരുണയുടെയും പേരിൽ, സന്മനസ്സുള്ള സകലരുടേയും പേരിൽ, കിഴക്കും പടിഞ്ഞാറുമുള്ള കത്തോലിക്കാ സഭയോടും കത്തോലിക്കരോടും ചേർന്നു കിഴക്കും പടിഞ്ഞാറുമുള്ള മുസ്ലീങ്ങളും അൽ അസ്ഹർ അൽ ഷരീഫും ചേർന്നു, സംഭാഷണ സംസ്കാരത്തെ മാർഗമായും പരസ്പരാദരവിനെ പെരുമാറ്റ ചട്ടമായും പരസ്പരധാരണയെ രീതിശാസ്ത്രവും പ്രമാണവുമായും പ്രഖ്യാപിക്കുന്നു.

സഹിഷ്ണുതയുടെയും സമാധാനത്തിലുള്ള സഹവർത്തിത്വത്തിന്റെയും നിരപരാധികളുടെ രക്ത ചൊരിച്ചിൽ ഇല്ലാക്കുന്നതിനും



ലോകം ഇന്നഭിമുഖീകരിക്കുന്ന പാരിസ്ഥിതികാപചയവും ധാർമ്മിക, സാംസ്കാരിക ച്യുതിയും അവസാനിപ്പിക്കുന്നതിനും യത്നിക്കാൻ ഞങ്ങളോടു തന്നെയും ലോകനേതാക്കളോടും അന്താരാഷ്ട്രനയങ്ങളുടെയും ലോക സമ്പദ്വ്യവസ്ഥയുടെയും ശിൽപികളോടും ഞങ്ങൾ ഈ രേഖയിലൂടെ അഭ്യർത്ഥിക്കുകയാണ്. ദൈവത്തിലും ദൈവവുമായുള്ള അന്തിമ കൂടിക്കാഴ്ചയിലും അവിടുത്തെ വിധിയിലും വിശ്വാസിക്കുന്നവരായ ഞങ്ങൾ, ഞങ്ങളുടെ മതപരവും ധാർമ്മികവുമായ ഉരവാദിത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഈ അഭ്യർത്ഥന നടത്തുന്നത്.

സമാധാനത്തിന്റെയും നീതിയുടെയും നന്മയുടെയും സൗന്ദര്യത്തിന്റെയും മാനവസാഹോദര്യത്തിന്റെയും മൂല്യങ്ങളെ വീണ്ടും കണ്ടെത്തുവാൻ ബുദ്ധിജീവികളോടും തത്ത്വചിന്തകരോടും മതനേതാക്കളോടും കലാകൃത്തുക്കളോടും മാധ്യമപ്രവർത്തകരോടും ലോകത്തിന്റെ എല്ലാ ഭാഗത്തുമുള്ള മനുഷ്യരോടും ഞങ്ങൾ ആഹ്വാനം ചെയ്യുകയാണ്. സകലർക്കുമുള്ള രക്ഷയുടെ നങ്കൂരങ്ങളെന്ന നിലയിൽ ഈ മൂല്യങ്ങളുടെ പ്രാധാന്യമുറപ്പിക്കുന്നതിനും അവയെ എല്ലായിടത്തും വളർത്തുന്നതിനും ഇതാവശ്യമാണ്.

പ്രതികരണശേഷിയില്ലാത്ത മാനവമനസാക്ഷിയും മതാത്മക മൂല്യങ്ങളിൽ നിന്നുള്ള അകൽച്ചയും വ്യക്തിവാദവുമാണ് ആധുനികലോകം നേരിടുന്ന പ്രതിസന്ധികളുടെ പ്രധാനകാരണങ്ങളെന്ന് ഈ രേഖ കരുതുന്നു.

ശാസ്ത്രം, സാങ്കേതിക വിദ്യ, വൈദ്യശാസ്ത്രം, വ്യവസായം തുടങ്ങിയ മേഖലകളിൽ ആധുനികസംസ്കാരം നേടിയിട്ടുള്ള പുരോഗതിയെ അംഗീകരിക്കുമ്പോൾ തന്നെ ഈ നേട്ടങ്ങൾക്കൊപ്പം ധാർമ്മികാപചയവും ആത്മീയമൂല്യങ്ങളുടെ ശോഷണവും ഉണ്ടായിട്ടുണ്ടെന്ന് ഞങ്ങൾ വ്യക്തമാക്കുന്നു. നിരാശയുടെയും ഒറ്റപ്പെടലിന്റെയും ഒരു പൊതുബോധം ഉണ്ടാകുന്നതിനും അതുവഴിയായി അനേകർ നിരീശ്വരവാദത്തിലേയ്ക്കോ ആജ്ഞേയവാദത്തിലേയ്ക്കോ മതമൗലിക വാദത്തിലേയ്ക്കോ അന്ധവും ഭ്രാന്തവുമായ മതതീവ്രവാദത്തിലേയ്ക്കോ നിപതിക്കുന്നതിനും അതു കാരണമായിട്ടുണ്ട്.

പല ഘട്ടങ്ങളായി അരങ്ങേറുന്ന ഒരു മൂന്നാം ലോകമഹായുദ്ധത്തിന്റേതെന്നു വിശേഷിപ്പിക്കാവുന്ന അടയാളങ്ങൾ ലോകത്തിലുണ്ടാക്കുവാൻ മതതീവ്രവാദത്തിനും ദേശീയതീവ്രവാദത്തിനും അസഹിഷ്ണുതയ്ക്കും കഴിഞ്ഞിട്ടുണ്ടെന്നു ചരിത്രം സാക്ഷിക്കുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിലും ഈ അടയാളങ്ങൾ വേദനാജനകമായ വിധത്തിൽ പ്രകടമായി വരുന്നുണ്ട്. സംഘട്ടനങ്ങളുടേയും ഭാഗമായ പുതിയ സംഘർങ്ങൾ ലോകത്തിന്റെ പുതിയ ഭാഗങ്ങളിലുണ്ടാകുന്നുണ്ട്. അനിശ്ചിതത്വവും നിരാശയും ഭാവിയെകുറിച്ചുള്ള ഭയവും നിറഞ്ഞതും സങ്കുചിത സാമ്പത്തിക താത്പര്യങ്ങളാൽ നിയന്ത്രിക്കപ്പെടുന്നതുമായ ഒരു ആഗോളസാഹചര്യത്തിലാണിതെല്ലാം നടക്കുന്നത്.

ധാരളം പ്രകൃതിസമ്പത്തും യുവമനുഷ്യശേഷിയും ഉണ്ടെങ്കിലും രാഷ്ട്രീയ പ്രതിസന്ധികൾ, അനീതി, പ്രകൃതിസമ്പത്തിന്റെ തുല്യമല്ലാത്ത വിതരണം തുടങ്ങിയവയെല്ലാം ദുരന്തപൂർണമായ പ്രതിസന്ധികളിലേയ്ക്കു പല രാഷ്ട്രങ്ങളേയും ഇതു നയിച്ചിട്ടുണ്ട്. ലക്ഷകണക്കിനു കുഞ്ഞുങ്ങളുടെ മരണത്തിൽ കലാശിക്കുന്ന ഇത്തരം പ്രതിസന്ധികൾക്കു നേരെ അംഗീകരിക്കാനാകാത്ത മൗനമാണ് അന്താരാഷ്ട്ര തലത്തിൽ ഉള്ളത്.

കുഞ്ഞുങ്ങളെ ജനിപ്പിക്കുന്നതിലും വളർത്തുന്നതിലും പഠിപ്പിക്കുന്നതിലും അവൾക്ക് ദൃഢമായ ധാർമ്മിക പരിശീലനവും സുരക്ഷയും നൽകുന്നതിലും, മനുഷ്യവംശത്തിന്റെയും സമൂഹത്തിന്റെയും അടിസ്ഥനാനഘടകമായി വർത്തിക്കുന്ന കുടുംബങ്ങൾ എത്രത്തോളം അവശ്യമാണെന്ന് ഈ സാഹചര്യം വ്യക്തമാക്കുന്നു. കുടുംബമെന്ന സ്ഥാപനത്തെ ആക്രമിക്കുക, അതിനെ വെറുപ്പോടെ പരിഗണിക്കുക, പ്രാധാന്യത്തെ സംശയിക്കുക എന്നതാണ് നമ്മുടെ കാലത്തെ ഏറ്റവും ഭീഷണമായ തിന്മകളിലൊന്ന്.

മതാവബോധം വളർത്തുന്നതിന്റെ പ്രാധാന്യവും ഞങ്ങൾ വ്യക്തമാക്കുന്നു.ശക്തമായ വിദ്യാഭ്യാസത്തിലൂടെയും ധാർമ്മിക മൂല്യങ്ങളോടും ശരിയായ മതപ്രബോധനങ്ങളോടും ചേർന്നു നിന്നുകൊണ്ടു പുതിയ തലമുറകളുടെ ഹൃദയങ്ങളിൽ മതാവബോധനം പുനരുജ്ജിവിപ്പിക്കുക പ്രധാനമാണ്. വ്യക്തിവാദപരവും സ്വാർത്ഥവും സംഘർഷാത്മകവും ആയ പ്രവണതകളെ നേരിടാനും എല്ലാ തരത്തിലുമുള്ള



തീവ്രവാദങ്ങളേയും തീവ്രപുരോഗമനവാദത്തേയും നേരിടാനും ഇതാവശ്യമാണ്.

ദൈവത്തിൽ വിശ്വാസിക്കുക, അവിടുത്തെ ആദരിക്കുക, ഈ പ്രപഞ്ചം അതിനെ ഭരിക്കുന്ന ദൈവത്തെ ആശ്രയിച്ചരിക്കുന്നു എന്നു വിശ്വസിക്കാൻ മനുഷ്യരെയെല്ലാം ക്ഷണിക്കുക എന്നതാണ് മതങ്ങളുടെയെല്ലാം പ്രഥമവും പ്രധാനവുമായ ലക്ഷ്യം. തന്റെ ദിവ്യജ്ഞാനം കൊണ്ടു നമ്മെ രൂപപ്പെടുത്തിയ സ്രഷ്ടാവ് അവിടുന്നാണ്, ജീവന്റെ ദാനവും അവിടുന്നു നമുക്കു നൽകി. എടുത്തുമാറ്റാനോ, ഭീഷണിത്തിപ്പെടു തനിക്കു യോജിച്ച വിധത്തിൽ ഉപജാപവിധേയമാക്കാനോ ആർക്കും അവകാശമില്ലാത്ത ദാനമാണു ജീവൻ. തുടക്കം മുതൽ സ്വാഭവികമായ അന്ത്യംവരെയും ജീവന്റെ ഈ ദാനത്തെ എല്ലാവരും തീർച്ചയായും സംരക്ഷിക്കണം. അതിനാൽ, ജീവനു ഭീഷണികളായ വംശഹത്, ഭീകരവാദിപ്രവൃത്തികൾ, നിർബന്ധിതമായ അധിവാസമാറ്റങ്ങൾ, മനുഷ്യക്കടത്ത്, ഭ്രൂണഹത്യ, കാരുണ്യവധം തുടങ്ങിയവയെ ഞങ്ങൾ അപലപിക്കുന്നു. ഇവയെ പ്രോത്സാഹിപ്പിക്കുന്ന നയങ്ങളെയും ഞങ്ങൾ അപലപിക്കുന്നു. കൂടാതെ, മതങ്ങൾ യുദ്ധവും വിദ്വേഷവും ശത്രുതയും തീവ്രവാദവും ഉണ്ടാക്കരുതെന്നു ഞങ്ങൾ ശക്തമായി പ്രഖ്യാപിക്കുന്നു. അവ അക്രമങ്ങൾക്കോ രക്തച്ചൊരിച്ചിലുകൾക്കോകാരണമായിക്കൂടാ. മതപ്രബോധനങ്ങളിൽ നിന്നുള്ള വ്യതിചലനങ്ങളുടെ ദുരന്തഫലങ്ങളാണ് ഈ ദുരന്തയാഥാർത്ഥ്യങ്ങൾ. മതങ്ങളെ രാഷ്ട്രീയോപജാപങ്ങൾക്കു വിധേയമാക്കുന്നതിൽ നിന്നാണ് അവയുണ്ടാക്കുന്നത്. മതവിഭാഗങ്ങളുടെ വ്യാഖ്യാനങ്ങളും അതിനു കാരണമായിട്ടുണ്ട്. മതസത്യവുമായി യാതൊരു ബന്ധവുമില്ലാത്ത വിധം പ്രവർത്തിക്കുന്നതിനു മനുഷ്യരെ പ്രേരിപ്പിക്കുന്നതിന് അവരുടെ ഹൃദയങ്ങളിലെ മതവികാരങ്ങളുടെ ശക്തിയെ ചൂഷണം ചെയ്യുന്നവയാണ് ഇത്തരം വിഭാഗങ്ങൾ. രാഷ്ട്രീയവും സാമ്പത്തികവും ലൗകികവുമായ നേട്ടങ്ങൾ കൈവരിക്കുകയാണ് ഈ പ്രവൃത്തികളുടെ ലക്ഷ്യം. വിദ്വേഷവും അക്രമവും തീവ്രവാദവും അന്ധമായ ഭ്രാന്തും ഉണ്ടാക്കുന്നതിനു മതങ്ങളെ ഉപയോഗിക്കുന്നത് അവസാനിപ്പിക്കാൻ ഞങ്ങൾ ശക്തമായി ആവശ്യപ്പെടുന്നു. കൊലപാതകങ്ങളും പലായനങ്ങളും ഭീകരവാദവും അടിച്ചമർത്തലും ന്യായികരിക്കുന്നതിനും ദൈവത്തിന്റെ നാമം ഉപയോഗിക്കുന്നത് അവസാനിപ്പിക്കണം. ദൈവം മനുഷ്യരെ സൃഷ്ടിച്ചി

രിക്കുന്നത് പരസ്പരം പോരടിക്കാനോ കൊല്ലാനോ മർദ്ദിക്കാനോ അപമാനിക്കാനോ അല്ല. ഈ ദൈവത്തിലുള്ള പൊതുവിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങളിത് ആവശ്യപ്പെടുന്നത്. സർവ്വശക്തനായ ദൈവത്തെ ആരും സംരക്ഷിക്കേണ്ടതില്ല. തന്റെ നാമം ആളുകളെ ഭീതിപ്പെടുത്താൻ ഉപയോഗിക്കുന്നതും ദൈവമാവശ്യപ്പെടുകയില്ല.

ലോകസമാധാന നിർമ്മിതിയിൽ മതങ്ങളുടെ പങ്കിനുള്ള പ്രധാന്യത്തെ ഊന്നിപ്പറഞ്ഞ മുൻകാല അന്താരാഷ്ട്ര രേഖകൾക്കനുസരിച്ച് ഈ രേഖയും താഴെ പറയുന്ന കാര്യങ്ങൾ ഉയർത്തിപ്പിടിക്കുന്നു. സമാധാനത്തിന്റെ മൂല്യത്തിൽ വേരൂന്നി നിൽക്കാനാണ് ആധികാരികമായ മതപ്രബോധനങ്ങൾ പഠിപ്പിക്കുന്നത്. മാനവസാഹോദര്യത്തിന്റെയും സൗഹാർദ്ദപരമായ സഹവർത്തിത്വത്തിന്റെയും പരസ്പരധാരണയുടെയും മൂല്യങ്ങളെ സംരക്ഷിക്കുക, യുവജനങ്ങൾക്കിടയിൽ മതപരമായ അവബോധമുണർത്തുക തുടങ്ങിയവയും മതങ്ങൾ നമ്മോടാവശ്യപ്പെടുന്നു. സ്വാതന്ത്ര്യം എല്ലാ വ്യക്തികളുടേയും അവകാശമാണ്. വിശ്വസിക്കുന്നതിനും ചിന്തിക്കുന്നതിനും അഭിപ്രായം പ്രകടിപ്പിക്കുന്നതിനും പ്രവർത്തിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം ഓരോ വ്യക്തിയും അനുഭവിക്കുന്നു. മതം, നിറം, ലിംഗം, വംശം, ഭാഷ എന്നിവയിലെ വൈവിധ്യം ദൈവത്തിന്റെ ഹിതമാണ്. ഏതെങ്കിലുമൊരു മതത്തോടോ സംസ്കാരത്തോടോ ചേർന്നു നിൽക്കാൻ ആളുകൾക്കു മേൽ ബലപ്രയോഗം നടത്തുന്നതു നിരാകരിക്കപ്പെടണം.

അന്തസ്സുള്ള ജീവിതം എല്ലാവരുടേയും അവകാശമാണ്. അതു സമ്മാനിക്കുന്നതിനു കരുണയിലധിഷ്ഠിതമായ നീതി എന്നപാത പിന്തുടരണം.ലോകത്തിന്റെ വലിയൊരു ഭാഗത്തേയും ബാധിച്ചിരിക്കുന്ന സാമ്പത്തിക, സാമൂഹ്യ,രാഷ്ട്രീയ പാരസ്ഥിതിക പ്രശ്നങ്ങൾ കുറയ്ക്കുന്നതിനു ഗണ്യമായ സംഭാവന നൽകാൻ സമാധാനപരമായ സഹജീവിത്തിനും പരസ്പരമുള്ള അംഗീകാരത്തിനും സഹിഷ്ണുതയുടെ സംസ്കാരത്തിനും സംഭാഷണത്തിനും സാധിക്കും.

ആത്മീയവും മാനവീകവും സാമൂഹികവുമായ മൂല്യങ്ങളുടെ ബൃഹത്തായ ഇടത്തിൽ ഒന്നിച്ചുവരിക, അവിടെ നിന്നു മതങ്ങൾ ലക്ഷ്യം വയ്ക്കുന്ന ഉന്നത ധാർമ്മിക മൂല്യങ്ങൾ പ്രസരിപ്പിക്കുക എന്നതാണ് വിശ്വാസികൾക്കിടയിലെ സംഭാഷണം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. പ്രത്യുത്പാദനപരമല്ലാത്ത ചർച്ചകൾ ഒഴിവാക്കുക എന്നും അതിനർത്ഥമുണ്ട്.ആരാധനാലയങ്ങൾ സിനഗോഗുകളും പള്ളികളും മോസ്കുകളും- സംരക്ഷിക്കുക എന്നത് മതങ്ങളും മാനവീകമൂല്യങ്ങളും നിയമങ്ങളും അന്താരാഷ്ട്ര ധാരണകളും ഉറപ്പു വരുത്തുന്ന കടമയാണ്. ആരാധനാലയങ്ങളെ ആക്രമിക്കാനോ ആക്രമങ്ങൾ, ബോംബ് സ്ഫോടനങ്ങൾ, നശീകരണം തുടങ്ങിയവയിലൂടെ ഭീഷണിപ്പെടുത്താനോ ഉള്ള ശ്രമങ്ങളെല്ലാം മതപ്രബോധനങ്ങളിൽ നിന്നുള്ള വ്യതിചലനവും അന്താരാഷ്ട്ര നിയമങ്ങളുടെ ലംഘനവുമാണ്. ഭീകരവാദം, അത് കിഴക്കോ പടിഞ്ഞാറോ തെക്കോ വടക്കോ ആകട്ടെ, അപലപനീയവും ജനസുരക്ഷയെ ഭീഷണിപ്പെടുത്തുന്നതും എല്ലാ പരിഭ്രാന്തിയും ഭയവും നിരാശയും പരത്തുന്നതുമാണ്. അതു മതത്തിന്റെ ഫലമല്ല. ഭീകരവാദികൾ അതിനെ ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിൽ കൂടിയും. മതപാഠങ്ങളുടെ തെറ്റായ വ്യാഖ്യാനങ്ങളുടെയും വിശപ്പ്, അനീതി, ദാരിദ്ര്യം, അടിച്ചമർത്തൽ, അഹങ്കാരം എന്നിവയുമായി ബന്ധപ്പെട്ട നയങ്ങളുടെയും ഫലമാണത്. ധനവും ആയുധങ്ങളും തന്ത്രങ്ങളും മാധ്യമങ്ങളെ ഉപയോഗിച്ചുള്ള ന്യായീകണങ്ങളും നൽകി ഭീകരവാദി പ്രസ്ഥാനങ്ങളെ പിന്തുണയ്ക്കുന്നത് നിറുത്തേണ്ടത് അത്യാവശ്യമാണ്. സുരക്ഷയേയും ലോകസമാധാനത്തേയും ഭീഷണീപ്പെടുത്തുന്ന അന്താരാഷ്ട്ര കുറ്റകൃത്യങ്ങളായി ഇവ പരിഗണിക്കപ്പെടണം. ഭീകരവാദത്തിന്റെ എല്ലാ രൂപങ്ങളും പ്രകാശനങ്ങളും അപലപിക്കപ്പെടണം.

എല്ലാവർക്കും നീതിലഭിക്കുന്ന അവകാശങ്ങളുടെയും കടമകളുടെയും തുല്യതയിൽ അധിഷ്ഠിതമാണ് പൗരത്വ സങ്കൽപ്പം. അതിനാൽ പൂർണ്ണ പൗരത്വമെന്ന സങ്കൽപ്പം നമ്മുടെ എല്ലാ സമൂഹങ്ങളിലും സ്ഥാപിച്ചെടുക്കുകയും ഒറ്റപ്പെടലിനും അപകർഷതയ്ക്കും കാരണമാകുന്ന ന്യൂനപക്ഷമെന്ന പദത്തിന്റെ വിവേചനാപരമായ ഉപയോഗത്തെ നിരാകരിക്കുകയും ചെയ്യേണ്ടതുണ്ട്. അതിന്റെ ദുരുപയോഗം ശത്രുതയ്ക്കും കലഹത്തിനും വഴി വയ്ക്കുന്നു, വിജയങ്ങളെ ഇല്ലാതാക്കുന്നു, ചില പൗരന്മാരുടെ മതാവകാശങ്ങളെയും പൗരാവകാശങ്ങളേയും എടുത്തു മാറ്റുകയും അപ്രകാരം അവർക്കെതിരെ വിവേചനം പുലർത്തുകയും ചെയ്യുന്നു. കിഴക്കും പടിഞ്ഞാറും തമ്മിലുള്ള നല്ല ബന്ധങ്ങൾ ഇരുകൂട്ടർക്കും പരസ്പരം സമ്പുഷ്ടമാക്കാൻ കഴിയും. ഭൗതികവാദം മൂലമുണ്ടായ ആത്മീയവും മതപരവുമായ കെടുതി

കൾക്കു പരിഹാരം കണ്ടെത്താൻ പടിഞ്ഞാറിനു കഴിയും. ബലഹീനത, വിഭാഗീയത, സംഘർഷം ശാസ്ത്രീയവും സാങ്കേതികവും സാംസ്കാരികവുമായ അപചയം എന്നിവയിൽ നിന്നു മോചനം നേടാനുതകുന്ന ഘടകങ്ങളെ പടിഞ്ഞാറു കണ്ടെത്താൻ കിഴക്കിനു കഴിയും.

വിദ്യാഭ്യാസത്തിനും തൊഴിലിനും ഉള്ള സ്ത്രീകളുടെ അവകാശവും സ്വന്തം രാഷ്ട്രീയാവകാശങ്ങൾ അനുഷ്ഠിക്കുന്നതിനുള്ള അവരുടെ സ്വാതന്ത്ര്യവും അംഗീകരിക്കുക അവശ്യമാണ്. സ്ത്രീകളുടെ വിശ്വാസത്തിന്റെയും അന്തസ്സിന്റെയും തത്വങ്ങൾക്ക് വിരുദ്ധമായ ചരിത്രപരവും സാമൂഹ്യവുമായ പരുവപ്പെടുത്തലുകളിൽ നിന്ന് അവരെ മോചിപ്പിക്കാനുള്ള പരിശ്രമങ്ങളുണ്ടാകണം. ലൈംഗികചൂഷണങ്ങളിൽ നിന്നും ഉപഭോഗവസ്തുക്കളായി കണക്കാക്കുന്നതിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുക അത്യവശമാണ്. കുടുംബാന്തീക്ഷത്തിൽ വളരുന്നതിനും പോഷണവും വിദ്യാഭ്യാസവും പിൻബലവും സ്വീകരിക്കുന്നതിനുമുള്ള കുട്ടികളുടെ മൗലികാവകാശത്തെ സംരക്ഷിക്കുക എന്നത് കുടുംബത്തിന്റെയും സമൂഹത്തിന്റെയും കടമയാണ്. ലോകത്തിന്റെ ഏതു ഭാഗത്തും ഏതും കുഞ്ഞിനും ഇതൊന്നും നിഷേധിക്കപ്പെടുന്നില്ല എന്നുറപ്പു വരുത്തേണ്ടതുണ്ട്. കുഞ്ഞുങ്ങളുടെ അന്തസ്സും അവകാശങ്ങളും നിഷേധിക്കപ്പെടുന്ന എല്ലാ പ്രവൃത്തികളും അപലപിക്കപ്പെടണം. വയോധികരുടേയും ബലഹീനരുടേയും ഭിന്നശേഷിക്കാരുടേയും അടിച്ചമർത്തപ്പെട്ടവരുടെയും അവകാശങ്ങൾ സംരക്ഷിക്കുക എന്നത് മതപരവും സാമൂഹ്യവുമായ ഒരു കടമയാണ്. കർക്കശമായ നിയമനിർമ്മാണങ്ങളിലൂടെയും പ്രസക്തമായ അന്താരാഷ്ട്ര ധാരണകൾ നടപ്പാക്കുന്നതിലൂടെയും ഇതുറപ്പാക്കുകയും സംരക്ഷിക്കുകയും വേണം.

ഈ ലക്ഷ്യത്തിനായി കത്തോലിക്കാ സഭയും അൽ അസ്ഹറും ഈ രേഖ അധികാരികൾക്കും ലോകനേതാക്കളും മതവ്യക്തിത്വങ്ങൾക്കും അന്താരാഷ്ട്ര സംഘടനകൾക്കും മതസ്ഥാപനങ്ങൾക്കും ചിന്തകർക്കും സംയുക്തമായി അയച്ചുകൊടുക്കുമെന്നു പ്രഖ്യാപിക്കുന്നു. ഈ പ്രഖ്യപാനത്തിലടങ്ങിയിരികുന്ന തത്വങ്ങൾ നയങ്ങളും തീരുമാനങ്ങളും നിയമപാഠങ്ങളും പഠനപദ്ധതികളും ആക്കി മാറ്റാൻ അഭ്യർത്ഥിക്കുമ്പോൾ, ദേശീയ, അന്തർദേശീയ തലങ്ങളിൽ ഇതു കൂടു



തൽ പ്രചരിപ്പിക്കാനും ഞങ്ങൾ പ്രതിബദ്ധരാണ്. വിദ്യാലയങ്ങളിലും സർവകലാശാകലളിലും പരിശീലനസ്ഥാപനങ്ങളിലും ഈ രേഖ ഗവേഷണങ്ങൾക്കും വിചിന്തനത്തിനും വിധേയമാക്കണമെന്നും അൽ അസ്ഹറും കത്തോലിക്കാസഭയും അഭ്യർത്ഥിക്കുന്നു. മറ്റുള്ളവർകു നന്മയും സമാധാനവും കൊണ്ടുവരാനും എല്ലായിടത്തും അടിച്ചമർത്തപ്പെട്ടവരുടേയും ഏറ്റവും എളിയ സഹോദരങ്ങളുടെയും അവകാശങ്ങളുടെ സംരക്ഷകരാകാനും പുതിയ തലമുറയെ പഠിപ്പിക്കാൻ ഇതു സഹായകരമാകും. ഉപസംഹാരമായി ഞങ്ങളുടെ അഭിലാഷമിതാണ്. വിശ്വാസികൾക്കിടയിലും വിശ്വാസികൾക്കും അവിശ്വാസികൾക്കുമിടയിലും സന്മനസ്സുള്ള എല്ലാ ജനങ്ങൾക്കുമിടയിലും അനുരഞ്ജനവും സാഹോദര്യവും സ്ഥാപിക്കുന്നതിനുള്ള ഒരു ക്ഷണ പത്രികയായിത്തീരട്ടെ ഈ പ്രഖ്യാപനം.

അക്രമങ്ങളേയും ഭീകരവാദത്തേയും നിരാകരിക്കുന്ന ഉത്തമ മനസാക്ഷിയോടുള്ള ഒരു അഭ്യർത്ഥനയാകട്ടെ ഈ പ്രഖ്യാപനം, മതങ്ങൾ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുന്ന സഹിഷ്ണുതയുടേയും സാഹോദര്യത്തിന്റെയും മൂല്യങ്ങൾ വിലമതിക്കുന്നവരോടുള്ള ഒരു അഭ്യർത്ഥന ഭിന്നിക്കപ്പെട്ട ഹൃദയങ്ങളെ ഐക്യപ്പെടുത്തുകയും മനുഷ്യാത്മാവിനെ ഉയർത്തുകയും ചെയ്യുന്ന ദൈവത്തിലുള്ള വിശ്വാസത്തിന്റെ മഹത്വത്തിന് ഇതൊരു സാക്ഷ്യമാകട്ടെ, കിഴക്കും പടിഞ്ഞാറും തെക്കും വടക്കും തമ്മിലുള്ള, പരസ്പരം മനസ്സിലാക്കാനും സഹകരിക്കാനും സഹോദരങ്ങളായി സ്നേഹിച്ചു ജീവിക്കാനുമാണു ദൈവം നമ്മെ സൃഷ്ടിച്ചതെന്നു വിശ്വാസിക്കുന്ന എല്ലാവർക്കുമിടയിലുള്ള അടുപ്പത്തിന്റെ അടയാളമാണ് ഈ പ്രഖ്യാപനം.

എല്ലാവർക്കും ഈ ജീവിതത്തിൽ ആസ്വദിക്കാൻ കഴിയുന്ന സാർവ്വത്രിക സമാധാനം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ ഞങ്ങൾ പ്രത്യാശിക്കുന്നതും തേടുന്നതും ഇതാണ്.

**ഫ്രാൻസിസ് മാർപാപ്പ,**

**അൽ അസ്ഹർ ഗ്രാൻഡ് ഇമാം അഹമ്മദ് അൽ തയ്യിബ്.**

Abu Dhabi, 4 February 2019

**Apostolic Exhortation**
**Gaudete et Esultate of the Holy Father Francis on the call to Holiness in Today's world.**
**ആനന്ദിച്ച് ആഹ്ലാദിക്കുവിൻ**

## അധ്യായം മൂന്ന്
## ദിവ്യഗുരുവിന്റെ പ്രകാശത്തിൽ

63. വിശുദ്ധിയുടെ മാനങ്ങളെക്കുറിച്ച് വൈവിധ്യമാർന്ന വിശദീകരണങ്ങളോടും വ്യത്യാസങ്ങളോടും കൂടിയ നിരവധി സിദ്ധാന്തങ്ങൾ ഉണ്ടാവാം. അത്തരം വിചിന്തനങ്ങളെല്ലാം പ്രയോജനകരങ്ങളാണെങ്കിലും യേശുവിന്റെ വചനങ്ങളിലേക്ക് തിരിയുകയും സത്യം പഠിപ്പിക്കുന്ന അവിടുത്തെ രീതി മനസ്സിലാക്കുകയും ചെയ്യുന്നതിനെക്കാൾ പ്രകാശം പരത്തുന്ന മറ്റൊന്നുമില്ല. സുവിശേഷ ഭാഗ്യങ്ങൾ( മത്താ.5:3 12; ലൂക്കാ 6: 20 – 23) നൽകിയപ്പോൾ, വിശുദ്ധി എന്നാൽ എന്താണെന്ന് അവിടുന്ന് വളരെ ലളിതമായി പറഞ്ഞു തന്നു. സുവിശേഷഭാഗ്യങ്ങൾ ഒരു ക്രൈസ്തവന് തിരിച്ചറിയൽ രേഖ പോലെയാണ്. അതുകൊണ്ട് ''ഒരു നല്ല ക്രൈസ്തവനാകുവാൻ എന്തു ചെയ്യണം'' എന്ന് ആരെങ്കിലും ചോദിച്ചാൽ, ഉത്തരം വ്യക്തമാണ്. ഗിരിപ്രഭാഷണ ത്തിൽ യേശു പറഞ്ഞത് നാം ഓരോരുത്തരും നമ്മുടെ ജീവിത സാഹചര്യങ്ങളിൽ സാക്ഷാത്ക്കരിക്കേണ്ടതുണ്ട്. നമ്മുടെ അനുദിനജീവിതത്തിൽ പ്രതിഫലിപ്പിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്ന ദിവ്യനാഥന്റെ ഒരു ചിത്രം സുവിശേഷഭാഗ്യങ്ങളിൽ നാം ദർശിക്കുന്നു.

64. ''ആനന്ദഭരിതർ'' അല്ലെങ്കിൽ ''അനുഗൃഹീതർ'' എന്ന വാക്ക് അങ്ങനെ ''വിശുദ്ധി ''യുടെ ഒരു പര്യായമായിത്തീരുന്നു. ദൈവത്തോടും അവിടുത്തെ വചനത്തോടും വിശ്വസ്തരായവർ തങ്ങളുടെ ആത്മദാനത്തിലൂടെ യഥാർത്ഥ ആനന്ദം നേടുന്നു എന്ന വസ്തുത ഇത് പ്രകാശിപ്പിക്കുന്നു.

**ഒഴുക്കിനെതിരെയുള്ള പ്രയാണം**

65. യേശുവിന്റെ വാക്കുകൾ കാവ്യാത്മകമായി നമ്മെ സ്പർശിക്കാമെങ്കിലും നമ്മുടെ ലോകത്തിൽ കാര്യങ്ങൾ നിർവഹിക്കപ്പെടുന്നതിന്റെ കടകവിരുദ്ധമായിട്ടാണ് അവ സ്വീകരിക്കപ്പെടുന്നത്.യേശുവിന്റെ സന്ദേശം നമുക്ക് ആകർഷകമായി തോന്നിയാലും, ലോകം മറ്റൊരു ജീവിത ശൈലിയിലേക്ക് നമ്മെ തള്ളിവിടുന്നു. സുവിശേഷഭാഗ്യങ്ങൾ



ഒരിക്കലും വിരസമോ, ഒന്നും ആവശ്യപ്പെടാത്തതോ അല്ല ; നേരെ മറിച്ചാണ്. പരിശുദ്ധാത്മാവ് അവിടുത്തെ ശക്തികൊണ്ട് നമ്മെ നിറയ്ക്കുകയും നമ്മുടെ ദൗർബല്യങ്ങളിൽ നിന്നും നമ്മുടെ സ്വാർത്ഥതയിലും അഹങ്കാരത്തിലും നിന്നും, അലംഭാവത്തിൽ നിന്നും നമ്മെ സ്വാതന്ത്രരാക്കുകയും ചെയ്താൽ മാത്രമേ അവ നമുക്ക് പരിശീലിക്കുവാൻ കഴിയുകയുള്ളു.

66. ദിവ്യനാഥൻ അർഹിക്കുന്ന എല്ലാ സ്നേഹത്തോടും ബഹുമാനത്തോടും കൂടി, ഒരിക്കൽക്കൂടി നമുക്ക് യേശുവിനെ ശ്രവിക്കാം.നമ്മെ ഇളക്കുവാനും, നമ്മെ വെല്ലു വിളിക്കുവാനും, നമ്മുടെ ജീവിത രീതിയിലെ യഥാർത്ഥ മാറ്റം ആവശ്യപ്പെടുവാനും അവിടുത്തെ വചനങ്ങളെ നമുക്ക് അനുവദിക്കാം. ഇങ്ങനെയല്ലാത്തപക്ഷം വിശുദ്ധി എന്നത് അർത്ഥശൂന്യമായ ഒരു പദം മാത്രമായവശേഷിക്കും. വിശുദ്ധി മത്തായിയുടെ സുവിശേഷത്തിലെ ഓരോ സുവിശേഷഭാഗ്യങ്ങളിലേക്ക്. (മത്താ 5: 3–12) നാം ഇപ്പോൾ തിരിയുന്നു:

**"ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവരുടേതാണ്"**.

67. നമ്മുടെ ജീവിതത്തിന്റെ സുരക്ഷിതത്വം നാം എവിടെയാണ് കാണുന്നതെന്ന് സസൂക്ഷ്മം വീക്ഷിക്കുവാൻ നമ്മുടെ ഹൃദയത്തിന്റെ ആഴങ്ങളിലെയ്ക്ക് ചൂഴ്ന്നിറങ്ങുവാൻ സുവിശേഷം നമ്മെ കക്ഷിക്കുന്നു. സാധരണയായി സമ്പന്നർ തങ്ങളുടെ സമ്പത്തിലാണ് സുരക്ഷിതത്വം കാണുന്നത്. തങ്ങളുടെ സമ്പത്തിന് ഭീഷണി ഉയർത്താൽ ഈ ഭൂമിയിലെ ജീവിതം തകർന്നടിഞ്ഞേക്കാമെന്നു ചിന്തിക്കുന്നു. ഭോഷനായ ധനികന്റെ ഉപമയിൽ യേശു തന്നെ ഇതു നമ്മോടു പറയുന്നു: തനിക്ക് എല്ലാം ഭദ്രമെന്ന് കരുതുകയും, എന്നുവരികിലും ഭോഷനുമായിരുന്ന, ഒരാളെക്കുറിച്ചാണ് ഈശോ പറയുന്നത്; എന്തെന്നാൽ അന്നു തന്നെ താൻ മരിക്കും എന്ന സത്യം അവന്റെ ചിന്തയിൽ ഉദിച്ചില്ല (ലൂക്കാ 12: 16–21).

68. സമ്പത്ത് ഒന്നും ഉറപ്പാക്കുന്നില്ല. തീർച്ചയായും, സമ്പന്നരാണ് എന്ന് വിചാരിച്ചാൽ നാം വളരെ സ്വയം സംതൃപ്തരായി മാറുന്നു; ദൈവവചനത്തിനോ സഹോദരീ സഹോദരന്മാരോടുള്ള സ്നേഹത്തിനോ ജീവിതത്തിലെ പരമപ്രധാനമായ കാര്യങ്ങൾ അനുഭവിക്കുന്നതിനോ നാം ഇടം കൊടുക്കുന്നില്ല. ആ വിധത്തിൽ, പരമോന്നമായ നിധി നാം നഷ്ടപ്പെടുത്തുന്നു. അതുകൊണ്ടാണ് ആത്മാവിൽ ദരിദ്രരായവരെ യേശു ഭാഗ്യവാന്മാർ എന്ന് വിളിക്കുന്നത്; എന്തെന്നാൽ, ദരിദ്രമായ

ഹൃദയമുള്ളവരിൽ കർത്താവിന് നിത്യനൂതനത്വത്താടെ പ്രവേശിക്കുവാൻ കഴിയുന്നു.

69. ഈ ആത്മീയ ദരിദ്ര്യം വിശുദ്ധ ഇഗ്നേഷ്യസ് ലയോള "വിശുദ്ധമായ നിസ്സംഗത" എന്നു വിളിക്കുന്നതുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്ന; അത് നമ്മെ പ്രകാശപൂരിതമായ ഒരു ആന്തരിക സ്വതന്ത്ര്യത്തിലെക്ക് പ്രവേശിപ്പിക്കുന്നു: "നമ്മുടെ സ്വതന്ത്രമനസ്സിന് അനുവദനീയവും വിലക്കപ്പെടാത്തതും ആയ എല്ലാ സൃഷ്ടവസ്തുക്കളോടും നിസ്സംഗരാകുവാൻ നാം നമ്മെത്തന്നെ പരിശീലിപ്പിക്കേണ്ടതുണ്ട്; അതിലുടെ അനാരോഗ്യത്തിനു പകരം ആരോഗ്യത്തിലും ദാരിദ്ര്യത്തിനു പകരം സമ്പന്നതയിലും അപമാനത്തിനുപകരം അഭിമാനത്തിലും ഹ്രസ്വജീവിതത്തിനുപകരം ദീർഘജീവിതത്തിലും മറ്റ് എല്ലാത്തിലും ശ്രദ്ധിക്കുന്നതിൽ നിന്നും നമ്മുടെ ഹൃദയം പിൻവലിയുന്നു."

70. ലൂക്കാ " ആത്മാവിലെ" ദാരിദ്ര്യത്തെക്കുറിച്ച് പരാമർശിക്കുന്നില്ല. അദ്ദേഹം വളരെ ലളിതമായി ദരിദ്രർ എന്ന വാക്കാണ് ഉപയോഗിക്കുന്നത് (ലൂക്കാ 6: 20). അതിലുടെ അദ്ദേഹവും ലളിതവും വിരക്തിയുള്ളതുമായ ജീവിതം നയിക്കുവാൻ നമ്മെ ക്ഷണിക്കുന്നു; അപ്പോസ്തലന്മാർ ജീവിച്ചതുപോലെ ദരിദ്രരുടെ ജീവിതത്തിൽ പങ്കാളികളാകുവാൻ ക്ഷണിക്കുന്നു. അതിലൂടെ ആത്യന്തികമായി "സമ്പന്നനായിരുന്നിട്ടും സ്വയം ദരിദ്രനായ"(2 കോറി 8:9) യേശുവുമായി സ്വയം അനുരൂപപ്പെടാൻ നമുക്ക് സാധിക്കുന്നു.

**ഹൃദയത്തിൽ ദരിദ്രരായിരിക്കുക: അതാണ് വിശുദ്ധി.**

**"ശാന്തശീലർ ഭാഗ്യവാന്മാർ; അവർ ഭൂമി അവകാശമാക്കും. "**

71. അരംഭം മുതൽക്കേ സംഘട്ടനങ്ങളുടെയും തർക്കങ്ങളുടെയും എല്ലാവശത്തുമുള്ള ശത്രുതകളുടെയും ഇടമായ, മറ്റുള്ളവരെ അവരുടെ ആശയങ്ങളുടെയും ആചാരങ്ങളുടെയും സംസാരീതിയുടെയും വസ്ത്രധാരണ ശൈലിയുടെ പേരിൽ വേർതിരിക്കുന്ന ഒരു ലോകത്തിലെ അതിശക്തമായ വാക്കുകളാണിവ. ഓരോ വ്യക്തിയും അവനോ അവൾക്കോ മറ്റുള്ളവരെ കീഴടക്കി ഭരിക്കുവാൻ അവകാശമുണ്ടെന്ന് കരുതുന്ന അഹങ്കാരത്തിന്റെയും പൊങ്ങച്ചത്തിന്റെയും വാഴ്ചയാണ് ആത്യന്തികമായി ഇവിടെയുള്ളത്. എന്നിരുന്നാലും ആസാധ്യമെന്ന് തോന്നുന്ന, വ്യത്യസ്തമായ ഒരു കർമ്മപഥം യേശു മുന്നോട്ടുവയ്ക്കുന്നു: ശാന്തതയുടെ മാർഗം അവിടുന്ന് ശിഷ്യരോട് ഇടപഴകിയ രീതിയാണത്. അവിടുത്തെ ജറുസലേം പ്രവേശനത്തിൽ നാം ധ്യാനിക്കുന്നതും അതാണ്: ഇതാ നിന്റെ രാജാവ് വിനയാന്വിതനായി കഴുതയുടെയും കഴുതക്കുട്ടിയുടെയും പുറത്ത് നിന്റെ അടുത്തേക്കു വരുന്നു.

72. ക്രിസ്തു പറയുന്നു: " ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്നും പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ , നിങ്ങൾക്ക് ആശ്വാസം ലഭിക്കും" (മത്താ 11: 29). നാം മറ്റുള്ളവരെക്കുറിച്ച് സ്ഥിരം അസ്വസ്ഥരും അശാന്തരുമായാൽ നാം വരണ്ടണങ്ങിയവരും ക്ഷീണിതരുമാകും. എന്നാൽ മറ്റുള്ളവരുടെ തെറ്റുകളും കുറവുകളും ആർദ്രതയോടെയും ശാന്തതയോടെയും അവരെക്കാൾ പ്രഗത്ഭൻ എന്ന ഭാവമില്ലാതെയും കണക്കാക്കാനായാൽ നമുക്ക് അവരെ സഹായിക്കുവാനാകും; നിഷ്പ്രയോജനകരമായ പരാതിപ്പെടലിലൂടെ നമ്മുടെ ഊർജ്ജം പാഴാക്കാതിരിക്കുവാനും സാധിക്കും. ലിസ്യുവിലെ വിശുദ്ധ കൊച്ചു ത്രേസ്യ പറയുന്നു; " മറ്റുള്ളവരുടെ തെറ്റുകളെ മനസ്സിലാക്കിയും എന്നാൽ അവരുടെ വീഴ്ചകളിൽ ഇടറാതെയും ജീവിക്കുന്നതാണ് ഉത്തമമായ ഉപവി".

73. പരിശുദ്ധാത്മാവിന്റെ ഫലങ്ങളിൽ ഒന്നാണ് ശാന്തതയെന്ന് വിശുദ്ധ പൗലോസ് പറയുന്നു(ഗലാ 5: 23) നമ്മുടെ സഹോദരീ സഹോദരന്മാരിൽ ആരെങ്കിലും നമുക്ക് ക്ലേശമുണ്ടാക്കിയാൽ, "ശാന്തതയുടെ അരുപിയോടെ" അവരെ തിരുത്തുവാൻ നാം ശ്രമിക്കണമെന്ന് അദ്ദേഹം ഉപദേശിക്കുന്നു. എന്തെന്നാൽ നിങ്ങളും പ്രലോഭിക്കപ്പെടാവുന്നവരാണ് (ഗലാ 6: 1) എന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു. നാം നമ്മുടെ വിശ്വാസത്തെയും ബോധ്യങ്ങളെയും പ്രതിരോധിക്കുമ്പോഴും "ശാന്തതയോടെ അതുചെയ്യണം. (1 പത്രോ 3: 16). നമ്മുടെ ശത്രുക്കളോടും "ശാന്തതയോടെ" (2 തിമോ 2: 25) പെരുമാറണം. ദൈവവചനത്തിന്റെ ഈ കല്പന പാലിക്കുന്നതിൽ തിരുസഭയിൽ നമുക്ക് മിക്കപോഴും തെറ്റു പറ്റുന്നു.

74. ദൈവത്തിൽ മാത്രം ശരണം വയ്ക്കുന്നവരുടെ ആന്തരിക ദാരിദ്ര്യത്തിന്റെ മറ്റെരു ആവിഷ്ക്കാരമാണ് ശാന്തത. വസ്തവത്തിൽ വിശുദ്ധ ഗ്രന്ഥത്തിൽ ശാന്തതയുള്ളവരെയും ദരിദ്രരെയും പരാമർശിക്കാൻ "അനാവിം" എന്ന ഒറ്റവാക്കാണ് ഉപയോഗിക്കുന്നത്. ഞാൻ അത്രയും ശാന്തനായാൽ ഞാൻ ഒരു മണ്ടനോ വിഡ്ഢിയോ ദുർബലനോ ആണെന്ന് അവർ കരുതിയേക്കാം എന്ന് ചിലർ പറഞ്ഞേക്കാം. ചിലപോൾ അങ്ങനെ പറഞ്ഞേക്കാം; പറയട്ടെ. എന്നാൽ എപ്പോഴും ശാന്തനായിരിക്കുന്നതാണ് നല്ലത്. ആ സമയം നമ്മുടെ ആഴമാർന്ന ആഗ്രഹങ്ങൾ സാധിക്കപ്പെടും. ശാന്തശീലർ ഭൂമി അവകാശമാക്കും എന്നതിന്, അവർ തങ്ങളുടെ ജീവിതത്തിൽ ദൈവത്തിന്റെ വാഗ്ദാനങ്ങൾ

വാഗ്ദാനങ്ങൾ നിറവേറുന്നത് കാണും എന്നർത്ഥമാണ്. എല്ലാ സാഹചര്യങ്ങളിലും ശാന്തശീലർ തങ്ങളുടെ പ്രത്യാശ ദൈവത്തിൽ മാത്രം അർപ്പിക്കുന്നു. അവിടുന്നിൽ പ്രത്യാശ അർപ്പിക്കുന്നവർ ഭൂമി അവകാശമാക്കും .. അവർ സമാധനത്തിന്റെ പൂർണ്ണത അനുഭവിക്കും (സങ്കി 37:9-11). കർത്താവ് അവരെ വിശ്വാസിക്കുന്നു. ''ആത്മാവിൽ എളിമയും അനുതാപവും ഉണ്ടായിരിക്കുകയും എന്റെ വചനം ശ്രവിക്കുമ്പോൾ വിറയ്ക്കുകയും ചെയ്യുന്നവനെയാണു ഞാൻ കടാക്ഷിക്കുക'' (ഏശ 66: 2).

**ശാന്തതയോടും വിനയത്തോടും കൂടി പ്രതികരിക്കുക അതാണ് വിശുദ്ധി.**

''വിലപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ആശ്വാസിപ്പിക്കപ്പെടും''.

75. ലോകം നേരെ മറിച്ചാണ് നമ്മോട് പറയുന്നത്. വിനോദങ്ങളും സുഖങ്ങളും നേരം പോക്കുകളും വഴുതിപോകലുകളും എല്ലാമാണ് ജീവിതത്തെ മനോഹരമാക്കുന്നത്. ഐഹിക മനുഷ്യൻ കുടുംബത്തിലോ തനിക്കു ചുറ്റുമുള്ളവരിലോ ദർശിക്കുന്ന കഠിനമായ രോഗങ്ങളും സങ്കടങ്ങളും അവഗണിക്കുന്നു. അവൻ അവിടേക്കു നോക്കുന്നില്ല ലോകത്തിന് വിലപിക്കുവാൻ താത്പര്യമില്ല. വേദനയുണ്ടാക്കുന്ന സാഹചര്യങ്ങൾ ലോകം ഒഴിവാക്കുന്നു; അവയെ ഒളിച്ചുവയ്ക്കുകയോ ഗൂഢമായി സൂക്ഷിക്കുകയോ ചെയ്യുന്നു. യാഥാർത്ഥ്യത്തെ മുടിവയ്ക്കാൻ സാധിക്കും എന്ന് കരുതി സഹനതിന്റെ സാഹചര്യങ്ങളിൽ നിന്നും ഓടി ഒളിക്കുന്നതിനായി ഏറെ ഊർജ്ജം ചെലവഴിക്കുന്നു. എന്നിരുന്നാലും കുരിശ് ഇല്ലാത്ത അവസ്ഥ ഒരിക്കലും ഇല്ല.

76. യാഥാർത്ഥ്യങ്ങളെ അവ ആയിരിക്കുന്ന വിധത്തിൽ കാണുകയും വേദനിക്കുന്നവരോടും സങ്കടപ്പെടുന്നവരോടും സഹാനുഭൂതി പുലർത്തുകയും ചെയ്യുന്നവന് ജീവിതത്തിന്റെ ആഴങ്ങളെ സ്പർശിക്കുവാനും യാഥാർത്ഥ സന്തുഷ്ടി കണ്ടെത്തുവാനും സാധിക്കും. അവനോ അവളോ സാന്ത്വനിപിക്കപ്പെടുന്നതു ലോകത്താലല്ല: യേശുവിനാലാണ്. അത്തരം വ്യക്തികൾക്ക് മറ്റുള്ളവരുടെ സഹനത്തിൽ പങ്കാളികളാകാൻ ഭയമില്ല. വേദനാനിർഭരമായ സാഹചര്യങ്ങളിൽനിന്നും അവർ ഒളിച്ചോടുകയും ഇല്ല. സഹനമനുഭവിക്കുന്നവരുടെ സഹായത്തിന് എത്തിച്ചേർന്നും അവരുടെ യാതന മനസ്സിലാക്കി സഹായം നൽകിക്കൊണ്ടും അവർ ജീവിതത്തിന് അർത്ഥം കണ്ടെത്തുന്നു. ഇതരൻതന്റെ മാംസത്തിന്റെ മാംസമാണെന്ന് അവർ തിരിച്ചറിയുന്നു. അതുകൊണ്ട്



അവരുടെ മുറിവുകൾ സ്പർശിക്കുവാൻ തക്കവിധം അവരുടെ അനുകമ്പ വളർന്ന് എല്ലാ അകലവും അപ്രപ്യക്ഷമാക്കുന്നു. ''കരയുന്നവരോടുകൂടെ കരയുവിൻ( റോമാ 12:15).എന്ന വിശുദ്ധ പൗലോസിന്റെ ഉദ്ബോധനത്തെ അവർക്ക് ഈ വിധത്തിൻ ആശ്ലേഷിക്കാൻ സാധക്കുന്നു.

**മറ്റുള്ളവരോടൊത്ത് വിലപിക്കുന്നതെങ്ങനെയെന്നറിയുക: അതാണ് വിശുദ്ധി**

**''നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവന്മാർ; സംതൃപ്തി ലഭിക്കും.''**

77. വിശപ്പും ദാഹവും തീക്ഷണമായ അനുഭവങ്ങളാണ്. എന്തെന്നാൽ അവ നമ്മുടെ അതിജീവനത്തിനുള്ള ജന്മവാസനയുടെ അടിസ്ഥാന ആവശ്യങ്ങളാണ്. സമാന തീക്ഷ്ണതയോടെ നീതിക്കുവേണ്ടി ദാഹിക്കുകയും നന്മ ആഗ്രഹിക്കുകയും ചെയ്യുന്നവരുണ്ട്. യോശു പറയുന്നു: അവർ സംതൃപത്തരാക്കപ്പെടും; എന്തെന്നാൽ ഉടനടിയോ സാവകാശമോ നീതി സ്ഥാപിതമാകും. നമ്മുടെ പ്രയത്നങ്ങളുടെ ഫലങ്ങൾ എല്ലായ്പ്പോഴും നാം കണ്ടില്ലെന്നു വന്നേക്കാമെങ്കിലും അതു യാഥാർത്ഥ്യമാകുവാൻ നമുക്ക് സഹകരിക്കാം.

78. സ്ഥാപിത താത്പര്യങ്ങളാൽ കളങ്കിതവും പല വിധത്തിൽ വികലമാക്കപ്പെട്ടതുമായ ലോകത്തിന്റെ നീതിയിൽ നിന്നും വ്യത്യസ്തമായ ഒന്നാണ് യേശു വാഗ്ദാനം ചെയ്യുന്നത്. എല്ലാ വ്യവഹാരമായി കാണുന്ന അവസ്ഥയിൽ എന്ത് എന്തിന് എന്ന അനുദിന രാഷ്ട്രീയ സാഹചര്യത്തിൽ അഴിമതിയിൽ മുങ്ങുക എത്ര എളുപ്പമാണെന്ന് അനുഭവം നമുക്ക് കാണിച്ചുതരുന്നു. നിസ്സഹായരായി നോക്കിനിന്നു കൊണ്ട് എത്രയോ പേരാണ് അനീതി സഹിക്കേണ്ടിവരുന്നത്. എന്നാൽ മറ്റു ചിലരാകട്ടെ ജീവിതത്തിന്റെ എല്ലാ നേട്ടങ്ങളും സ്വന്തമാക്കുന്നു. യഥാർത്ഥ നീതി ക്കുവേണ്ടിയുള്ള പോരാട്ടം ചിലർ അവസാനിപ്പിച്ച് ജേതാക്കളൊത്ത് അനുയാത്ര ചെയ്യാൻ നിശ്ചയിക്കുന്നു. എന്നാൽ യേശു പുകഴ്ത്തുന്ന നീതിക്കുവേണ്ടിയുള്ള വിശപ്പിനും ദാഹത്തിനും ഇതുമായി യാതൊരു ബന്ധവുമില്ല.

**(Continued)**

## വിശ്വാസ പരിശീലനം

*" അവിടുന്നു തന്റെ വിശുദ്ധ സ്വർഗത്തിൽനിന്ന് അവന് ഉത്തരമരുളും. വലത്തുകൈകൊണ്ടു മഹത്തായ വിജയം നൽകും." (സങ്കീ 20: 6)*

♦ **വിശ്വാസ പരിശീലന ക്ലാസ്സുകളുടെ സന്ദർശനം.**

March 3 - Nellyady & Arla.

March 10 - Hoskote, Siddapura - Kodagu Banavara & Heggala.

March 17 - Sampaje.

**ഫെബ്രവരി - 3** ആജിരി, സിദ്ധാപുര,
**ഫെബ്രവരി - 10** മദ്ദോടി, കൽമക്കി, ശിറൂറു, വേണൂറു, കുന്ദാപുര, **ഫെബ്രവരി - 17** കുദ്രുപാടി, പദാവു, ഗുത്തിഗാർ, **ഫെബ്രവരി - 24** കങ്കനാടി, കാട്ടിപള്ള, പുത്തുറു എന്നീ ഇടവകകളിൽ രൂപതാ ടീം അംഗങ്ങൾ വിശ്വാസ പരിശീലന ക്ലാസ്സുകൾ സന്ദർശിക്കുകയുണ്ടായി. ഇതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തു തന്ന് സഹായിച്ച ബഹു. വികാരി അച്ചന്മാർക്കും അദ്ധ്യാപകർക്കും പ്രത്യേകം നന്ദി.

♦ വിശ്വാസപരിശീലന വാർഷിക പരീക്ഷ - ഏപ്രിൽ 13

• പരീക്ഷ അപേക്ഷാ ഫോം 2019

ഇടവകക്കാവശ്യമായ ചോദ്യക്കടലാസ്സുകളുടെ എണ്ണം അറിയിക്കാനുള്ള ഫോം, സ്ക്കോളർഷിപ്പ്, ഡിപ്ളോമ, പോസ്റ്റ് ഡിപ്ളോമ ഫോം എന്നിവ പൂരിപ്പിച്ച് **മാർച്ച് 10 - ാം** തിയ്യതിക്കു മുമ്പ് ജ്ഞാനനിലയത്തിൽ കിട്ടത്തക്കവിധം ആയച്ചുതരേണ്ടതാണ്.

10, 12 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ Pass Port Size Photo (Photo യുടെ പിറകിൽ മാമ്മോദീസാ പേര് എഴുതണം) ഫോംനോടുപ്പം ആയച്ചുതരേണ്ടതാണ്.

1 -12 ക്ലാസ്സുകളിലേയ്ക്കുള്ള ചോദ്യക്കടലാസ്സുകൾ കന്നട, മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ ലഭിക്കുന്നതായിരിക്കും.

• **സമ്മർ ക്ലാസ്**

ഈ വർഷത്തെ സമ്മർ ക്ലാസുകൾ 2019 ഏപ്രിൽ മാസം 11,12 തിയതികളിൽ, രാവിലെ 10.00 മണി മുതൽ വൈകുന്നേരം 4.00 മണിവരെ ആയിരിക്കും.



**പരീക്ഷ സുഗമമായി നടത്തുന്നതിനുവേണ്ട ഏതാനം നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.**

1. പരീക്ഷാ സമയം 10.00 മണി മുതൽ 1.00 മണിവരെയായിരിക്കും. സമയത്തിന് ഒരു മാറ്റവും വരുത്താൻ പാടില്ല.
2. ഫൊറോന വികാരി ഓരോ ഇടവകയ്ക്കും നിയമിച്ചിരിക്കുന്ന സൂപ്പർവൈസർമാർ തങ്ങളുടെ സെന്ററിൽ രാവിലെ 9.30-നു മുമ്പായി എത്തി, അവിടുത്തെ ബഹു. വികാരിയച്ചനെ നേരിൽകണ്ട് വന്ന വിവരം അറിയിച്ചിരിക്കണം
3. ചോദ്യക്കടലാസ് പായ്ക്കറ്റ് പരീക്ഷയ്ക്ക് 15 മിനിറ്റ് മുമ്പ് സൂപ്പർവൈസർമാരുടെ സാന്നിദ്ധ്യത്തിൽ മാത്രമേ തുറക്കാവു.
4. സ്കോളർഷിപ്പ് പരീക്ഷ എഴുതുന്ന കുട്ടികൾ ഉത്തരക്കടലാസ്സിൽ വിശ്വാസപരിശീലന കേന്ദ്രത്തിൽനിന്നും നൽകിയിരിക്കുന്ന രജിസ്റ്റർ നമ്പറും ക്ലാസ്സും മാത്രമാണ് എഴുതേണ്ടത്.
5. ഉത്തരക്കടലാസ്സുകൾ രജിസ്റ്റർ നമ്പറിന്റെ ക്രമത്തിൽ അടുക്കി, ക്ലാസടിസ്ഥാനത്തിൽ (4,7,10,12) പായ്ക്കു ചെയ്തു ഏപ്രിൽ 21 -ാം തീയ്യതിക്കുള്ളിൽ വിശ്വാസപരിശീലന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.
6. രജിസ്റ്റർ ഷീറ്റിൽ, പരീക്ഷക്ക് ആബ്സെന്റ ആയവരുടെ പേരിന്റെ മുൻപിൽ ആബ്സെന്റ് കോളത്തിൽ 'എ' (A) എന്ന് മാർക്ക് ചെയ്തിരിക്കണം.
7. സ്കോളർഷിപ്പ് പരീക്ഷ എഴുതുന്ന അതായത് 4, 7, 10, 12 ക്ലാസ്സുകളിലെ കുട്ടികൾക്ക് രൂപതാ കേന്ദ്രത്തിൽ നിന്ന് നൽകിയിരിക്കുന്ന ഒരു പ്രധാന ഉത്തരക്കടലാസും ഇടവകയുടെ സീൽ അടിച്ച അഡിഷണൽ ഉത്തരക്കടലാസ്സുകളുമാണ് നൽകേണ്ടത്.

• **വിശ്വാസപരിശീലന വാർഷിക പരീക്ഷ സൂപ്പർവൈസർമാർ:**

ഫൊറോനാ വികാരിമാരാണ് പരീക്ഷാ സൂപ്പർവൈസർമാരെ നിയമിക്കുന്നത്. മാർച്ച് 30-ന് മുമ്പ് ഓരോ ഇടവകയിലേയ്ക്കുമുള്ള സൂപ്പർവൈസരുടെ പേരുവിവരങ്ങൾ (കോൺടാക്ട് നമ്പറും) രൂപതാ കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

• ക്രിസ്റ്റീൻ ധ്യാനം:

ഈ വർഷം ഏപ്രിൽ **22, 23, 24 തീയതികളിൽ 4 മുതൽ 12 വരെ** ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ജ്ഞാനനിലയത്തിൽ വച്ച് ക്രിസ്റ്റീൻ ധ്യാനം നടത്തുന്നതാണ്. ഇതിനുള്ള ഫീസ് 500 രൂപയാണ്. ധ്യാനം ഒന്നാം ദിവസം രാവിലെ 9.30 ന് ആരംഭിച്ച് അവസാന ദിവസം ഉച്ചക്ക് ഒരു മണിക്ക് സമാപിക്കുന്നതാണ്.

ധ്യാനത്തിനു വരുന്ന എല്ലാ കുട്ടികളും ബൈബിൾ, നോട്ട് ബുക്ക്, പേന, ബെഡ്ഷീറ്റ്, ടോയ്‌ലെറ്റ് സാമഗ്രികൾ മുതലായവ നിർബന്ധമായും കൊണ്ടുവരണം എന്നോർമ്മിപ്പിക്കുന്നു.

• **അൾത്താര ബാലന്മാരുടെ ക്യാമ്പ്:**

അൾത്താര ബാലന്മാർക്കുവേണ്ടിയുള്ള ഈ വർഷത്തെ പരിശീലന പരിപാടി **ഏപ്രിൽ 26-ാം തിയ്യതി 4 മണി മുതൽ 28-ാം തിയ്യതി ഒരു മണിവരെ ജ്ഞാനനിലയത്തിൽ**വച്ച് നടത്തപ്പെടുന്നതാണ്. ഈ ക്യാമ്പിൽ പങ്കെടുക്കുന്നവരുടെ പേരുവിവരങ്ങൾ മാർച്ച് 30-ാം തിയ്യതിക്കുള്ളിൽ രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു.

രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് 100 രൂപയായിരിക്കും.

എല്ലാ കുട്ടികളും ബൈബിൾ, കുർബാന പുസ്തകം, നോട്ട് ബുക്ക്, പേന, ബെഡ്ഷീറ്റ്, ടോയ്‌ലെറ്റ് സാമഗ്രികൾ മുതലായവ നിർബന്ധമായും കൊണ്ടുവരണം എന്നോർമ്മിപ്പിക്കുന്നു.

## ചെറുപുഷ്പ മിഷൻലീഗ്

• **ഓർത്തു ചെയ്യാൻ:**

ഈ മാർച്ച് മാസത്തിൽ പരീക്ഷ എഴുതുന്ന എല്ലാ കൂട്ടുകാർക്കുവേണ്ടി പ്രാർത്ഥിക്കുക. പരീക്ഷയിൽ കോപ്പിയടിക്കുകയോ അതിനു സഹായിക്കുകയോ ചെയ്യാതിരിക്കുക.

• **അനുസ്മരിക്കുന്ന തിരുനാൾ:**

വി. യോഹന്നാൻ (മാർച്ച് 8)
വി. പാട്രിക് (മാർച്ച് 17)

• സുകൃതജപം:

നീതിമാനായ വി. യൗസെപ്പിതാവേ ഞങ്ങളെ നീതിയിൽ വളർത്തണമെ.



• വചനം:

സ്വർഗത്തിന്റെ ദൈവം ഞങ്ങൾക്കു വിജയം നൽകും. (നെഹെ 2 : 20)

♦ **Mission Sunday Collection**

Guthigar - 4000.00
Katipalla - 6000.00
Nettana - 4000.00
Venur - 6130.00

♦ **Seminary Fund**

Gandibagilu - 2000.00
Kuthlur - 2000.00

തിരുബാലസഖ്യം

♦ **അനുസ്മരിക്കുന്ന തിരുനാൾ:**

വി. യൗസേപ്പ് (മാർച്ച് 19)
മംഗളവാർത്ത തിരുനാൾ (മാർച്ച് 25)

♦ **സുകൃതജപം:**

ഈശോയേ അങ്ങയുടെ നന്മകൊണ്ട് ഞങ്ങളെ നിറക്കണമെ.

♦ വചനം:

നിശ്ചയമായും നമ്മൾ വിജയം വരിക്കും (1 രാജ 20 : 25)

**ഫാ. ജോസഫ് മറ്റം**
രൂപതാ വിശ്വാസപരിശീലന ഡയറക്ടർ

# ಸಮಾಜ ಸೇವಾ ವಿಭಾಗ

**ನವಜೀವನ ಹೆಚ್.ಐ.ವಿ/ಏಡ್ಸ್ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ**

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್(ರಿ) ಸಂಸ್ಥೆಯು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮತ್ತು ಭಾದಿತರಿಗೋಸ್ಕರ ಬೆಂಬಲ ನೀಡುವ ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸುತ್ತಿದ್ದು 120 ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ವ್ಯಕ್ತಿಗಳನ್ನು ಹಾಗೂ 40 ಸೋಂಕಿತ ಮಕ್ಕಳನ್ನು ಗುರುತಿಸಿ ಅವರಿಗೆ ಮಾನಸಿಕ ಸ್ಥೈರ್ಯ ನೀಡುವ ಕೆಲಸವನ್ನು ಮಾಡುತ್ತಿದೆ.

ದಿನಾಂಕ 19.01.19 ರಂದು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ವ್ಯಕ್ತಿಗಳ ಮಾಸಿಕ ಬೆಂಬಲ ಸಭೆ ಹಾಗೂ ಆರೋಗ್ಯ ಮತ್ತು ಸ್ವಚ್ಚತೆ ಬಗ್ಗೆ ಮಾಹಿತಿಯನ್ನು ಸಾನ್ ತೋಮ್ ಟವರ್ ಬೆಳ್ತಂಗಡಿ ಇಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ನವಚೈತನ್ಯ ಸಂಘದ ಅಧ್ಯಕ್ಷೆ ಶ್ರೀಮತಿ ಲಲಿತ ಇವರು ಕಾರ್ಯಕ್ರಮದ ಅಧ್ಯಕ್ಷತೆಯನ್ನು ವಹಿಸಿದ್ದರು. ಸಂಸ್ಥೆಯ ಸಹಾಯಕ ನಿರ್ದೇಶಕರಾಗಿರುವ ವಂ ಫಾ। ಬಿನೋಯ್ ರವರು ಉಪಸ್ಥಿತರಿದ್ದು ಶುಭವನ್ನು ಹಾರೈಸಿದರು. ಶ್ರೀ ಮಾರ್ಕ್ ಡಿ ಸೋಜರವರು ಮಾಹಿತಿಯನ್ನು ನೀಡಿದರು. ಸಂಯೋಜಕಿ ಸಿಸಿಲ್ಯಾ ತಾವ್ರೊ ಉಪಸ್ಥಿತರಿದ್ದರು. ಅರ್ಥಿಗಳಿಗೆ ಪೌಷ್ಟಿಕಾಹಾರ ವಿತರಿಸಲಾಯಿತು. ಒಟ್ಟು 21 ಮಂದಿ ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 16.02.19 ರಂದು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ವ್ಯಕ್ತಿಗಳ ಮಾಸಿಕ ಬೆಂಬಲ ಸಭೆ ಹಾಗೂ ಸರಕಾರಿ ಸೌಲಭ್ಯಗಳ ಕುರಿತು ಮಾಹಿತಿಯನ್ನು ಸಾನ್ ತೋಮ್ ಟವರ್ ಬೆಳ್ತಂಗಡಿ ಇಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ನವಚೈತನ್ಯ ಸಂಘದ ಅಧ್ಯಕ್ಷೆ ಶ್ರೀಮತಿ ಲಲಿತ ಇವರು ಕಾರ್ಯಕ್ರಮದ ಅಧ್ಯಕ್ಷತೆಯನ್ನು ವಹಿಸಿದ್ದರು. ಸಂಸ್ಥೆಯ ಸಹಾಯಕ ನಿರ್ದೇಶಕರಾಗಿರುವ ವಂ ಫಾ। ಬಿನೋಯ್ ರವರು ಉಪಸ್ಥಿತರಿದ್ದು ಶುಭವನ್ನು ಹಾರೈಸಿದರು. ಸಂಯೋಜಕರಾದ ಶ್ರೀ ಸುನಿಲ್‌ರವರು ಮಾಹಿತಿಯನ್ನು ನೀಡಿದರು. ಅರ್ಥಿಗಳಿಗೆ ಪೌಷ್ಟಿಕಾಹಾರ ವಿತರಿಸಲಾಯಿತು. ಒಟ್ಟು 36 ಮಂದಿ ಭಾಗವಹಿಸಿದ್ದರು.

**ಸ್ಟ್ರೈಕ್ ಸುರಕ್ಷಾ ಯೋಜನೆ**

ಈ ಯೋಜನೆಯನ್ನು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮಕ್ಕಳ ಆರೋಗ್ಯ ಸುಧಾರಣೆ, ಪೌಷ್ಟಿಕಾಹಾರ ಪೂರೈಕೆ ಮತ್ತು ಶಿಕ್ಷಣಕ್ಕೆ ನೆರವು ನೀಡುವ ಉದ್ದೇಶದಿಂದ ಸರಸ್ಥೆ ಮಟ್ಟದಲ್ಲಿ ಅನುಷ್ಠಾನಗೊಳಿಸಿದ್ದು ಸೋಂಕಿತ ಮಕ್ಕಳ ಅಭಿವೃದ್ದಿ ಮತ್ತು ಅವರನ್ನು ಸಮಾಜದ ಮುಖ್ಯ ವಾಹಿನಿಗೆ ತರುವುದು ಈ ಯೋಜನೆಯ ಮುಖ್ಯಉದ್ದೇಶವಾಗಿದೆ.

ಜನವರಿ ಹಾಗೂ ಫೆಬ್ರವರಿ ತಿಂಗಳಲ್ಲಿ ರೂ. 66000/- ಧನಸಹಾಯವನ್ನು ನೀಡಿದ್ದು ಪೌಷ್ಟಿಕಾಹಾರ ವಿತರಣೆ, ಮಕ್ಕಳಿಗೆ ಶಿಕ್ಷಣಕ್ಕೆ ನೆರವು ಹಾಗೂ ವೈದ್ಯಕೀಯ ಚಿಕಿತ್ಸೆಗಾಗಿ ಸಹಕಾರಿಯಾಗಿದೆ.



**ಸಮೃದ್ಧಿ ಯೋಜನೆ**

ಈ ಯೋಜನೆಯು ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರು ನೇತೃತ್ವದಲ್ಲಿ ಸ್ವ ಸಹಾಯ ಸಂಘದ ಮಹಿಳೆಯರಿಗೆ ಆದಾಯೋತ್ಪನ್ನ ಕಾರ್ಯಕ್ರಮಗಳಿಗಾಗಿ ಸಾಲ ಕೊಡುವ ಯೋಜನೆಯಾಗಿದೆ. ಜನವರಿ ತಿಂಗಳಲ್ಲಿ ಉಳಿಪ್ಪು ಕ್ಷೇತ್ರದ 11 ಸದಸ್ಯರಿಗೆ ರೂ 275000/- ಸಾಲ ನೀಡಲಾಗಿದೆ.

**ಸುರಕ್ಷಾ ಯೋಜನೆ**

ದಿನಾಂಕ 31.1.2019 ರಂದು ನೆರಿಯ ಸುರಕ್ಷಾ ಕಾರ್ಯಕಾರಿ ಸಮಿತಿಯ ಸಭೆಯು ನೆರಿಯ ಪಂಚಾಯತ್ ಸಭಾ ಭವನದಲ್ಲಿ ನಡೆಯಿತು. ಈ ಸಭೆಯಲ್ಲಿ ವಿಶ್ವ ಕ್ಯಾನ್ಸರ್ ದಿನದ ಪ್ರಯುಕ್ತ ಫೆಬ್ರವರಿ ತಿಂಗಳ ದಿನಾಂಕ 17 ರಂದು ನೆರಿಯದಲ್ಲಿ ಆಯೋಜಿಸಿದ ಕ್ಯಾನ್ಸರ್ ತಪಾಸಣಾ ಶಿಬಿರದ ಬಗ್ಗೆ ಚರ್ಚೆ ನಡೆಯಿತು.

ದಿನಾಂಕ 4.2.2019 ರಂದು ವಿಶ್ವ ಕ್ಯಾನ್ಸರ್ ದಿನದ ಪ್ರಯುಕ್ತ ಸಂತ ತೋಮಸ್ ಕಾಲೇಜಿನ ಯೂನಿಕ್ ಎಜ್ಯುಸ್ಕಿಲ್ಸ್ ವಿದ್ಯಾರ್ಥಿಗಳಿಗೆ ಕ್ಯಾನ್ಸರ್ ರೋಗದ ಬಗ್ಗೆ ಅರಿವು ಮೂಡಿಸುವ ಕಾರ್ಯಕ್ರಮ ನಡೆಯಿತು. ಲಾಯಿಲ ಜ್ಯೋತಿ ಆಸ್ಪತ್ರೆಯ ವೈದ್ಯಾಧಿಕಾರಿಯಾದ ಡಾ। ಸಿ. ಅನುಜಾರವರು ಮಾಹಿತಿ ನೀಡಿದರು.

ದಿನಾಂಕ 17.2.2019 ರಂದು ಸುರಕ್ಷಾ ಕಾರ್ಯಕಾರಿ ಸಮಿತಿ ನೆರಿಯ ನೇತೃತ್ವದಲ್ಲಿ ಎ.ಜೆ ಆಸ್ಪತ್ರೆ ಮಂಗಳೂರು, ಇಂಡಿಯನ್ ಕ್ಯಾನ್ಸರ್ ಸೊಸೈಟಿ, ನೆರಿಯ ಗ್ರಾಮ ಪಂಚಾಯತ್. ಸಿ.ಎ ಬ್ಯಾಂಕ್ ಮುಂಡಾಜೆ, ಸಂತ ತೋಮಸ್ ಚರ್ಚ್ ಗಂಡಿಬಾಗಿಲು, ಶ್ರೀ ಉಮಾಪಂಚಲಿಂಗೇಶ್ವರ ಭಜನಾ ಮಂದಿರ ಗಂಡಿಬಾಗಿಲು, ಶ್ರೀ ಅಯ್ಯಪ್ಪ ಭಜನಾ ಮಂದಿರ ನೆರಿಯ, ಬದ್ರಿಯ ಜುಮಾ ಮಸೀದಿ ನೆರಿಯ, ಸಂತ ತೋಮಸ್ ಕ್ರೆಡಿಟ್ ಯೂನಿಯನ್ ಗಂಡಿಬಾಗಿಲು, ಸಂತ ವಿನ್ಸೆಂಟ್ ಡಿ ಪಾವ್ಲ್ ಸೊಸೈಟಿ ಗಂಡಿಬಾಗಿಲು ಹಾಗೂ ದೇವಗಿರಿ, ರೋಟರಿ ಸಮುದಾಯ ದಳ ನೆರಿಯ ಘಟಕ, ಉದಯ ಮಹಾಸಂಘ ಗಂಡಿಬಾಗಿಲು, ಹಾಲು ಉತ್ಪಾದಕರ ಸಹಕಾರಿ ಸಂಘ ಗಂಡಿಬಾಗಿಲು ಹಾಗೂ ನೆರಿಯ ಹಾಗೂ ಕೆ.ಎಸ್.ಎಮ್.ಸಿ.ಎ ದೇವಗಿರಿ ಘಟಕ ಇ ಎಲ್ಲಾ ಸಂಘಟನೆಗಳ ಸಂಯುಕ್ತ ಆಶ್ರಯದಲ್ಲಿ ಬೃಹತ್ ಉಚಿತ ಕ್ಯಾನ್ಸರ್ ತಪಾಸಣಾ ಶಿಬಿರವು ನೆರಿಯ ಪ್ರಾಥಮಿಕ ಆರೋಗ್ಯ ಕೇಂದ್ರದಲ್ಲಿ ನಡೆಯಿತು. ಎ.ಜೆ ಆಸ್ಪತ್ರೆಯ ಖ್ಯಾತ ಕ್ಯಾನ್ಸರ್ ತಜ್ಞರಾದ ಡಾ॥ ಕೆ. ಕಮಲಾಕ್ಷ ಶೆಣೈರವರು ದೀಪ ಪ್ರಜ್ವಲನೆಗೈದು ಶಿಬಿರ ಉದ್ಘಾಟಿಸಿದರು. ತಾಲೂಕು ಪಂಚಾಯತ್ ಸ್ಥಾಯಿ ಸಮಿತಿಯ ಅಧ್ಯಕ್ಷರಾದ ಶ್ರೀ. ವಿ.ಟಿ. ಸೆಬಾಸ್ಟಿಯನ್‌ರವರು ಕ್ಯಾನ್ಸರ್ ರೋಗದ ಬಗ್ಗೆ ತಯಾರಿಸಿದ ಕರಪತ್ರವನ್ನು ಅನಾವರಣಗೊಳಿಸಿದರು. ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ। ಸ್ವಾ ಜೋಸ್ ಆಯಾಂಕುಡಿರವರು ಪ್ರಾಸ್ತಾವನೆಗೈದರು. ಸಮಿತಿಯ ಅಧ್ಯಕ್ಷರಾದ ಶ್ರೀ. ಬೇಬಿ ಚೆರಿಯನ್ ಸ್ವಾಗತಿಸಿದರು. ವೇದಿಕೆಯಲ್ಲಿ ನೆರಿಯ ಪಂಚಾಯತ್

ಉಪಾಧ್ಯಕ್ಷರಾದ ಶ್ರೀಮತಿ ಮಾಲತಿರವರು ಉಪಸ್ಥಿತರಿದ್ದರು. ಪಂಚಾಯತ್ ಅಧ್ಯಕ್ಷರಾದ ಶ್ರೀ ಪಿ. ಮಹಮ್ಮದ್‌ರವರು ಕಾರ್ಯಕ್ರಮದ ಸಭಾಧ್ಯಕ್ಷತೆ ವಹಿಸಿದ್ದರು.ಸಂಸ್ಥೆಯ ಸಿಬ್ಬಂದಿ ಕು. ಶುಭ ಕಾರ್ಯಕ್ರಮ ನಿರ್ವಹಿಸಿ, ಸಮಿತಿಯ ಕಾರ್ಯದರ್ಶಿ ಶ್ರೀಮತಿ ಪೂರ್ಣಿಮಾ ವಂದಿಸಿದರು. ಒಟ್ಟು 78 ಮಂದಿ ಈ ಶಿಬಿರದ ಪ್ರಯೋಜನ ಪಡೆದು ಕ್ಯಾನ್ಸರ್ ತಪಾಸಣೆಗೈದರು.

## ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮ

ಮಿಸರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್. ಡಿ.ಎಸ್.ಸಂಸ್ಥೆಯ ಮುಖಾಂತರ ಬೆಳ್ತಂಗಡಿ ಹಾಗೂ ಪುತ್ತೂರು ತಾಲೂಕುಗಳ ಆಯ್ದ 30 ಗ್ರಾಮಗಳಲ್ಲಿ ವ್ಯಾಪಿಸಿದೆ. ಒಟ್ಟು 123 ಮಹಿಳಾ ಸಂಘಗಳು, 8 ಮಹಾಸಂಘಗಳು ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು ಇವೆ. ಒಟ್ಟು 1411 ಮಂದಿ ಸದಸ್ಯರು ಕಾರ್ಯನಿರ್ವಹಿಸುತ್ತಿದ್ದಾರೆ.

ದಿನಾಂಕ 22.1.2019ರಂದು ಅಮೂಲ್ಯ ಮಹಾಸಂಘ ನೆಲ್ಯಾಡಿ ಇದರ ಸಭೆ ನಡೆಯಿತು. ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆತಯ ಸಂಯೋಜಕಿ ಕು.ಶುಭ ಸಾಂಕ್ರಾಮಿಕ ರೋಗಗಳು ಮತ್ತು ಅಸಾಂಕ್ರಾಮಿಕ ರೋಗಗಳ ಕುರಿತು ಮಾಹಿತಿ ನೀಡಿ ಕರಪತ್ರ ಹಂಚಿದರು. ಕಾರ್ಯಕರ್ತೆ ಎಲ್ಸಿ ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 23.1.2019ರಂದು ಬಾಗ್ಯೋದಯ ಮಹಾಸಂಘ ನೆಟ್ಟಣದ ಇದರ ವತಿಯಿಂದ ಮಹಿಳೆಯರಿಗೆ ಮಹಿಳಾ ದೌರ್ಜನ್ಯ ಕಾಯ್ದೆ ಮತ್ತು ಪೋಕ್ಸೋ ಕಾಯ್ದೆ ಕುರಿತು ತರಬೇತಿ ಕಾರ್ಯಕ್ರಮವನ್ನು ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆಯ ಸಂಯೋಜಕಿ ಕು. ಶುಭ ಮಾಹಿತಿ ನೀಡಿದರು. ಕಾರ್ಯಕರ್ತೆ ಸುಶೀಲ ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 29.1.2019 ಮತ್ತು 30.1.2019ರಂದು ರಾಷ್ಟ್ರೀಯ ಕಾರ್ಮಿಕ ಶಿಕ್ಷಣ ಅಭಿವೃದ್ಧಿ ಮಂಡಳಿ, ಕಾರ್ಮಿಕ ಮತ್ತು ಉದ್ಯೋಗ ಸಚಿವಾಲಯ, ಪ್ರಾದೇಶಿಕ ನಿರ್ದೇಶನಾಲಯ ಮಂಗಳೂರು ಇದರ ಸಹಯೋಗದೊಂದಿಗೆ ಬಾಗ್ಯೋದಯ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ವಿವಿಧ ಸರಕಾರಿ ಸೌಲಭ್ಯಗಳ ಕುರಿತು 2 ದಿನದ ತರಬೇತಿ ಕಾರ್ಯಾಗಾರವನ್ನು ನೆಟ್ಟಣದಲ್ಲಿ ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಸಭಾ ಕಾರ್ಯಕ್ರಮದ ಅಧ್ಯಕ್ಷತೆಯನ್ನು ಕಿರಣ್ ಮಹಿಳಾ ತಾಲೂಕು ಒಕ್ಕೂಟದ ಉಪಾಧ್ಯಕ್ಷತೆ ಶ್ರೀಮತಿ ಸ್ವಪ್ನಾ ದಿವಾಕರ್ ವಹಿಸಿದರು. ಮುಖ್ಯ ಅತಿಥಿಗಳಾಗಿ ಬಿಳಿನೆಲೆ ಗ್ರಾಮ ಪಂಚಾಯತ್‌ನ ಅಧ್ಯಕ್ಷರಾದ ಶ್ರೀಮತಿ ಶಾರದಾ ದಿನೇಶ್, ಸ್ಥಳೀಯ ಅಂಗನವಾಡಿ ಕಾರ್ಯಕರ್ತೆ ಮಲ್ಲಿಕ, ಸ.ಹಿ.ಪ್ರಾ. ಶಾಲೆಯ ಶಿಕ್ಷಕಿ ಶ್ರೀಮತಿ ವಾರಿಜ ಇವರು ಉಪಸ್ಥಿತರಿದ್ದರು. ಶ್ರೀ ಶಿವಬೋರಯ್ಯ, ಶಿಕ್ಷಣಧಿಕಾರಿ ರಾಷ್ಟ್ರೀಯ ಕಾರ್ಮಿಕ ಶಿಕ್ಷಣ ಅಭಿವೃದ್ಧಿ ಮಂಡಳಿ, ಕಾರ್ಮಿಕ ಮತ್ತು ಉದ್ಯೋಗ ಸಚಿವಾಲಯ ಇವರು ಮಾಹಿತಿ ನೀಡಿದರು. 40 ಸದಸ್ಯರು ಭಾಗವಹಿಸಿದರು.



ದಿನಾಂಕ 27.1.2019ರಂದು ಅಡ್ಡಹೊಳೆಯಲ್ಲಿ ಜ್ಞಾನಜ್ಯೋತಿ, ಜ್ಞಾನದೀಪಾ ಮತ್ತು ಅನುಗ್ರಹ ಸಂಘದ ಸದಸ್ಯರಿಗೆ ದಾಖಲಾತಿಯ ಕುರಿತು ಮಾಹಿತಿಯನ್ನು ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಎಲ್ಸಿ ಮಾಹಿತಿ ನಿಡಿದರು.

## ನವಜೀವನ ಆರೋಗ್ಯ ವಿಮೆ ಯೋಜನೆ

ಈ ತಿಂಗಳಲ್ಲಿ ಹೊಸದಾಗಿ 29 ಸದಸ್ಯರನ್ನು ಒಳಗೊಂಡ 9 ಕುಟುಂಬಗಳು ಹೊಸದಾಗಿ ಸೇರಿದ್ದಾರೆ. 3 ಸದಸ್ಯರು ಯೊಜನೆಯ ಪ್ರಯೋಜನ ಪಡೆದಿದ್ದಾರೆ.

## ಇತರ ಕಾರ್ಯಕ್ರಮಗಳು

ದಿನಾಂಕ 17–01–2019ರಂದು ಧರ್ಮಜ್ಯೋತಿ ಸಮಾಜ ಸೇವಾ ಸಂಸ್ಥೆ, ವಾಮಂಜೂರು ಇಲ್ಲಿ ಬಾಂದವ್ಯ ಸಭೆಯು ನಡೆಯಿತು. ಸಂಸ್ಥೆಯಿಂದ ಸಹಾಯಕ ನಿರ್ದೇಶಕರಾದ ವಂ। ಸ್ವಾ। ಬಿನೋಯ್ ಏ.ಜೆ ರವರು ಭಾಗವಹಿಸಿದ್ದರು.

## ಭಾವಪೂರ್ಣ ಶ್ರದ್ಧಾಂಜಲಿ

ಸುಮಾರು 10 ವರ್ಷಗಳಿಂದ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ಕಾರ್ಯಕ್ಷೇತ್ರಗಳಿಗೆ ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಯಾಗಿ ಆಗಮಿಸಿ ಪಂಚಾಯತ್ ರಾಜ್ ವ್ಯವಸ್ಥೆಯ ಬಗ್ಗೆ ಅನೇಕ ಜನಜಾಗೃತಿ ಕಾರ್ಯಕ್ರಮ ನೀಡಿದ ಅಡ್ವಕೇಟ್ ಶಿರ್ತಾಡಿ ವಿಲಿಯಂ ಪಿಂಟೋರವರು ಫೆಬ್ರವರಿ 17 ರಂದು ನಿಧನರಾಗಿರುವುದು ಅತೀವ ಬೇಸರದ ಸಂಗತಿ. ಅವರ ನಿಧನಕ್ಕೆ ಸಂಸ್ಥೆಯು ಖಿಷಾಧ ವ್ಯಕ್ತಪಡಿಸುತ್ತಾ ಅಗಲಿದ ಅವರ ದಿವ್ಯ ಆತ್ಮಕ್ಕೆ ಭಗವಂತನು ಚಿರಶಾಂತಿ ಕೊಟ್ಟು, ಅವರ ದುಃಖಿತಪ್ತ ಕುಟುಂಬಕ್ಕೆ ಸಾಂತ್ವನ ಕೋರುತ್ತೇವೆ.

**Fr. Joseph Ayamkudy**
Director , DKRDS

# ഫാമിലി അപ്പസ്തോലേറ്റ്

**1. ഏകദിന കൺവെൻഷൻ:**

2019 ഫെബ്രുവരി 16 -ാം തീയതി രാവിലെ 9.30 മുതൽ 4 മണി വരെ ജ്ഞാനനിലയത്തിൽ വച്ച് ഏകദിന കൺവെൻഷൻ നടത്തപ്പെട്ടു. ബ്ര. ജോബി (ഒല്ലൂർ) ക്ലാസ്സുകൾക്കു നേതൃത്വം നൽകി. ബഹു. ഫാ. മെൽബി ഒ.സി.ടി വി. ബലിയർപ്പിച്ചു. ബഹു. ഫാ തോമസ് പുതിയറ ആരാധനയ്ക്ക് നേതൃത്വം നൽകി.

**2. കൗൺസിലിംഗ് :**

കൺവെൻഷനോടനുബന്ധിച്ച് പേര് രജിസ്റ്റർ ചെയ്തവർക്ക് മി. അഗസ്റ്റിൻ, മി. ജോസ് എന്നിവർ കൗൺസിലിംഗ് നൽകി.

**3. വിവാഹ ഒരുക്ക സെമിനാർ :**

2019 മാർച്ച് 28 - ാം തിയതി 4 മണി മുതൽ 31 - ാം തിയതി 1 മണിവരെ ജ്ഞാനനിലയത്തിൽ വച്ച് വിവാഹ ഒരുക്ക സെമിനാർ നടത്തപ്പെടുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻക്കൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**4. ഏകദിന കൺവെൻഷൻ :**

2019 മാർച്ച് 16-ാം തിയതി രാവിലെ 9.30 മുതൽ 4 മണിവരെ ജ്ഞാനനിലയത്തിൽ വച്ച് ഏകദിന കൺവെൻഷനും കൗൺസിലിംഗും നടത്തപ്പെടുന്നു.

**5. തീർത്ഥാടനം :**

വലിയനോമ്പിനോടനുബന്ധിച്ച് 2019 ഏപ്രിൽ മാസത്തിൽ മലയാറ്റൂർ തീർത്ഥാടനം നടത്തപ്പെടുന്നു. വരുവാൻ ആഗ്രഹിക്കുന്നവർ മാർച്ച് 30 നു മുമ്പായി ഈ നമ്പറിലേക്ക് വിളിച്ച് ബുക്ക് ചെയ്യുക. **9480528966/ 9901226056 / 9901225422.**

# യൂത്ത് അപ്പസ്തോലേറ്റ്

**1. കൺവെൻഷൻ കപ്പ് :**

2019 ഒക്ടോബറിൽ നടത്തപ്പെടാൻപോകുന്ന കർണ്ണാടക സ്റ്റേറ്റ് കൺവെൻഷന്റെ ഭാഗമായി 2019 ഫെബ്രുവരി 9 -ാം തീയതി ധർമ്മസ്ഥല ഇടവകയിൽ വച്ച് സ്റ്റേറ്റ് ലെവൽ വോളിബോൾ, ത്രോബോൾ



മത്സരം നടത്തപ്പെട്ടു. കർണ്ണാടകയിലെ 8 രൂപതകളിൽ നിന്നുള്ള മത്സരാർത്ഥികൾ ഇതിൽ പങ്കെടുത്തു. പുത്തൂർ രൂപതയുടെ ഇടയൻ അഭി. മാർ ഗീവർഗ്ഗീസ് മാർ മക്കാരിയോസ് പിതാവ് കൺവെൻഷൻ കപ്പ് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ഐവാൻ ഡിസോസ (എം. എൽ. സി. മംഗളൂറു) ആശംസകളർപ്പിച്ചു. അഭി. മാർ ലോറൻസ് മുക്കുഴി പിതാവ് അദ്ധ്യക്ഷ പ്രസംഗം നടത്തി. വോളിബോൾ മത്സരത്തിൽ ഉഡുപ്പി ഒന്നാം സ്ഥാനവും, ചിക്കമഗളൂർ രണ്ടാം സ്ഥാനവും, ത്രോബോൾ മത്സരത്തിൽ ബെൽത്തംഗഡി ഒന്നാം സ്ഥാനവും, കാർവാർ രണ്ടാം സ്ഥാനവും, കരസ്ഥമാക്കി.

**2. ദി ലൈഫ് :**

2019 ഫെബ്രുവരി 16 - ാം തിയതി വൈകിട്ട് 4 മണിമുതൽ 17 -ാം തീയതി 4 മണിവരെ ജ്ഞാനനിലയത്തിൽ വച്ച് എസ്.എസ്.എൽ.സിയിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി ദി ലൈഫ് എന്ന പ്രോഗ്രാം നടത്തപ്പെട്ടു. ബഹു. ഫാ. ടോമി കള്ളികാട്ട് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ഇതിലൂടെ കുട്ടികൾക്ക് പരീക്ഷാ ഒരുക്ക ധ്യാനവും, ലൈഫ് ഓറിയന്റേഷൻ പരിപാടികളും, കൗൺസിലിംഗും നടത്തപ്പെട്ടു. മി. ജോബി (ഒല്ലൂർ) , ഫാ. സണ്ണി ആലപ്പാട്ട്, ഡോ. അബ്രാഹം ജേക്കബ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. ബഹു. ലോറൻസ് പൂണോലിൽ അച്ചൻ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. 100 കുട്ടികൾ പങ്കെടുത്തു.

**3. ദി ലൈഫ് :**

2019 മാർച്ച് 9- ാം തിയതി രാവിലെ 9.30 മുതൽ 11 -ാം തീയതി 2 മണിവരെ ജ്ഞാനനിലയത്തിൽ വച്ച് +1 ൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി ദി ലൈഫ് എന്ന പ്രോഗ്രാം നടത്തപ്പെടുന്നു. കുട്ടികളുടെ ആത്മീയ വളർച്ചയ്ക്ക് ഉതകുന്ന ക്ലാസ്സുകൾ, ലൈഫ് ഓറിയന്റേഷൻ പരിപാടികൾ, കൗൺസിലിംഗ്, എന്നിവ നടത്തപ്പെടുന്നു. ഇതിലേക്ക് കുട്ടികളെയെല്ലവരെയും നിർബന്ധമായും പറഞ്ഞയക്കുക. ഫീസ് 250 രൂപയാണ്.

**4. ഇടവകാതല തിരഞ്ഞെടുപ്പ് :**

2017-19 വർഷം ഇടവകാതലത്തിൽ സുദീർഘമായ സേവനം ചെയ്ത എല്ലാ ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ. 2019-2021 വർഷത്തേക്കുള്ള ഇടവകാതല ഭാരവാഹികളെ ഏപ്രിൽ മാസത്തിലും ഫൊറോനാതല ഭാരവാഹികളെ മെയ് മാസത്തിലും തിരഞ്ഞെടുക്കേണ്ടതാണ്. ഇടവകാതലത്തിൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജന

റൽസെക്രട്ടറി, സെക്രട്ടറി, ട്രഷറർ, കൗൺസിലർ മെയിൽ, കൗൺസിലർ ഫീമെയിൽ എന്നീ സ്ഥാനങ്ങളിലേയ്ക്ക് ഭാരവാഹികളെ തിരഞ്ഞെടുക്കുക.

## പിതൃവേദി

**എല്ലാവർക്കും വി.യൗസേപ്പിതാവിന്റെ തിരുന്നാൾ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.**

**1. പിതൃദിനാചരണം:**

വി.യൗസേപ്പിതാവിന്റെ തിരുന്നാളിനോടനുബന്ധിച്ച് മാർച്ച് 17-ാം തീയതി ഞായറാഴ്ച രൂപതയിലെ എല്ലാ ഇടവകകളിലും പിതൃദിനമായി ആഘോഷിക്കുന്നു. അന്നേ ദിനം പിതൃവേദി അംഗങ്ങൾ വി. കുർബ്ബാനക്ക് കാഴ്ചസമർപ്പണം, ഗാനശുശ്രൂഷ, അൾത്താര ശുശ്രൂഷ, എന്നിവയ്ക്ക് നേതൃത്വം നൽകുക. അതോടൊപ്പം പിതാക്കൾ ഒന്നുചേർന്ന് ഏതെങ്കിലും കാരുണ്യപ്രവൃത്തി ചെയ്യുന്നതു ഉചിതമായിരിക്കും.

**2. പിതൃവേദി ഇടവകാതല തിരഞ്ഞെടുപ്പ് :**

പിതൃവേദി സംഘടന നമ്മുടെ രൂപതയിൽ ഉദ്ഘാടനം ചെയ്യപ്പെട്ടിട്ട് ഒരു വർഷം പൂർത്തിയാകുകയാണ്. ഇടവകാതലത്തിൽ കോഡിനേറ്റർനേയും, അസ്സി. കോഡിനേറ്റർനേയും ഒരു വർഷത്തേക്ക് നിയമിക്കപ്പെട്ടിരുന്നു. അതിന്റെ കാലാവധി പൂർത്തിയാകുകയാണ്. എല്ലാവരുടേയും ആവശ്യപ്രകാരം പിതൃവേദി - സംഘടന, ഇടവക - ഫൊറോന-രൂപതാ തലങ്ങളിൽ ശക്തമാക്കുന്നതിനുവേണ്ടി അഞ്ചംഗ കമ്മിറ്റി തിരഞ്ഞെടുക്കേണ്ടതാണ്. ഏപ്രിൽ 28 -ാം തീയതിക്ക് മുമ്പ് ഇടവകാതലത്തിലും, മെയ് 28 -ാം തീയതിക്ക് മുമ്പായി ഫൊറോനാതലത്തിലും ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതാണ്. ഇടവക, ഫൊറോന തലങ്ങളിൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ എന്നീ സ്ഥാനങ്ങളിലേയ്ക്കാണ് ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടത്.



## മാതൃവേദി

**1. വനിതാ ദിന ആഘോഷം :**

2019 മാർച്ച് 8 - ാം തീയതി ലോക വനിതാ ദിനത്തോടനുബന്ധിച്ച് ഡി.കെ.ആർ.ഡി.എസ്. ന്റെയും, മാതൃവേദിയുടെയും ആഭിമുഖ്യത്തിൽ കക്കിഞ്ചയിൽ വച്ച് റാലിയും പൊതുസമ്മേളനവും നടത്തപ്പെടുന്നു. തോട്ടത്താടി ഫൊറോനയിലെ എല്ലാ ഇടവകകളിലെയും മാതൃവേദി അംഗങ്ങൾ പങ്കെടുത്ത് ഈ പരിപാടി വിജയിപ്പിക്കുക.

**2. ഇടവകാതല തിരഞ്ഞെടുപ്പ് :**

2017-19 വർഷം ഇടവകാതലത്തിൽ സുദീർഘമായ സേവനം ചെയ്ത എല്ലാ ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

2019-2021 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ ഏപ്രിൽ 30 -ാം തീയതിക്കു മുമ്പായി ഇടവകാ തലത്തിലും, മെയ് 30 -ാം തീയതിക്കു മുമ്പായി ഫൊറോനാതലത്തിലും തിരഞ്ഞെടുക്കുക.

**ഫാ.തോമസ് പുതിയറ**
ഡയറക്ടർ, ഫാമിലി അപ്പസ്തോലേറ്റ്

# ಮದಸೌಹಾರ್ದ ವೇದಿಕೆ
## ಶಾಂತಿಗಾಗಿ ನಡಿಗೆ




ಗಾಂಧೀಜಿಯವರ ಪುಣ್ಯತಿಥಿಯಂಗವಾಗಿ ಸೌಹಾರ್ದ ವೇದಿಕೆ ವತಿಯಿಂದ ಜನವರಿ 30ರಂದು ಬೆಳ್ತಂಗಡಿ ನಗರದಲ್ಲಿ ಶಾಂತಿಗಾಗಿ ನಡಿಗೆಯನ್ನು ಆಯೋಜಿಸಲಾಯಿತು. ಬೆಳ್ತಂಗಡಿ ಅಯ್ಯಪ್ಪ ದೇವಸ್ಥಾನದಿಂದ ಅಂಬೆಡ್ಕರ್ ಭವನದವರೆಗೆ ಕಾಲ್ನಡಿಗೆಯಲ್ಲಿ, ಮೆರವಣಿಗೆಯನ್ನು ನಡೆಸುವುದರ ಮೂಲಕ ಶಾಂತಿಯ, ಸಮಾಧಾನದ ಸಂದೇಶವನ್ನು ಸಾಮಾಜಕ್ಕೆ ರವಾನಿಸಲಾಯಿತು. ಸೌಹಾರ್ದ ವೇದಿಕೆ ಬೆಳ್ತಂಗಡಿ ಇದರ ಅಧ್ಯಕ್ಷರು ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯದ ಧರ್ಮಾಧ್ಯಕ್ಷರು ಆದ ಅತೀ ವಂದನೀಯ ಡಾ. ಲಾರೆನ್ಸ್ ಮುಕ್ಕುಯಿ, ಶ್ರೀ ಹರೀಶ್ ಕುಮಾರ್ ಎಂ.ಎಲ್.ಸಿ, ಶ್ರೀ ವಸಂತ ಬಂಗೇರ ಮಾಜಿ ಶಾಸಕರು ಬೆಳ್ತಂಗಡಿ, ಶ್ರೀ ಶ್ರೀಧರ್ ಜಿ. ಭಿಡೆ, ಶ್ರೀ ವಿಠಲ ಶೆಟ್ಟಿ, ಕಾಸಿಂ ಮಲ್ಲಿಗೆ ಮನೆ, ವಂದನೀಯ ಫಾ. ಜೋಸ್ ವಲಿಯಪರಂಬಿಲ್ ವಂದನೀಯ ಫಾ. ಬೊನ್ವೆಂಜರ್ ನಝ್ರುತ್, ಶ್ರೀ ಸೆಭಾಸ್ಟಿಯನ್ ಕೆ.ಕೆ., ವಂದನೀಯ ಫಾ.ಬಿನೋಯಿ ಜೋಸಫ್ ಸೌಹಾರ್ದವೇದಿಕೆ ಸಂಯೋಜಕರು, ಕೆ.ಎಸ್.ಎಂ.ಸಿ.ಎ, ಮತ್ತು ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಪದಾಧಿಕಾರಿಗಳು ಮುಂತಾದವರು ಬಾಗವಹಿಸಿದರು.

ಶಾಂತಿಗಾಗಿ ನಡಿಗೆ ಉದ್ಘಾಟಿಸಿದ ವಿಧಾನ ಪರಿಷತ್ ಶಾಸಕ ಹರೀಶ್ ಕುಮಾರ್ ಮಾತನಾಡಿ ಪ್ರೀತಿ, ಸಾಮರಸ್ಯದ ಬದುಕು, ದೇಶಕ್ಕೆ ಶಾಂತಿಯ ಸಂದೇಶ ನೀಡಿದವರು ಮಹಾತ್ಮಾಗಾಂಧೀಜಿಯವರು ಎಂದು ನೆನಪಿಸಿಕೊಂಡರು.





ಇತರರ ಸಂತೋಷಕ್ಕಾಗಿ ಮತ್ತು ಅವರ ಸುಂದರ ಬದುಕಿಗಾಗಿ ತನ್ನ ಸಂತೋಷವನ್ನು ತ್ಯಾಗವಮಾಡುವುದೆ ಅಹಿಂಸೆಯ ತತ್ವ ಎಂಬುದನ್ನು ತೋರಿಸಿಕೊಟ್ಟವರು ಮಹಾತ್ಮಾಗಾಂಧೀಜಿಯವರು ಎಂದು ಬೆಳ್ತಂಗಡಿ ಸೌಹಾರ್ದ ವೇದಿಕೆ ಅಧ್ಯಕ್ಷರು ಆಗಿರುವ ಕ್ರೈಸ್ತ ಧರ್ಮಪ್ರಾಂತ್ಯದ ಧರ್ಮಾಧ್ಯಕ್ಷರು ಬಿಷಪ್ ಲಾರೆನ್ಸ್ ಮುಕ್ಕುಯಿ ಹೇಳಿದರು. ಅಂಬೆಡ್ಕರ್ ಭವನದಲ್ಲಿ ನಡೆದ ಸಮಾರಂಭವನ್ನು ಉದ್ಘಾಟನೆ ಮಾಡಿ, ಇತರರ ಸುಂದರ ಬದುಕಿಗಾಗಿ ತನ್ನನ್ನೇ ಹಿಂಸೆಗೆ ಗುರಿಯಾಗಿಸಿದವರು ಗಾಂಧಿಜಿಯವರು ಎಂದು ನೆನಪಿಸಿದರು.

ಸೌಹಾರ್ದ ವೇದಿಕೆ ಉಪಾಧ್ಯಕ್ಷ ಶ್ರೀ ಶ್ರೀಧರ್ ಜಿ. ಭಿಡೆ ಸ್ವಾಗತಿಸಿ ಪ್ರಾಸ್ತವಿಕವಾಗಿ ಮಾತನಾಡಿದರು. ಕೆ.ಎಮ್. ಶ್ರೀನಾಥ್ ನಿರೂಪಿಸಿದರು. ಕಾರ್ಯದರ್ಶಿ ಬಿ. ವಿಠಲ ಶೆಟ್ಟಿ ಲ್ಯಾಲ ವಂದನಾರ್ಪಣೆಗೈದರು.

**ವಂದನೀಯ ಫಾ. ಬಿನೋಯ್ ಜೋಸಫ್**
ಸಂಚಾಲಕರು, ಸೌಹಾರ್ದ ವೇದಿಕೆ

## Lent: Thoughts from the Pope Benedict XVI

1. May every family and Christian community use well this time of Lent, in order to cast aside all that distracts the spirit, and grow in whatever nourishes the soul, increasing love for God and neighbour. I am thinking especially of a greater commitment to prayer, lectio divina , recourse to the Sacrament of Reconciliation and active participation in the Eucharist, above all Sunday Mass. (2009)
2. Fasting is a great help to avoid sin and all that leads to it. (2009)
3. True fasting, as the divine Master repeats elsewhere, is rather to do the will of the Heavenly Father, who "sees in secret, and will reward you" ( Mt 6,18). (2009)
4. If, therefore, Adam disobeyed the Lord's command, "of the tree of the knowledge of good and evil you shall not eat," the believer, through fasting, intends to submit himself humbly to God, trusting in His goodness and mercy. (2009)
5. Fasting certainly bring benefits to physical well-being, but for believers, it is, in the first place, a "therapy" to heal all that prevents them from conformity to the will of God. (2009)
6. May the authentic and perennial significance of this long held practice be rediscovered, and thus assist us to mortify our egoism and open our heart to love of God and neighbor, the first and greatest Commandment of the new Law and compendium of the entire Gospel (cf. Mt 22, 34-40). (2009)
7. The faithful practice of fasting contributes, moreover, to conferring unity to the whole person, body and soul, helping to avoid sin and grow in intimacy with the Lord. (2009)
8. Denying material food, which nourishes our body, nurtures an interior disposition to listen to Christ and be fed by His saving word. Through fasting and praying, we allow Him to come and satisfy the deepest hunger that we experience in the depths of our being: the hunger and thirst for God. (2009)

*Ref: Pope Benedict XVI's 2009 Message for Lent



# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽനിന്ന്

## ഫെബ്രുവരി 2019

1. വൈകുന്നേരം രൂപതക്കുവേണ്ടി തിരുപ്പട്ടം സ്വീകരിച്ച നവ വൈദികരുമായി കൂടികാഴ്ച നടത്തി.

2. രാവിലെ നവവൈദികരുമൊത്ത് കത്തീഡ്രൽ ദേവാലയത്തിൽ വി. ബലി അർപ്പിച്ചു.

4. San Thom Tower ൽ വച്ചു ഡി. കെ. ആർ. ഡി. എസിന്റെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

5. കുന്നോത്ത് മേജർ സെമിനാരി, കമ്മീഷൻ അംഗങ്ങളോടൊപ്പം സന്ദർശിച്ചു.

6. നിർമ്മലഗിരി (തലശ്ശേരി) സാൻ ജോസ് ഭവനത്തിൽ വിശ്രമ ജീവിതം നയിക്കുന്ന തിരുഹൃദയ സന്യാസിനി സഹോദരിമാരെ സന്ദർശിക്കുകയും വി. ബലിയർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം: മംഗലാപുരം ബിഷപ്സ് ഹൗസിൽ വച്ചു നടന്ന United Christian Foram മീറ്റിംഗിൽ പങ്കെടുത്തു.

7 -8 മൈനർ സെമിനാരി സന്ദർശിച്ച് വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസ്സ് എടുത്തു.

9. രാവിലെ ധർമ്മസ്ഥള ഇടവകയിൽ വച്ചു ICYM, SMYM ന്റെ നേതൃത്വത്തിൽ നടന്ന കർണ്ണാടക രൂപതാ യുവജങ്ങളുടെ കായിക മത്സരങ്ങൾ ഉദ്ഘാടനം ചെയ്തു. : വൈകുന്നേരം തോട്ടത്താടി വി. അന്തോണിസിന്റെ ഫോറോന ദേവാലയത്തിൽ ഇടവക തിരുനാളിനോടാനുബന്ധിച്ച് വി. ബലി അർപ്പിച്ച് സന്ദേശം നൽകി. ആഘോഷങ്ങളിൽ പങ്കെടുത്തു.

10 രാവിലെ തലശ്ശേരി അതിരൂപതയിലെ പടുപ്പ് വി. ഗീവ്വർഗ്ഗീസിന്റെ ഇടവകയിൽ ഇടവക തിരുനാളിനോടനുബന്ധിച്ച് വി. ബലി അർപ്പിച്ച് സന്ദേശം നൽകി. ആഘോഷങ്ങളിൽ പങ്കെടുത്തു.

11-14 മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വച്ചു നടന്ന സെമിനാറിൽ പങ്കെടുത്തു.

15 മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ Goodnes T.V ചാനലിൽ സന്ദേശം നല്കി.

19 വൈകുന്നേരം രൂപതാ കേന്ദ്രത്തിലും ജ്ഞാന നിലയത്തിലുമുള്ള വൈദികരുമൊത്ത് മാസധ്യാനത്തിൽ പങ്കെടുത്തു.

21 ബാംഗ്ലൂരിൽ വച്ച് നടന്ന KRCBC മീറ്റിംഗിൽ പങ്കെടുത്തു.

22 ബാംഗ്ലൂരിൽ വച്ച് നടന്ന CCK മീറ്റിംഗിൽ പങ്കെടുത്തു.

23 മൈസൂർ രൂപതാ ബൈബിൾ കൺവെൻഷനിൽ വി. കുർബ്ബാന അർപ്പിച്ച് സന്ദേശം നൽകി.

24 ദേവഗിരി പള്ളിയിൽ പുതുതായി നിർമ്മിച്ച സിമിത്തേരി കപ്പേളയുടെ വെഞ്ചരിപ്പും, നവീകരിച്ച മദ്ബഹയുടെ പുനർകൂദാശയും ചെയ്തു.

25 ഗണ്ടിബാഗ് സെന്റ് തോമസ് ഇടവകയിൽ വച്ച് കുംബ്ലുമുട്ടിൽ ശാന്റി - ദീപ ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നല്കി.

26 KET മീറ്റിംഗിൽ പങ്കെടുത്തു.

27. Hebri Farm സന്ദർശിച്ചു.

28 Byndoor Farm സന്ദർശിച്ചു.



# *Bishop's Diary*

## *March - 2019*



| | |
|---|---|
| 1 | Byndoor |
| 2-4 | Bangalore : KRST |
| 6 | Sauhardha Vedikhe |
| 8 | Morning : Kakkinje : DKRDS Programme |
| | Evening : Puttur : Minor Seminary |
| 9 | Puttur : Minor Seminary |
| 10-11 | Kalenja : Pastoral Visit |
| 12 | Kakkanad |
| 15 | Belthangady : Bishop's House : Monthly Recollection |
| 17 | Arla : Pastoral Visit |
| 18 | Morning : 10.00 *am* : D.K.R.D.S. Governing Body |
| | : 11.30 *am* : D.K.R.D.S. General Body |
| 19 | Engaged |
| 20-24 | Borimar |
| 26 | Bangalore |
| 27 | Siddapura (Kodagu) |
| 28-29 | Belthangady : Jnananilaya : MGC |
| 30 | Mangalore |
| 31 | Nellyady : Pastoral Visit |